കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 മാർച്ച്
വില ₹15


## ഈ ഭൂമിയാണെന്റെ ദേശം

എസ് ശാന്തി

## ലോകമണ്ണ് വർഷം

എസ് ശിവദാസ്






# മലാലയുടെ കഥ

രചന കെ എം ലെനിൻ

ചിത്രീകരണം ബാബുരാജൻ

**വായനാപ്രേമികൾക്കായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം. നോബൽ സമ്മാനജേതാവായ മലാലയുടെ കഥ കുട്ടികൾക്കായി പുറത്തിറക്കിയിരിക്കുന്നു.**

- പേജുകൾ 200
- വലിപ്പം ഡിമൈ 1/8
- വില 140രൂപ

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മാർച്ച് 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

# തളിര്

ഉള്ളടക്കം

## ഈ ഭൂമിയാണെന്റെ ദേശം 6



**എസ് ശാന്തി**

സ്ത്രീകളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും സജീവദൃഷ്ടാന്തമായ ചിലർ... അവരെക്കുറിച്ച്...

## മണ്ണിനെ സ്നേഹിക്കാം, മനുഷ്യനെ രക്ഷിക്കാം. 32

**എസ് ശിവദാസ്**

2015 International Year of Soils

ലോകമണ്ണ് വർഷമാണ് 2015. മണ്ണ് വർഷത്തിന് ഒരാമുഖം.

## അമ്മപ്പൂതവും കുട്ടിപ്പൂതവും 34

**ഗ്രേസി**

ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ പൂതത്തിന് അവസാനം സ്വന്തമായി ഒരു കുട്ടിയുണ്ടായി. മലകളും കുന്നുകളും തിന്നുന്ന ജെ സി ബികൾ വാഴുന്ന കാലത്ത് കുട്ടിപ്പൂതത്തിന് ഒരു പൂതി തോന്നി.



**മുന്നുര** ....................4
**ആനക്കാര്യം** ....................5
രാജീവ് എൻ ടി
**സ്കൂൾ ഡെയ്സ്** ....................12
രാജീവ് എൻ ടി
**കവിതാപരിചയം** ....................13
കുമാരനാശാൻ
**ചേട്ടൻ** ....................14
പ്രേംചന്ദ്
**സ്രാവുകൾ** ....................22
മനോജ് പി
**ജാതകകഥ** ....................28
വെങ്കി
**ആരോഗ്യം** ....................36
ഡോ. ബി പത്മകുമാർ
**തോറ്റകുട്ടി** ....................39
കെ കെ പല്ലശ്ശന
**പുസ്തകപരിചയം** ....................40
ഡോ. പി കെ രാജശേഖരൻ
**മാലിയും കുട്ടികളും** ....................44
ബി സി ഖാദർ
**മഹാഭാരതം** ....................46
സുഗതകുമാരി
**ഇളംതളിര്** ....................48
**ഉണ്ടാക്കാം** ....................50
**അക്ഷരചിത്രം** ....................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**


ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**സജി വി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: ആശ ആർ



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മണ്ണിനു ജീവനുണ്ട് എന്നു നിങ്ങൾക്കറിയാമോ? ഓരോപിടി മണ്ണിലും കോടിക്കണക്കിനു ജീവാണുക്കൾ അടങ്ങിയിരിക്കുന്നു. മനുഷ്യദൃഷ്ടികൾക്ക് അദൃശ്യമായവ. എന്നാൽ ശാസ്ത്രം യന്ത്രദൃഷ്ടികളിലൂടെ അവയെ നമുക്കു കാട്ടിത്തരുന്നു.

കുറച്ചു വർഷം മുമ്പ് ഒരു ദിവസം. പ്രകൃതിയുടെ നാശത്തെക്കുറിച്ചുള്ള കുറെ വാർത്തകൾ വായിച്ചു മനസ്സു മടുത്തിരിക്കുകയായിരുന്നു ഞാൻ. വംശനാശം വരുന്ന മരങ്ങൾ, സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ശലഭങ്ങൾ, തുമ്പികൾ ഇവയുടെയെല്ലാം കൂട്ടത്തിൽ ശാസ്ത്രജ്ഞർ ഒരു സത്യം കൂടെ വിളിച്ചുപറയുന്നു. മനുഷ്യാ, അഹങ്കരിക്കേണ്ട, ഇവയിൽ ഒരു ചെറുവംശം മാത്രമാണ് നീയും. ഡൈനോസറുകളെപ്പോലെ ഡോഡോ പ്പക്ഷിയെപ്പോലെ സഞ്ചാരിപ്രാവിനെ പ്പോലെ നീയും നാളെതുടച്ചുമാറ്റപ്പെടാം. സ്വയം രക്ഷിക്കുവാനുള്ള ബുദ്ധിയും കഴിവും നിനക്കു നൽകിയിട്ടുണ്ടെങ്കിലും സർവനാശകനായി സർവഭക്ഷകനായി നീ മാറിക്കഴിഞ്ഞിരിക്കുന്നു. പെരുകിപ്പെരുകി നീയി ഭൂമിയെ അവശയാക്കിയിരിക്കുന്നു. ജാഗ്രത...

ഭയത്തോടെയാണു ഞാനീ വാക്കുകൾ ശ്രദ്ധിച്ചിരുന്നത്. ഭൂമിയിൽ ജീവന്റെ അന്ത്യം സംഭവിക്കാൻ ഇനിയെത്രകാലം? അപ്പോഴിതാ

ടെലിവിഷൻ സ്ക്രീനിൽ ഒരു ചിത്രം തെളിയുന്നു. കടൽത്തീരത്തിലെ ഒരുപിടി മണൽ. സൂക്ഷമദർശിനിയിലൂടെ ആ മണൽ പ്രത്യക്ഷപ്പെട്ടപ്പോൾ അതിലിതാ നൂറുനൂറു അണുജീവികൾ!! അടുത്ത ദൃശ്യം ശൂന്യമായി പരന്നുകിടക്കുന്ന മണലാരണ്യത്തിന്റേത്. ഈ മണലിൽ ഒരുപിടി വാരി സൂക്ഷ്മദർശിനിയിലൂടെ പെരുക്കി കാട്ടിത്തരുന്നു. ഹാ! നിർജീവമെന്നു കരുതുന്ന മണൽക്കാട്ടിലെ മൊരി മണലിലും അനന്തമായ ജീവന്റെ കോടിക്കണക്കിനു തുടിപ്പുകൾ!! ചെറുചലനങ്ങൾ!! ഒരു പാറക്കഷണമെടുത്താലും ഉണങ്ങിയ ഒരു മരക്കൊമ്പെടുത്താലുമെല്ലാം അവയിലെല്ലാം ജീവകോടികൾ!!.... അപ്പോൾ മനുഷ്യനും മൃഗങ്ങളും പക്ഷികളുമെല്ലാം നശിച്ചാലും പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കും. അവയിൽ നിന്ന് പുതിയ ജൈവവംശങ്ങൾ ഉരുത്തിരിഞ്ഞു വരും നിശ്ചയം!

അതിനാൽ ജീവനെച്ചൊല്ലി ഭയപ്പെടുനൊന്നുമില്ല. പക്ഷേ മനുഷ്യനെച്ചൊല്ലി ഭയപ്പെടേണ്ടതുണ്ട്. നിങ്ങൾ, കുഞ്ഞുങ്ങൾ അതു മനസ്സിലാക്കി നിലനിൽപ്പിനു വേണ്ടി പ്രയത്നിക്കുവാൻ സജ്ജരാകണം.

ഒരുപിടി മണ്ണിനു ജീവനുണ്ട്. അതിൽ ഈശ്വരൻ, പ്രകൃതി, ബ്രഹ്മം അടങ്ങിയിരിക്കുന്നു. നിങ്ങൾക്ക് ഇതു മനസ്സിലാകുവാൻ പ്രായമായില്ലെന്നറിയാം. എങ്കിലും ഇത്രയും ഓർത്തുവെയ്ക്കുക.

സ്നേഹപൂർവം
**സുഗതകുമാരി.**


## ആനക്കാര്യം




രാജീവ് എൻ ടി
rajeevnt@hotmail.com



# ഈ ഭൂമിയാണെന്റെ ദേശം





എസ് ശാന്തി

**ചെമ്പല്ലിക്കുണ്ട് എന്ന തണ്ണീർത്തടത്തിലെ ഒരു തുരുത്തിലിരുന്ന് അവിടത്തെ പക്ഷികളുടെ സംരക്ഷകയായി മാറിയ നാരായണിയമ്മ, പ്ലാച്ചിമടയിലെ കുടിനീരുവറ്റിച്ച കമ്പനിക്കെതിരെ ജീവിതാവസാനം വരെ പോരാടിയ മയിലമ്മ, എൻഡോസൾഫാൻ കീടനാശിനി വരുത്തിയ ദുരന്തത്തിനെതിരെ പോരാടുന്ന ലീലാകുമാരി, ചാലക്കുടിപ്പുഴയുടെ ജീവനുവേണ്ടി പൊരുതുന്ന ഗീത, പേപ്പാറ അണക്കെട്ടുകാരണമുണ്ടായ കുടിയൊഴിപ്പിക്കലിനെതിരെ മരത്തിനു മുകളിൽ ഏറുമാടം കെട്ടി വർഷങ്ങളോളം സമരം ചെയ്ത അരുവിയാൾ...**

**'സ്ത്രീശാക്തീകരണം, മാനവ ശാക്തീകരണം: ഇതു വിഭാവനം ചെയ്യൂ, നടപ്പിലാക്കൂ' എന്ന സന്ദേശവുമായി മാർച്ച് 8 വനിതാദിനം വരുമ്പോൾ പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കാൻ പോരാടിയ, നാം മറക്കരുതാത്ത ചിലരെക്കുറിച്ച്...**

ഒരിടത്തൊരിടത്ത് ഒരു അമ്മയുണ്ടായിരുന്നു. ദൂരെയൊന്നുമല്ല, കണ്ണൂർജില്ലയിലെ ചെമ്പല്ലിക്കുണ്ട് തണ്ണീർത്തടത്തിലെ ഒരു ചെറിയ തുരുത്തിൽ. അവിടെ നമ്മുടെ അമ്മ ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. വാസ്തവത്തിൽ ഒറ്റയ്ക്കല്ല, കുറേ നായ്ക്കളും ആയിരക്കണക്കിനു നീർപ്പക്ഷികളും അമ്മയ്ക്ക് കൂട്ടിനുണ്ടായിരുന്നു. അമ്മയായിരുന്നു അവരുടെ കൂട്ടുകാരിയും സംരക്ഷകയും. തണ്ണീർത്തടത്തിന്റെ ഓരത്തു വളരുന്ന മരങ്ങളിലും കണ്ടൽസസ്യങ്ങളിലും തെങ്ങിലുമൊക്കെ അഭയം തേടുന്ന 170ൽ പരം ജാതിയിലുള്ള നീർപ്പക്ഷികളുടെ അമ്മയായിരുന്നു നമ്മുടെ നാരായണിയമ്മ. ഈ നൈസർഗിക ആവാസവ്യവസ്ഥയുടെ സമ്പന്നതയും അമൂല്യതയും സൗന്ദര്യവും സംരക്ഷിക്കുക നാരായണിയമ്മയുടെ ജീവിതദൗത്യം തന്നെയായിരുന്നു. ഓരോ പക്ഷിയെയും ഓമനപ്പേരുചൊല്ലി വിളിച്ചിരുന്ന ഈ അമ്മയ്ക്ക് നേരിടേണ്ടിവന്നത്

പക്ഷേ തോക്കുധാരികളായ പക്ഷിവേട്ടക്കാരെയും കായൽ നികത്തി റിസോർട്ടു പണിയാൻ വരുന്ന 'റിയൽ എസ്റ്റേറ്റു'കാരെയും കായലിൽ രാസവിഷങ്ങൾ കലക്കി കൃത്രിമമായി വാണിജ്യകൊഞ്ചു-മത്സ്യകൃഷി നടത്തുന്നവരെയുമായിരുന്നു.

കുളക്കോഴികളും കുളക്കൊക്കുകളും നീർകാക്കകളും കാടക്കോഴികളും ചാരമുണ്ടികളും വെള്ളരിക്കൊക്കുകളും മഴയൊച്ചുകളും എരണ്ടകളും വയൽക്കണ്ണന്മാരും മണൽക്കോഴികളും തുടങ്ങി ഒട്ടനവധി ജാതിയിലുള്ള നാട്ടുകാരും ദേശാടന ക്കാരുമായ ആയിരക്ക ണക്കിനു പക്ഷികളുടെ ആവാസവും അഭയകേന്ദ്രവുമാണ് ചെമ്പല്ലിക്കുണ്ട്. ഏഴിമലക്കുന്നുകൾക്കും മാടായിപ്പാറ പീഠഭൂമിക്കും ഇടയ്ക്കുള്ള കവ്വായിക്കായലിന്റെ തെക്കേ യറ്റത്താണ് ഈ ചെമ്പല്ലി ക്കുണ്ട് തണ്ണീർത്തടങ്ങൾ.

ഏതാനും പക്ഷി നിരീക്ഷകരും പ്രകൃതി സ്നേഹികളും സ്കൂൾ ഇക്കോക്ലബ് കുട്ടികളുമല്ലാതെ നാരായണിയമ്മയ്ക്ക് കൂട്ടുകാരായി ആരുമില്ല. മക്കളും ബന്ധുക്കളും ഈ അമ്മയുടെ മാതൃത്വം അംഗീകരിച്ചതുമില്ല.

''ഞാൻ മരിച്ചാൽ എന്റെ പക്ഷിക്കുഞ്ഞുങ്ങളെ രക്ഷിക്കാൻ ആരുണ്ടാവും?'' എന്നതായിരുന്നു ഈയിടെ സംസാരിച്ച നാരായണിയമ്മയുടെ ആധി. അവരുടെ ഉശിരൻ നായ്ക്കളുടെ കുര തന്നെ മതിയായിരുന്നു വേട്ടക്കാരെ തുരത്തിയോടിക്കാൻ. നായ്ക്കളുടെ പുറകേ ''ആരെടാ അത്, പക്ഷികളെ തൊട്ടുപോവരുത്'' എന്നലറിക്കൊണ്ട് നാരായണിയുണ്ടാവും. പാതിരാത്രിയിലും പകലു മെല്ലാം ഒരു യഥാർത്ഥ വന്യജീവിപരിപാലകയായി അതീവജാഗ്രതയോടെ ഈ അമ്മ ജീവിതത്തിന്റെ സായന്തനത്തിലും ഒറ്റയാൾപോരാട്ടം നടത്തി. നാരായണിയെ വളരെ കുറച്ചു പേർക്കേ അറിയൂ. പക്ഷേ നാമറിയാതെ എത്രയോ അമ്മമാർ സ്വന്തം കുഞ്ഞുങ്ങളുടെയോ മനുഷ്യക്കുഞ്ഞുങ്ങളുടെയോ മാത്രമല്ല, ജീവൻ ത്രസിക്കുന്ന എല്ലാ കുഞ്ഞുങ്ങളുടെയും മാതാക്കളായി ലോകത്തെല്ലാ യിടത്തുമുണ്ടാവും തീർച്ച.

## ഈ ഭൂമി നമ്മുടേതല്ല, നാം ഭൂമിയുടേതാണ്.

അമേരിന്ത്യാക്കാരനായ സിയാറ്റിൻ മൂപ്പൻ അമേരിക്കൻ പ്രസിഡന്റിനെ




നാരായണിയമ്മ



മയിലമ്മ



അരുവിയാൾ



ലീലാകുമാരിയമ്മ



ഗീത

ഴുതിയ സുപ്രസിദ്ധവും ഹൃദയഭേദകവുമായ കത്തിലെ ഈ ലളിതസുന്ദര ആശയം ലോകത്ത് എക്കാലവും നിരവധി സ്ത്രീകൾ മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ കൊച്ചുകേരളത്തിലും ഉണ്ട് ഇങ്ങനെയുള്ളവർ. പുഴയുടെ ജീവനുവേണ്ടി പൊരുതുന്ന ചാലക്കുടിപ്പുഴത്തടത്തിലെ പ്രാക്തനഗോത്രവംശജയായ ഗീതയും പ്ലാച്ചിമട കൊക്കോകോള ഫാക്ടറി കാരണമുണ്ടായ ജലമലിനീകരണപ്രശ്നത്തിനെതിരെ ശബ്ദമുയർത്തിയ മയിലമ്മ എന്ന ആദിവാസി സ്ത്രീയും കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവ് തോട്ടത്തിൽ എൻഡോസൾഫാൻ എന്ന മാരകകീടനാശിനി ഹെലിക്കോപ്റ്റർ വഴി 22 വർഷം തളിച്ചതു കൊണ്ടുണ്ടായ ദുരന്തത്തിന് അറുതിവരുത്താൻ പ്രവർത്തിക്കുന്ന ലീലാകുമാരിയമ്മയും കരമനയാറ്റിലെ പേപ്പാറ അണക്കെട്ട് കാരണമുണ്ടായ കുടിയൊഴിപ്പിക്കലിനെതിരെ ഏറുമാടം കെട്ടി മരത്തിനുമുകളിൽ വർഷങ്ങളോളം താമസിച്ച് സമരം ചെയ്ത കാണിക്കാരി അരുവിയാളും... ഇങ്ങനെയെത്രയെത്ര കഥകൾ! നശീകരണത്തിനെതിരെയുള്ള സമരങ്ങൾക്കപ്പുറം സഹനതയോടെ ഭൂമിയോടുള്ള സമീപനത്തിലും കൃഷിയിലും മാറ്റം വരുത്താനും വനപരിരക്ഷണത്തിലും മരം നടലിലും പരിസ്ഥിതി വിദ്യാഭ്യാസത്തിലുമൊക്കെ ആത്മസമർപ്പണത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രത്യാശ നൽകുന്ന നൂറുനൂറു കഥകൾ...

കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ പലയിടത്തും അനീതിക്കും നശീകരണത്തിനുമെതിരെ സ്ത്രീകൾ ഒരുമിച്ചിട്ടുണ്ട്. 300 വർഷം മുമ്പ് ആരവല്ലിക്കുന്നുകളിലെ മരംവെട്ടൽ തടയാൻ മരത്തെ കെട്ടിപ്പിടിച്ചു സമരം ചെയ്ത് അരുംകൊല ചെയ്യപ്പെട്ട അമൃതാദേവിയുടെയും കൂട്ടുകാരികളുടെയും 'ചിപ്പ്കോ ആന്ദോളൻ' നമുക്കറിയാം. ഈ പ്രസ്ഥാനം പിന്നീട് ഹിമാലയത്തിലെ സ്ത്രീകൾ നയിക്കുന്ന മഹാപരിരക്ഷണ പ്രസ്ഥാനമായി മാറി. നർമദാനദിയെ അണക്കെട്ടുകളിൽ നിന്നു രക്ഷിക്കാനും ഒഡീഷയിലെ നിയാമഗിരി പർവത നിരകളെ ബ്രിട്ടീഷ് വേദാന്ത കമ്പനിയുടെ ബോക്സൈറ്റ് ഖനനത്തിൽ നിന്നു രക്ഷിക്കാനും കൂടംകുളം ആണവനിലയം വരുത്തിയേക്കാവുന്ന ആണവദുരന്തത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കാനുമൊക്കെ പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും ഗ്രാമീണരും ആദിവാസികളുമൊക്കെയായ സ്ത്രീകളാണ്.

ഈ സ്ത്രീകളുടെ കഥകൾ നാമെന്തിനാണ് അറിയേണ്ടതെന്നോ? നാമെല്ലാമിന്ന് സ്വസ്ഥമായും സുഖമായും ജീവിക്കുന്നുണ്ടെങ്കിൽ അതിനുകാരണം നല്ലവരും ശക്തരുമായ നിരവധി സ്ത്രീകൾ കൂടിയാണ്. ലോകസമാധാനത്തിനുവേണ്ടിയും പരിസ്ഥിതി


ചിപ്കോ പ്രസ്ഥാനം

**ഈ സ്ത്രീകളുടെ കഥകൾ നാമെന്തിനാണ് അറിയേണ്ടതെന്നോ? നാമെല്ലാമിന്ന് സ്വസ്ഥമായും സുഖമായും ജീവിക്കുന്നുണ്ടെങ്കിൽ അതിനുകാരണം ലോകസമാധാനത്തിനു വേണ്ടിയും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയും പ്രവർത്തിക്കുന്ന നല്ലവരും ശക്തരുമായ നിരവധി സ്ത്രീകൾ കൂടിയാണ്.**

സംരക്ഷണത്തിനു വേണ്ടിയും പ്രവർത്തിക്കുന്നവരിൽ 60-80 ശതമാനം സ്ത്രീകളാണ്. പരിസ്ഥിതി ശാസ്ത്രജ്ഞരിലും സാമൂഹ്യപ്രതിബദ്ധതയുള്ള ഭൗതിക-രസതന്ത്ര-നരവംശ ശാസ്ത്രജ്ഞരിലും നിരവധി നിരവധി സ്ത്രീകളുണ്ട്. 1870 കളിൽ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ ശാസ്ത്രജ്ഞയായി പ്രവർത്തിച്ച എലൻ സ്വാളോ റിച്ചാർഡ്സ്, 1950 കളിൽ സമുദ്രജീവികളെക്കുറിച്ചും മാരകകീടനാശിനികളെക്കുറിച്ചും ഗവേഷണം നടത്തിയ റേച്ചൽ കാഴ്സൺ, മനുഷ്യസ്വഭാവത്തിന്റെ വേരുകൾ അന്വേഷിക്കുന്ന നരവംശ-ജീവശാസ്ത്രജ്ഞയായ ജേൻ ഗുഡാൾ, ആണവ മലിനീകരണത്തെക്കുറിച്ച് ആഗോളതലത്തിൽ ബോധവത്കരണ പ്രവർത്തനം നടത്തുന്ന ഹെലൻ കാൽഡികോട്ട്, 2012 ൽ അന്തരിച്ച റോസാലി ബർട്ടൽ.... എന്നിങ്ങനെ എത്രയെത്ര ശാസ്ത്രജ്ഞർ നമ്മുടെ ഭൂമിയെ സുന്ദരവും വാസയോഗ്യവുമാക്കി നിലനിർത്താൻ പ്രവർത്തിക്കുന്നു.! 738 ദിവസം 180 അടി ഉയരമുള്ള റെഡ്‌വുഡ് മരത്തിനുമകളിൽ താമസിച്ചു സമരം ചെയ്ത ജൂലിയ ബട്ടർഫ്ളൈയെ നമുക്ക് മറക്കാനാവുമോ?

## “ഞങ്ങൾ സ്ത്രീകളായതിനാൽ, ഈ ഭൂമിയാണ് ഞങ്ങളുടെ ദേശം”

നാടിനുവേണ്ടിയും വിശ്വാസങ്ങൾക്കുവേണ്ടിയും ജീവത്യാഗം ചെയ്യുന്ന പൊതു സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനശൈലിക്ക് വിപരീതമായി സ്ത്രീകൾ പ്രകൃതിക്കു വേണ്ടി ജീവിക്കാനാണ് തീരുമാനിക്കുന്നത്. അവർക്ക് പ്രത്യേകദേശമോ രാഷ്ട്രമോ കേവലമനുഷ്യാവകാശമോ വാദമോ ഇല്ല. മറിച്ച് എല്ലാ ജീവജാലങ്ങളുടെയും ഭൂമിയുടെയും ശാന്തമായ


എലൻ സ്വാളോ


ഹെലൻ കാൽഡികോട്ട്


റോസാലി ബർട്ടൽ


റേച്ചൽ കാഴ്സൺ

ആഹ്ലാദകരമായ നിലനിൽപ്പിനും സുസ്വരത (Harmony) യ്ക്കും വേണ്ടിയാണ് അവർ ശബ്ദമുയർത്തുന്നത്. ''സ്ത്രീകളായതുകൊണ്ടുതന്നെ ഈ ഭൂമി തന്നെയാണ് ഞങ്ങളുടെ ദേശം'' എന്നവർ സമർത്ഥിക്കുന്നു. ഇത്തരമൊരു സമഗ്രചിന്തയിലെത്താൻ സ്ത്രീകൾ ഒരു നൂറ്റാണ്ടിലേറെ കാലമെടുത്തിട്ടുണ്ടാവണം. എല്ലാത്തരത്തിലുള്ള ചൂഷണങ്ങളിൽ നിന്നും അതിക്രമത്തിൽ നിന്നും വിവേചനങ്ങളിൽ നിന്നുമുള്ള മോചനത്തിനായി സ്ത്രീകൾ



ജൂലിയ ബട്ടർഫ്ളൈ

കാലാകാലങ്ങളായി നടത്തിപ്പോരുന്ന സഹന സമരം ഇന്നും തുടരുന്നു. ഈ സമരങ്ങളുടെ ഓർമ പുതുക്കലിനും സ്ത്രീകൾ നേടിയ വിജയങ്ങൾ ആഘോഷിക്കാനും മനുഷ്യരാശിയുടെ തെറ്റുകൾ സ്ത്രീപക്ഷ രീതിയിൽ എങ്ങനെ തിരുത്താം എന്നാലോചിക്കാനുംവേണ്ടി ഒരു ദിനം. അതാണ് അന്താരാഷ്ട്ര വനിതാദിനം.

## മാർച്ച് 8 - അന്താരാഷ്ട്ര വനിതാദിനം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലം മുതലേ പാശ്ചാത്യലോകത്തെ പല പ്രദേശങ്ങളിലും പ്രകൃതിനശീകരണത്തിനെതിരെയും വോട്ടവകാശത്തിനായും

**എല്ലാത്തരത്തിലുള്ള ചൂഷണങ്ങളിൽ നിന്നും അതിക്രമത്തിൽ നിന്നും വിവേചനങ്ങളിൽ നിന്നുമുള്ള മോചനത്തിനായി സ്ത്രീകൾ കാലാകാലങ്ങളായി നടത്തിപ്പോരുന്ന സഹനസമരം ഇന്നും തുടരുന്നു. ഈ സമരങ്ങളുടെ ഓർമ പുതുക്കലിന് ഒരു ദിനം.**

ചൂഷണങ്ങൾക്കെതിരെയും സ്ത്രീകൾ ഒന്നിക്കാനും സമരം ചെയ്യാനും തുടങ്ങിയിരുന്നു. അതിദ്രുത വ്യവസായവൽകരണത്തിനും നഗരവൽക്കരണത്തിനുമൊപ്പം വന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങളും പരമ്പരാഗത മനുഷ്യസമൂഹങ്ങളുടെ ദാരിദ്ര്യവും ചൂഷണങ്ങളുടെ അതിക്രമങ്ങളും ചോദ്യം ചെയ്യാൻ സ്ത്രീകളാണ് ആദ്യം മുന്നോട്ടു വന്നത്.

- 1908ൽ ന്യായമായ വേതനത്തിനും വോട്ടവകാശത്തിനുമായി അമേരിക്കയിലെ ന്യൂയോർക്ക് സിറ്റിയിൽ 15,000 സ്ത്രീകൾ മാർച്ച് ചെയ്തതിനെത്തുടർന്ന് 1909 ൽ അമേരിക്കയിൽ ആദ്യത്തെ ദേശീയ വനിതാദിനം ആചരിക്കപ്പെട്ടു.
- 1910ൽ കോപ്പൻഹാഗനിൽ 17 രാഷ്ട്രങ്ങളിൽ നിന്നു വന്ന 100 തൊഴിലാളി സ്ത്രീകളും ഫിന്നിഷ് പാർലമെന്റിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട 3 സ്ത്രീകളും കൂടിയാണ് അന്താരാഷ്ട്രവനിതാദിനം എന്ന ആശയം മുന്നോട്ടുവച്ചത്.
- 1911 മാർച്ച് 19ന് ആസ്ട്രിയ, ഡെൻമാർക്ക്, ജർമനി, സ്വിറ്റ്സർലാൻഡ് എന്നീ രാജ്യങ്ങളിൽ അന്താരാഷ്ട്ര വനിതാദിനറാലികൾ നടന്നു. മൊത്തമായി 10 വർഷത്തിൽപ്പരം സ്ത്രീകളാണ് റാലികളിൽ





ജേൻ ഗുഡാൾ

പങ്കെടുത്തത്.

●ഈ റാലികൾ നടന്ന് ഒരാഴ്ചയ്ക്കകം 'ത്രികോണ വെടിവെയ്പ്പ്' (Triangle Firing) എന്നറിയപ്പെട്ട മഹാദുരന്തം ന്യൂയോർക്ക് സിറ്റിയിൽ നടന്നു. ഇറ്റലിയിൽ നിന്നു വന്നവരും ജൂതരുമടങ്ങിയ ദേശാടനത്തൊഴിലാളികളുടെ റാലിക്കെതിരെ സർക്കാർ നടത്തിയ വെടിവെയ്പ്പിൽ 140 സ്ത്രീകൾ മരിച്ചു. അമേരിക്കയിലെ തൊഴിൽ നിയമങ്ങളെയും വ്യാവസായികനയങ്ങളെയും നിർണായകമായി മാറ്റിയ ഈ ദുരന്തം സ്ത്രീ സമരങ്ങളെ കൂടുതൽ ശക്തമാക്കി.

●1913 ഒന്നാം ലോകമഹായുദ്ധത്തിനു തൊട്ടുമുമ്പുതന്നെ സ്ത്രീകൾ യുദ്ധവിരുദ്ധ ലോകസമാധാനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകാൻ തുടങ്ങി. 1913ൽ നിരവധി ചർച്ചകൾക്കു ശേഷം മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിക്കപ്പെട്ടു.



●1917-ൽ 'അന്നവും റോസാപ്പൂക്കളും' (Bread & Roses) എന്ന പേരിൽ റഷ്യൻ സ്ത്രീകൾ ഒരു ബൃഹത്പ്രചാരണം തുടങ്ങി. യുദ്ധത്തിൽ കൊല്ലപ്പെട്ട 20 ലക്ഷം റഷ്യൻ ഭടന്മാരുടെ ഓർമയ്ക്കായി തുടങ്ങിയ ഈ പ്രചാരണം ഒരു ഗംഭീര ആഗോളസമാധാന പ്രസ്ഥാനമായി വളർന്നു.

●1975-ൽ 189 ഭരണകൂടങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾക്കും സ്ത്രീപക്ഷകാഴ്ചപ്പാടിനും പ്രാധാന്യം നൽകുന്ന (Beijing Declaration and Platform for Action) എന്ന കർമ്മപദ്ധതിക്ക് രൂപം നൽകി. ഐക്യരാഷ്ട്രസഭ 1975 അന്താരാഷ്ട്ര വനിതാവർഷമായി ആചരിച്ചു.

●2015 - മേൽപ്പറഞ്ഞ ബീജിംഗ്പ്രഖ്യാപനത്തിന്റെ ഇരുപതാംവാർഷികം ആചരിക്കുന്ന 2015 ലെ വനിതാദിനത്തിന്റെ മുദ്രാവാക്യം 'സ്ത്രീശാക്തീകരണം, മാനവശാക്തീകരണം: ഇതു വിഭാവനം ചെയ്യൂ, നടപ്പിലാക്കൂ' എന്നാണ്.

ഈ ദിനം സ്ത്രീകളുടെ അവകാശദിനം മാത്രമല്ല. സ്ത്രീസൗഹാർദ്ദപരവും പ്രകൃതി പരിരക്ഷണപരവുമായി ചിന്തിക്കാൻ നമ്മെയെല്ലാം പ്രേരിപ്പിക്കുന്ന ഒരു ദിനം കൂടിയാണ്. നീതിയും സമാധാനവും സുസ്ഥിരതയും പുലരുന്ന സമത്വസുന്ദരമായ ലോകത്തിന്റെ വിഭാവനയും പുനഃസ്ഥാപനവുമാണ് നമ്മുടെ ജീവിതദൗത്യമാവേണ്ടത്.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



**കവിതാപരിചയം**

# വണ്ടിന്റെ പാട്ട്

(കമലാകാന്തന്റെ എന്ന മട്ട്)

**മഹാകവി കുമാരനാശാൻ**

കൊടുമുടിയിൽ കഴുകൻ വസിക്കട്ടെ
കൊടുതാം സിംഹം ഗുഹയിലും വാഴട്ടെ
വടിവേലും തങ്കക്കുന്നേ, നിൻ പൂത്തൊരീ-
നെടിയ കാടാർന്ന സാനുവിൽ മേവും ഞാൻ.

പതിച്ചിടാ നോട്ടം നാറും പിണങ്ങളിൽ
കുതിച്ചു നിർദ്ദയം കൊന്നിടാ ജീവിയെ,
പതിവായിക്കാട്ടിൽ കാലത്തുമന്തിക്കും
പുതിയ പൂ കണ്ടു നിൻപുകൾ വാഴ്ത്തും ഞാൻ


അഴകേറും പൂവിൽ നീയലിഞ്ഞേകും തേ-
നഴലെന്യേ നുകർന്നാനന്ദമാർന്നുടൻ,
ഒഴിയാതോലും മണമാർന്ന തെന്നലിൻ
വഴിയേ നിൻ പുകൾ പാടിപ്പറക്കും ഞാൻ.

മുകളിൽ സൂര്യനും ചന്ദ്രനും വന്നിരു-
ളകലുമാറു പരത്തും കതിരൂടെ
പകലും രാവും പൊന്നോമനക്കുന്നേ, നിൻ
സകല ശോഭയും കണ്ടു രസിക്കും ഞാൻ.

(നവംബർ 1915)

(മഹാകവി കുമാരനാശാന്റെ മനോഹരമായ ഒരു ചെറുകവിതയാണ് *വണ്ടിന്റെ പാട്ട്.* കേരളത്തിലെ എല്ലാ കുന്നുകളും മലകളും ജെ സി ബികൊണ്ട് ഇടിച്ചുനിരത്തുന്ന ഈ കാലഘട്ടത്തിൽ മഹാകവിയുടെ ഈ വാക്കുകൾ നമുക്ക് ഓർമിക്കാം. ഇതു വണ്ടിന്റെ പാട്ടു മാത്രമല്ല. കുഞ്ഞുങ്ങളുടെ വാക്കുമാണ്.)





വര: ബോബി എം പ്രഭ

കഥ

# ചേട്ടൻ

**പ്രേംചന്ദ്**

പുനരാഖ്യാനം
**പി മാധവൻപിള്ള**

## ഒന്ന്

എന്റെ ചേട്ടൻ എന്നെക്കാൾ അഞ്ചുവയസ്സ് മൂത്തതായിരുന്നു, എങ്കിലും ഞങ്ങൾ തമ്മിൽ വെറും മൂന്നു ക്ലാസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ പഠിത്തം തുടങ്ങിയ അതേ പ്രായത്തിലാണ് അദ്ദേഹവും പഠിച്ചുതുടങ്ങിയത്. എന്നാൽ വിദ്യാഭ്യാസം പോലെയുള്ള സുപ്രധാനവിഷയത്തിൽ തിടുക്കം കൂട്ടുന്നത് അദ്ദേഹത്തിനിഷ്ടമല്ലായിരുന്നു. കെട്ടിടത്തിന്റെ അടിത്തറ ബലമുള്ളതാക്കണമെന്ന് ചേട്ടൻ ആഗ്രഹിച്ചിരുന്നു. എന്നിട്ടുവേണം അതിന്മേൽ അതിവിശാലമായ കൊട്ടാരം പണിതുയർത്താൻ. ഒരു വർഷത്തെ ജോലി രണ്ടു വർഷംകൊണ്ടു തീർക്കുമായിരുന്നു. ചിലപ്പോൾ മൂന്നു വർഷം വേണ്ടിവരും. അടിസ്ഥാനം ഉറപ്പുള്ളതല്ലെങ്കിൽ കെട്ടിടം എങ്ങനെ ബലമുള്ളതാകും?

എനിക്ക് ഒൻപത് വയസ്സ് പ്രായം, അദ്ദേഹത്തിനു പതിന്നാലും. എനിക്കു മുന്നറിയിപ്പ് നൽകാനും മേൽനോട്ടം വഹിക്കാനുമുള്ള പൂർണ്ണവും ജന്മസിദ്ധവുമായ അധികാരം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആജ്ഞ നിയമമാണെന്നു മനസ്സിലാക്കുന്നതിലായിരുന്നു എന്റെ ശാലീനത.

അദ്ദേഹം എപ്പോഴും പഠിക്കും. എല്ലായ്പ്പോഴും പുസ്തകം തുറന്നു പിടിച്ചുകൊണ്ടിരിക്കും. ഇടയ്ക്ക് തലച്ചോറിനു വിശ്രമം നൽകാൻ വേണ്ടി നോട്ട് ബുക്കിലോ പുസ്തകത്തിന്റെ മാർജിനിലോ പക്ഷികളുടെയും നായ്ക്കളുടെയും പൂച്ചകളുടെയും ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. ചിലപ്പോൾ ഒരു പേരോ വാക്കോ വാക്യമോ പത്തും ഇരുപതും തവണ എഴുതുമായിരുന്നു. ചിലപ്പോൾ ഒരു കവിത പല തവണ സുന്ദരമായ അക്ഷരത്തിൽ പകർത്തി എഴുതും. ചിലപ്പോൾ ഒരർത്ഥവുമില്ലാത്ത, ഒരു പൊരുത്തവുമില്ലാത്ത വാക്കുകൾ എഴുതിക്കൊണ്ടിരിക്കും. ഉദാഹരണത്തിന് ഒരിക്കൽ അദ്ദേഹത്തിന്റെ നോട്ട് ബുക്കിൽ ഞാൻ ഇങ്ങനെ ഒരു ലേഖനം കണ്ടു – സ്പെഷൽ, അമീനാ, സഹോദരന്മാരേ, വാസ്തവത്തിൽ, സഹോ


വര: സുനിൽ അശോകപുരം

ദരന്മാർ, രാധേശ്യാം, ശ്രീമാൻ രാധേശ്യാം, ഒരു മണിക്കൂർ വരെ – അതു കഴിഞ്ഞ് ഒരു മനുഷ്യന്റെ മുഖം വരച്ചിരുന്നു. ഈ കടങ്കഥയുടെ അർത്ഥം കണ്ടെത്താൻ ഞാൻ വളരെ ശ്രമിച്ചു. എങ്കിലും വിജയിച്ചില്ല. അദ്ദേഹത്തോട് ചോദിക്കാൻ ധൈര്യമുണ്ടായില്ല. അദ്ദേഹം ഒൻപതാം ക്ലാസ്സിലായിരുന്നു, ഞാൻ അഞ്ചിലും. അദ്ദേഹത്തിന്റെ കൃതികൾ മനസ്സിലാക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം ദുഷ്കരമായിരുന്നു.

പഠിത്തത്തിൽ എനിക്ക് തീരെ താത്പര്യമില്ലായിരുന്നു. ഒരു മണിക്കൂർപോലും പുസ്തകവുമായി ഇരിക്കുന്നതു പ്രയാസമായിരുന്നു. അവസരം കിട്ടിയാലുടൻ ഹോസ്റ്റലിൽ നിന്നിറങ്ങി മൈതാനത്തെത്തും. ചിലപ്പോൾ ചരൽ പെറുക്കി എറിയും, ചിലപ്പോൾ കടലാസ് കൊണ്ടുണ്ടാക്കിയ ചിത്രശലഭം പറത്തും; ഏതെങ്കിലും കൂട്ടുകാരനെ കിട്ടിയാൽ പിന്നെ പറയാനുണ്ടോ? ചിലപ്പോൾ മതിലിൽ കയറി താഴേക്കു ചാടും, ചിലപ്പോൾ ഗേറ്റിൽ നിന്ന് സവാരി ചെയ്യും, ഗേറ്റ് മുമ്പോട്ടും പിറകോട്ടും ചലിപ്പിച്ച് കാറോടിക്കുന്ന രസം അനുഭവിക്കും. എന്നാൽ മുറിയിലെത്തുമ്പോൾ ചേട്ടന്റെ രൗദ്രരൂപം കണ്ട് ഉത്സാഹം നശിക്കും. അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യം 'എവിടെയായിരുന്നു?' എപ്പോഴും ഇതേ ചോദ്യം, ഇതേ ധ്വനി. അതിന് എന്റെ മറുപടി മൗനം മാത്രം. പുറത്തു കളിക്കുകയായിരുന്നു എന്ന മറുപടി എന്റെ വായിൽ നിന്നു പുറത്തു വരാത്തതെന്തെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ കുറ്റം സമ്മതിക്കുന്നു എന്നാണ് എന്റെ മൗനത്തിന്റെ സൂചന. സ്നേഹവും രോഷവും കലർന്ന വാക്കുകളിൽ എന്നെ സൽക്കരിക്കുകയല്ലാതെ ചേട്ടന് മറ്റൊരു ചികിത്സയും നടത്താനില്ലായിരുന്നു.

'ഈ മട്ടിൽ ഇംഗ്ലീഷ് പഠിക്കുകയാണെങ്കിൽ ജീവിതകാലം മുഴുവൻ പഠിച്ചുകൊണ്ടിരിക്കും, ഒരക്ഷരം പോലും പിടികിട്ടുകയില്ല. ഇംഗ്ലീഷ് പഠിക്കുന്നത് കളിതമാശയല്ല, ഏതവനും പഠിക്കാവുന്നതുമല്ല. അങ്ങനെയായിരുന്നെങ്കിൽ ഏത് അണ്ടനും അടകോടനും ഇംഗ്ലീഷിൽ പാണ്ഡിത്യം നേടുമായിരുന്നു. രാപ്പകൽ കണ്ണും തുറന്നിരുന്ന്, രക്തം ആവിയാക്കിയാലേ ഈ വിദ്യ കൈയിൽ ഒതുങ്ങൂ. കൈയിൽ ഒതുങ്ങുകയെന്നു പറഞ്ഞാൽ, സംസാരിക്കാൻ എന്നു സാരം. വലിയ വലിയ വിദ്വാന്മാർക്കുപോലും ശുദ്ധമായ ഇംഗ്ലീഷ് എഴുതാൻ സാധിക്കുന്നില്ല, സംസാരിക്കുന്ന കാര്യം പറയാനില്ല. നീ എത്ര മടയനാണ്, എന്നെ കണ്ടിട്ടും പാഠം പഠിക്കുന്നില്ല. ഞാനെത്ര പ്രയത്നിക്കുന്നുണ്ടെന്ന് നീ സ്വന്തം കണ്ണുകൊണ്ടു കാണുന്നതല്ലേ? കാണുന്നില്ലെങ്കിൽ അതു നിന്റെ കണ്ണിന്റെ ദോഷം, ബുദ്ധിയുടെ തകരാറ്. എത്രയും മേളകളും കലാപരിപാടികളും നടക്കുന്നു. ഏതിനെങ്കിലും ഞാൻ പോകുന്നതു നീ കണ്ടിട്ടുണ്ടോ? ദിവസവും ക്രിക്കറ്റ്-ഹോക്കി മാച്ചുകൾ നടക്കുന്നു. ഞാൻ ആ വഴിക്കു പോവുകയേയില്ല. എപ്പോഴും പഠിച്ചുകൊണ്ടിരിക്കും. എന്നിട്ടും ഓരോ ക്ലാസ്സിലും രണ്ടും മൂന്നും കൊല്ലം കിടക്കുന്നു. നീ ഇങ്ങനെ കളിച്ചു നടന്ന് സമയം പാഴാക്കുകയാണെങ്കിൽ ജയിക്കുമെന്ന് എങ്ങനെ പ്രതീക്ഷിക്കും? എനിക്കേ രണ്ടോ മൂന്നോ വർഷം വേണ്ടി വരുന്നു. നീ ആയുഷ്കാലം ഈ ക്ലാസ്സിൽ കിടന്നഴുകും. ഇങ്ങനെ ആയുസ്സ് പാഴാക്കാനാണെങ്കിൽ വീട്ടിൽ പോയി കുട്ടിയും കോലും കളിച്ചു നടക്കുന്നതാണ് ഭേദം. അച്ഛൻ കഷ്ടപ്പെട്ടുണ്ടാക്കിയ രൂപ നശിപ്പിക്കുന്നതെന്തിന്?'

ഈ ശകാരം കേട്ട് ഞാൻ കണ്ണുനീരൊഴുക്കാൻ തുടങ്ങും. എന്തു മറുപടി പറയും? ഞാൻ തെറ്റു ചെയ്തെങ്കിലും ശകാരം സഹിക്കുന്നതെങ്ങനെ? ചേട്ടൻ ഉപദേശിക്കുന്നതിൽ നിപുണനായിരുന്നു. മർമ്മത്തിൽ കൊള്ളുന്ന വാക്കുകൾ, സൂക്തശരങ്ങൾ. എന്റെ ഹൃദയം നുറുങ്ങും, ധൈര്യം ചോർന്നുപോകും. ഇത്തരത്തിൽ പ്രാണൻ കളഞ്ഞ് പ്രയത്നിക്കാനുള്ള ശക്തി എനിക്കില്ല. ആ നിരാശയിൽ

**പഠിത്തത്തിൽ എനിക്ക് തീരെ താത്പര്യമില്ലായിരുന്നു. ഒരു മണിക്കൂർപോലും പുസ്തകവുമായി ഇരിക്കുന്നതു പ്രയാസമായിരുന്നു. അവസരം കിട്ടിയാലുടൻ ഹോസ്റ്റലിൽ നിന്നിറങ്ങി മൈതാനത്തെത്തും. ചിലപ്പോൾ ചരൽ പെറുക്കി എറിയും, ചിലപ്പോൾ ഗേറ്റിൽ നിന്ന് സവാരി ചെയ്യും, ഗേറ്റ് മുമ്പോട്ടും പിറകോട്ടും ചലിപ്പിച്ച് കാറോടിക്കുന്ന രസം അനുഭവിക്കും.**

ഞാൻ അല്പനേരത്തേക്ക് ആലോചിക്കും. വീട്ടിൽ തിരിച്ചു പോയാലോ? എന്റെ കഴിവിനപ്പുറമുള്ള ജോലി ചെയ്യാൻ പുറപ്പെട്ട് ജീവിതം തുലയ്ക്കുന്നതെന്തിന്? എനിക്കു മടിയനായി കഴിയുന്നത് സ്വീകാര്യമായിരുന്നു, എന്നാൽ അത്രയും പരിശ്രമം! എനിക്ക് തലകറങ്ങുന്നതുപോലെ തോന്നും. എങ്കിലും ഒന്നുരണ്ട് മണിക്കൂറിനു ശേഷം നൈരാശ്യത്തിന്റെ മേഘങ്ങൾ അകന്നു പോകും. ഇനിമുതൽ നന്നായി മനസ്സിരുത്തി പഠിക്കുമെന്നു തീരുമാനിക്കും. പെട്ടെന്ന് ഒരു ടൈംടേബിൾ തയ്യാറാക്കും. മുൻകൂട്ടി ഒരു രൂപരേഖ ഉണ്ടാക്കാതെ, ഒരു സ്കീം തയ്യാറാക്കാതെ ജോലി എങ്ങനെ തുടങ്ങും? ടൈംടേബിളിൽ കളികൾക്ക് സ്ഥാനമില്ല. രാവിലെ എഴുന്നേൽക്കുക, ആറുമണിക്ക് കൈയും മുഖവും കഴുകി, ലഘുഭക്ഷണം കഴിച്ച് പഠിക്കാനിരിക്കുക. ആറ് മുതൽ എട്ടുവരെ ഇംഗ്ലീഷ്, എട്ട് മുതൽ ഒമ്പതുവരെ കണക്ക്, ഒമ്പതുമുതൽ ഒമ്പതരവരെ ചരിത്രം. പിന്നെ ഭക്ഷണം കഴിച്ചിട്ട് സ്കൂളിൽ പോകുക. മൂന്നരമണിക്ക് സ്കൂളിൽ നിന്നു വന്നിട്ട് അരമണിക്കൂർ വിശ്രമം. നാലുമുതൽ അഞ്ചുവരെ ഭൂമിശാസ്ത്രം, അഞ്ചു മുതൽ ആറുവരെ ഗ്രാമർ. ശേഷം അരമണിക്കൂർ ഹോസ്റ്റലിനു മുമ്പിൽ ഉലാത്തൽ. ആറര മുതൽ ഏഴുവരെ ഇംഗ്ലീഷ് കോമ്പസിഷൻ, പിന്നീട് ആഹാരം കഴിച്ചിട്ട് എട്ടുമുതൽ ഒൻപതുവരെ തർജമ, ഒൻപത് മുതൽ പത്ത് വരെ ഹിന്ദി. തീർന്നില്ല പത്ത് മുതൽ പതിനൊന്നു വരെ വിവിധ വിഷയങ്ങൾ, തുടർന്ന് ഉറക്കം.

പക്ഷേ, ടൈംടേബിൾ തയ്യാറാക്കുന്നതുപോലെ അത്ര എളുപ്പമല്ല അത് പ്രായോഗികമാക്കുന്നത്. ആദ്യദിവസംതന്നെ അതിനെ അവഗണിച്ചു തുടങ്ങും. മൈതാനത്തിലെ സുഖകരമായ പച്ചപ്പ്, ഇളംകാറ്റ്, ഫുട്ബാളിലെ കുതിക്കൽ, കബഡിയിലെ അടവുകൾ, വോളിബാളിലെ വേഗം – ഇവ അജ്ഞാതവും അനിവാര്യവുമായ രീതിയിൽ എന്നെ വലിച്ചുകൊണ്ടുപോകും. അവിടെ ചെന്നാലോ, ഞാനെല്ലാം മറക്കും. ജീവനൊടുക്കുന്ന ആ ടൈംടേബിൾ, കണ്ണുപൊട്ടിക്കുന്ന പുസ്തകങ്ങൾ – ഒന്നും ഓർമ വരികയില്ല. ചേട്ടന് സദുപദേശം നൽകാനുള്ള അവസരം കിട്ടും. ഞാൻ അദ്ദേഹത്തിന്റെ നിഴലിൽ നിന്ന് ഓടിയകലും, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ നിന്ന് അകന്നു നില്ക്കാൻ ശ്രമിക്കും. ചേട്ടൻ അറിയാതിരിക്കാൻ കാലൊച്ച കേൾപ്പിക്കാതെ മുറിയിൽ പ്രവേശിക്കും. അപ്പോൾ അദ്ദേഹം എന്റെ നേർക്കുനോക്കിയാൽ എന്റെ പ്രാണൻ പോകും. എപ്പോഴും തലയ്ക്കു മുകളിൽ ഒരു വാൾ തൂങ്ങിക്കിടക്കുന്നതായി തോന്നും. മരണത്തിനും വിപത്തിനുമിടയിൽപോലും മനുഷ്യൻ മായാമോഹങ്ങളുടെ ബന്ധനത്തിൽ പെട്ടു കിടക്കാറില്ലേ. അതുപോലെ എനിക്കും ശകാരവും ഭീഷണിയുമെല്ലാം സഹിക്കേണ്ടിവന്നാലും കളി വേണ്ടെന്നു വയ്ക്കുക സാധ്യമല്ലായിരുന്നു.

**പക്ഷേ, ടൈംടേബിൾ തയ്യാറാക്കുന്നതുപോലെ അത്ര എളുപ്പമല്ല അത് പ്രായോഗികമാക്കുന്നത്. ആദ്യദിവസംതന്നെ അതിനെ അവഗണിച്ചു തുടങ്ങും. മൈതാനത്തിലെ സുഖകരമായ പച്ചപ്പ്, ഇളംകാറ്റ്, ഫുട്ബാളിലെ കുതിക്കൽ, കബഡിയിലെ അടവുകൾ, വോളിബാളിലെ വേഗം - ഇവ അജ്ഞാതവും അനിവാര്യവുമായ രീതിയിൽ എന്നെ വലിച്ചുകൊണ്ടുപോകും.**

## രണ്ട്

വാർഷിക പരീക്ഷ കഴിഞ്ഞു. ചേട്ടൻ തോറ്റു, ഞാൻ ജയിച്ചു – ക്ലാസ്സിൽ ഒന്നാമനായി. എനിക്കും അദ്ദേഹത്തിനുമിടയിൽ വെറും രണ്ടു വർഷത്തെ വ്യത്യാസം മാത്രമായി. ചേട്ടനെ കൈയോടെ പിടികൂടിയാലോ എന്ന വിചാരം മനസ്സിലുയർന്നു– അങ്ങയുടെ കഠിനതപസ്സ് എവിടെപ്പോയി? എന്നെ നോക്ക്, കളിച്ചു രസിച്ചു നടന്നു, ക്ലാസ്സിൽ ഒന്നാമനുമായി. പക്ഷേ അദ്ദേഹം ദുഃഖിതനും വിഷാദമഗ്നനുമായിരുന്നു. എനിക്ക് അദ്ദേഹത്തോട് ആത്മാർത്ഥമായ സഹതാപം തോന്നി. അദ്ദേഹത്തെ കൂടുതൽ ദുഃഖിപ്പിക്കണമെന്ന വിചാരം തന്നെ ലജ്ജാകരമാണെന്ന് എനിക്കു തോന്നി. ഇപ്പോൾ എനിക്ക് അല്പം ആത്മാഭിമാനം വർദ്ധിച്ചു. ചേട്ടന് എന്റെ മേലുണ്ടായിരുന്ന ആധിപത്യം ഇല്ലാതായി. ഞാൻ സ്വാതന്ത്ര്യത്തോടെ കളികളിൽ പങ്കെടുത്തു തുടങ്ങി. മനസ്സ് ദൃഢമായി. ഇനി എന്നെ ഉപദേശിക്കാൻ തുടങ്ങിയാൽ സ്പഷ്ടമായി പറയും, ‘ചേട്ടൻ അത്യദ്ധ്വാനം ചെയ്തിട്ട് എന്തു നേട്ടമുണ്ടാക്കി? ഞാൻ കളി

ച്ചുനടന്ന് ക്ലാസ്സിൽ ഒന്നാമനായി.' നാവിലൂടെ ഈ ഔദ്ധത്യം അറിയിക്കാൻ ധൈര്യമില്ലായിരുന്നെങ്കിലും എന്റെ ചലനങ്ങൾ കൊണ്ട് ചേട്ടനോട് ഭയമില്ലെന്ന് വെളിപ്പെടുന്നുണ്ടായിരുന്നു.

ചേട്ടൻ അത് ഊഹിച്ചെടുത്തു. അദ്ദേഹത്തിന് സഹജബുദ്ധി വളരെ തീവ്രമായിരുന്നു. ഒരു ദിവസം രാവിലെ മുഴുവൻ സമയവും ഞാൻ കുട്ടിയും കോലും കളിച്ചശേഷം ആഹാരം കഴിക്കാനെത്തിയപ്പോൾ ചേട്ടൻ വാളെടുത്ത് വീശിക്കൊണ്ട് എന്റെ മേൽ ചാടി വീണു. 'ഇക്കൊല്ലം പാസ്സായി, ക്ലാസ്സിൽ ഒന്നാമനുമായപ്പോൾ നിനക്ക് അഹങ്കാരം കൂടിയത് ഞാൻ കാണുന്നുണ്ട്. പക്ഷേ അനിയാ, അഹങ്കാരം വലിയവർക്കുപോലും വിനയായിട്ടുണ്ട്; പിന്നെ നിന്റെ കാര്യം പറയണോ? ഇതിഹാസത്തിൽ രാവണന്റെ അവസ്ഥ വായിച്ചിട്ടുണ്ടാകുമല്ലോ. അയാളുടെ സ്വഭാവത്തിൽ നിന്ന് നീ എന്തുപദേശമാണ് കൈക്കൊണ്ടത്? അതോ വെറുതേ വായിച്ചതേ ഉള്ളോ? പരീക്ഷ പാസ്സാകുന്നത് മാത്രം ഒരു വലിയ കാര്യമല്ല, ബുദ്ധിവികാസമാണ് യഥാർത്ഥ സംഗതി. എന്തു പഠിച്ചാലും അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കണം. രാവണൻ ഭൂമണ്ഡലത്തിന്റെ അധിപനായിരുന്നു. അങ്ങനെയുള്ള രാജാക്കന്മാരെ ചക്രവർത്തി എന്നു വിളിക്കുന്നു. ഇക്കാലത്ത് ബ്രിട്ടീഷുകാരുടെ രാജ്യവിസ്തൃതി വളരെ വർദ്ധിച്ചിട്ടുണ്ട്, പക്ഷേ, അവരെ ചക്രവർത്തി എന്നു വിളിക്കാൻ പറ്റുകയില്ല. ലോകത്ത് അനേകം രാഷ്ട്രങ്ങൾ ബ്രിട്ടീഷാധിപത്യം അംഗീകരിക്കുന്നില്ല. അവർ തീർത്തും സ്വതന്ത്രരാണ്. രാവണൻ ചക്രവർത്തിയായിരുന്നു, ലോകത്തിലെ എല്ലാ രാജാക്കൻമാരും അയാൾക്ക് കരം കൊടുത്തിരുന്നു. ദേവന്മാർ പോലും അയാൾക്ക് ദാസ്യവൃത്തി ചെയ്തിരുന്നു. എന്നിട്ട് അയാളുടെ അന്ത്യം എങ്ങനെയായി? അഹങ്കാരം അയാളെ നാമാവശേഷനാക്കി. അയാൾക്ക് ഒരു കവിൾ വെള്ളം കൊടുക്കാൻ ഒരാൾ പോലും അവശേഷിച്ചില്ല. മനുഷ്യൻ മറ്റെന്ത് ദുഷ്കർമ്മം വേണമെങ്കിലും ചെയ്യട്ടെ, പക്ഷേ, അഹങ്കരിക്കാൻ പാടില്ല; ഞെളിയരുത്. അഹങ്കരിച്ചോ - ഈ ലോകവും പരലോകവും നഷ്ടമാകും. സാത്താന്റെ കഥ വായിച്ചുകാണും. തന്നെക്കവിഞ്ഞ് യഥാർത്ഥ ഈശ്വരഭക്തൻ ആരുമില്ലെന്ന് അവൻ അഹങ്കരിച്ചു. ഒടുവിലെന്തുണ്ടായി? സ്വർഗ്ഗത്തിൽ നിന്ന് നരകത്തിലേക്ക് തള്ളിയിടപ്പെട്ടു. റോമാചക്രവർത്തിയും ഒരിക്കൽ അഹങ്കരിച്ചു. ഭിക്ഷ യാചിച്ച് മരിച്ചു. നീ ഇപ്പോൾ ഒരു ക്ലാസ്സിൽ ജയിച്ചതേയുള്ളൂ, അപ്പോഴേക്ക് നിന്റെ തല തിരിഞ്ഞാൽ മുമ്പോട്ടുള്ള പഠിത്തം നടന്നതു തന്നെ! നീ സ്വന്തം പരിശ്രമം കൊണ്ട് പാസ്സായതാണെന്നു വിചാരിക്കരുത്. പൊട്ടക്കണ്ണന്റെ മാവേലേറ് പോലെയാണ്. പക്ഷേ അത് എപ്പോഴും ഫലിക്കണമെന്നില്ല. കുട്ടിയും കോലും കളിക്കുമ്പോൾ ചിലപ്പോൾ കണ്ണടച്ച് എറിഞ്ഞാലും ഉന്നത്തിൽ കൊള്ളും. അതുകൊണ്ട് മാത്രം ഒരാൾ സമർത്ഥനായ



കളിക്കാരനാകണമെന്നില്ല. ഒറ്റ ഉന്നവും പിഴയ്ക്കാത്തവനാണ് സമർത്ഥനായ കളിക്കാരൻ. ഞാൻ തോറ്റെന്നു വിചാരിച്ച് മിടുക്കനാകണ്ടാ. എന്റെ ക്ലാസ്സിൽ വരുമ്പോൾ കഷ്ടപ്പെടും. ആൾജിബ്രയും ജ്യോമെട്രിയും കടുകട്ടിയാണ്. ബ്രിട്ടീഷ് ചരിത്രം പഠിക്കണം. ചക്രവർത്തിമാരുടെ പേരുകൾ ഓർത്തുവയ്ക്കുക എളുപ്പമല്ല. എട്ടും പത്തും ഹെൻറിയുടെ കാലത്ത് എന്താണുണ്ടായതെന്ന് ഓർമ്മിച്ചെടുക്കുക എളുപ്പമാണെന്നു വിചാരിക്കുന്നോ? ഹെൻറി ഏഴാമന്റെ സ്ഥാനത്ത് ഹെൻറി എട്ടാമന്റെ പേരെഴുതിയാൽ മാർക്ക് പോയി. പൂജ്യം പോലും കിട്ടുകയില്ല. നീ എന്താ വിചാരിക്കുന്നത്? ഡസൻ കണക്കിന് ജയിംസ്, ഡസൻ കണക്കിന് വില്യം, ഡസൻ കണക്കിന് ചാൾസ്! തലചുറ്റും. ചുഴലി ദീനമുണ്ടാകും. ആ ഭാഗ്യദോഷികൾക്ക് സ്വന്തമായി പേരുകൾ പോലുമില്ല. ഒരേ പേരിനു പിന്നിൽ രണ്ടാമൻ, മൂന്നാമൻ, നാലാമൻ, അഞ്ചാമൻ എന്നിങ്ങനെ ചേർത്തുകൊണ്ടിരിക്കും. എന്നോട് ചോദിച്ചിരുന്നെങ്കിൽ പത്തുലക്ഷം പേര് പറഞ്ഞുകൊടുക്കുമായിരുന്നു. ജ്യോമട്രിയുടെ കാര്യം, ദൈവം തന്നെ തുണ. എ ബി സി യുടെ സ്ഥാനത്ത് എ സി ബി എഴുതിയോ മുഴുവൻ മാർക്കും നഷ്ടപ്പെടും. എ ബി സിയും എ സി ബിയും തമ്മിലെന്ത് വ്യത്യാസം? വെറുതേ കുട്ടികളെ വധിക്കുന്നതെന്തിന് എന്ന് ദുഷ്ടന്മാരായ പരീക്ഷകരോട് ആരും ചോദിക്കുന്നില്ല. പരിപ്പും ചോറും ചപ്പാത്തിയും കഴിച്ചു എന്നോ ചോറും പരിപ്പും ചപ്പാത്തിയും കഴിച്ചു എന്നോ പറയുന്നതിലെന്തിരിക്കുന്നു. പക്ഷേ പരീക്ഷകന്മാർക്ക് അത് വകയല്ല. പുസ്തകത്തിൽ എഴുതിയിരിക്കുന്നത് മാത്രമേ അവർ കാണുകയുള്ളൂ. കുട്ടികൾ ഓരോ അക്ഷരവും ഉരുവിട്ടു പഠിക്കണമെന്നാണ് അവരാഗ്രഹിക്കുന്നത്. ഈ ഉരുവിടലിന്റെ പേരാണത്രേ വിദ്യാഭ്യാസം! വാലും തലയുമില്ലാത്ത ഈ കാര്യങ്ങൾ പഠിക്കുന്നതുകൊണ്ട് എന്തു പ്രയോജനം? ഈ രേഖയിൽ ലംബം പതിച്ചാൽ പാദം ലംബത്തിന്റെ ഇരട്ടിയായിരിക്കും. ഇതുകൊണ്ടെന്ത് പ്രയോജനം? ഇരട്ടിയല്ല, നാലിരട്ടി ആയിക്കോട്ടെ, അല്ലെങ്കിൽ പകുതി ആയിക്കോട്ടെ, എനിക്കെന്താ? പക്ഷേ പരീക്ഷ പാസ്സാകണമെങ്കിൽ ഈ വേണ്ടാതീനമൊക്കെ ഓർത്തുവയ്ക്കണം.

'സമയനിഷ്ഠയെപ്പറ്റി നാലുപുറത്തിൽ കുറയാത്ത ഒരു ഉപന്യാസമെഴുതണമെന്നു പറയും. ഉടനെ നിങ്ങൾ നോട്ട് ബുക്ക് തുറന്നുവച്ച് പേന കൈയിലെടുത്ത് അതിന്റെ പേരിൽ കരയുക. സമയനിഷ്ഠ വളരെ നല്ല കാര്യമാണെന്നും, അതു കാരണം മനുഷ്യന് ജീവിതത്തിൽ സംയമനം ഉണ്ടാകുമെന്നും, മറ്റുള്ളവർക്ക് അവനോട് സ്നേഹമുണ്ടാകുമെന്നും, അയാളുടെ പ്രവർത്തനങ്ങളിൽ ഉയർച്ചയുണ്ടാകുമെന്നും ആർക്കാണറിഞ്ഞുകൂടാത്തത്? പക്ഷേ ഈ ചെറിയ കാര്യത്തെപ്പറ്റി നാലു പുറം എഴുതുന്നതെങ്ങനെ? ഒറ്റ വാക്യത്തിൽ പറയാവുന്ന കാര്യം നാലു പുറത്ത് എഴുതേണ്ടയാവശ്യമെന്ത്? ഇത് വിവരക്കേടാണെന്നു ഞാൻ പറയും. ഇത് സമയലാഭമല്ല, സമയത്തിന്റെ ദുരുപയോഗമാണ്. മനുഷ്യനു പറയാനുള്ളത് 'ചടപടാ'ന്ന് പറഞ്ഞിട്ടു പോവുകയാണു വേണ്ടത്. പക്ഷേ പോരാ, നാലുപുറം തികയ്ക്കണം. എങ്ങനെ എഴുതിയാലും വേണ്ടില്ല, നാല് ഫുൾസ്കാപ് പേജ്! ഇത് വിദ്യാർത്ഥികളോടുള്ള അന്യായമല്ലെങ്കിൽ പിന്നെ എന്താണ്? അനർത്ഥം പിന്നെയുമുണ്ട് – സംക്ഷിപ്തമായി എഴുതുക. സമയനിഷ്ഠയെക്കുറിച്ച് സംക്ഷിപ്തമായി നാലു പുറത്തിൽ കുറയാതെ ഒരു ഉപന്യാസമെഴുതി. ശരി! സംക്ഷിപ്തമായി നാലുപുറം, അല്ലെങ്കിൽ ഒരു പക്ഷേ നൂറോ ഇരുന്നൂറോ പുറം എഴുതിക്കുമായിരുന്നു. വേഗത്തിൽ ഓടുക, പതുക്കെയും. വിരുദ്ധമായ കാര്യമല്ലേ? ബാലന്മാർക്കു പോലും ഈ കാര്യം മനസ്സിലാകും. എന്നാൽ അധ്യാപകർക്ക് അത്രയും ജ്ഞാനമില്ല. എന്നിട്ടും ഞങ്ങൾ അധ്യാപകരാണെന്നാണ് അവകാശവാദം. എന്റെ ക്ലാസ്സിലെത്തുമ്പോൾ ഈ കഷ്ടപ്പാടെല്ലാം അനുഭവിക്കേണ്ടിവരും, അപ്പോൾ യാഥാർത്ഥ്യം മനസ്സിലാകും. ഈ ക്ലാസ്സിൽ ഒന്നാമനായി ജയിച്ചപ്പോൾ കാല് നിലത്തല്ലാതായി. അതുകൊണ്ട് ഞാൻ പറയുന്നത് അനുസരിക്ക്. എത്ര തവണ തോറ്റാലും ഞാൻ നിന്നേക്കാൾ മൂത്തതാണ്. എനിക്ക് നിന്നേക്കാൾ കൂടുതൽ ലോകാനുഭവമുണ്ട്. ഞാൻ പറയുന്നത് മനസ്സിലുറപ്പിക്ക്, അല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടിവരും.'

സ്കൂൾ സമയം അടുത്തു, അല്ലായിരുന്നെങ്കിൽ ഈ ഉപദേശമാല എപ്പോൾ അവസാനിക്കുമായിരുന്നെന്ന് ഈശ്വരനു മാത്രമേ അറിയൂ. ഇന്ന് എനിക്ക് ആഹാരത്തിന്

സ്വാദ് തോന്നിയില്ല. പാസ്സായപ്പോൾ ഇത്ര അവഗണനയാണെങ്കിൽ തോറ്റാൽ പ്രാണനെടുക്കുമായിരിക്കും. ചേട്ടൻ സ്വന്തം ക്ലാസ്സിലെ പഠിത്തത്തിന്റെ ഭീകരചിത്രം വരച്ചത് എന്നെ ഭയപ്പെടുത്തി. സ്കൂൾ ഉപേക്ഷിച്ച് വീട്ടിലേക്ക് ഓടാഞ്ഞത് അത്ഭുതം. എന്നാൽ ഇത്ര അവഗണന ഉണ്ടായിട്ടും പുസ്തകങ്ങളോട് എനിക്കുണ്ടായ താത്പര്യമില്ലായ്മ അങ്ങനെ തന്നെ നിലനിന്നു. കളിക്കാനുള്ള ഒരവസരവും കൈവിട്ടു പോകാനനുവദിച്ചില്ല. പഠിക്കുമായിരുന്നു പക്ഷേ വളരെ കുറച്ചു മാത്രം. ദിവസേനയുള്ള ജോലി പൂർത്തിയാക്കുക, ക്ലാസ്സിൽ നാണക്കേടുണ്ടാകാതിരിക്കുക – അതിനുള്ള പഠിത്തം. സ്വയം തോന്നിയ വിശ്വാസം വീണ്ടും നഷ്ടപ്പെട്ടു. വീണ്ടും കള്ളന്മാരെപ്പോലെ ജീവിതം കഴിച്ചുകൂട്ടാൻ തുടങ്ങി.

## മൂന്ന്


വീണ്ടും വാർഷിക പരീക്ഷ കഴിഞ്ഞു. ഞാൻ വീണ്ടും ജയിച്ചു, ചേട്ടൻ തോറ്റു. ഞാൻ അത്യദ്ധ്വാനം ചെയ്തില്ല; പക്ഷേ എങ്ങനെയെന്നറിഞ്ഞുകൂടാ, ക്ലാസ്സിൽ ഒന്നാമനായി പാസ്സായി. ചേട്ടൻ ജീവൻ കളഞ്ഞ് പരിശ്രമിച്ചു. പാഠപുസ്തകങ്ങളിലെ ഓരോ വാക്കും ചവച്ചരച്ചു. രാത്രി പത്തുമണി വരെ, വെളുപ്പിന് നാല് മണി മുതൽ, മുഖത്ത് ഓജസ്സില്ലാതായി. എന്നിട്ടും പാവം തോറ്റു. എനിക്ക് ദയ തോന്നി. പരീക്ഷാഫലം അറിഞ്ഞപ്പോൾ അദ്ദേഹം പൊട്ടിക്കരഞ്ഞു, ഞാനും കരഞ്ഞു. ഞാൻ ജയിച്ചതിന്റെ സന്തോഷം പകുതിയായി. ഞാനും തോറ്റിരുന്നെങ്കിൽ ചേട്ടന് ഇത്രയ്ക്ക് ദുഃഖമുണ്ടാവുകയില്ലായിരുന്നു. വിധിയെ ആർക്ക് ലംഘിക്കാൻ കഴിയും?

ഞാനും ചേട്ടനും തമ്മിൽ കേവലം ഒരു ക്ലാസ്സിന്റെ അന്തരമേ ഉള്ളൂ. ചേട്ടൻ ഒരു കൊല്ലം കൂടി തോൽക്കുമെങ്കിൽ ഞാൻ അദ്ദേഹത്തിനു തുല്യമാകും. പിന്നെ എന്ത ടിസ്ഥാനത്തിൽ അദ്ദേഹം എന്നെ ഉപദേശിക്കും? എന്നാൽ പെട്ടെന്നു തന്നെ ആ ദുഷ്ടചിന്ത എന്റെ മനസ്സിൽ നിന്ന് ഞാൻ ബലം പ്രയോഗിച്ച് നിഷ്കാസനം ചെയ്തു. അദ്ദേഹം എന്റെ നന്മയ്ക്കുവേണ്ടിയാണല്ലോ ശകാരിക്കുന്നത്. കേൾക്കുമ്പോൾ എനിക്ക് അപ്രിയമായി തോന്നും. ഒരുപക്ഷേ അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഫലമായിട്ടായിരിക്കാം ഞാൻ തുടരെ നല്ല മാർക്കോടെ പാസ്സാകുന്നത്.

ചേട്ടൻ കുറച്ച് മയപ്പെട്ടു തുടങ്ങി. എന്നെ ശകാരിക്കാൻ പല അവസരം കിട്ടിയിട്ടും അദ്ദേഹം ക്ഷമ കാണിച്ചു. എന്നെ ശകാരിക്കാനുള്ള അധികാരം തനിക്കില്ലെന്നും, ഉണ്ടെങ്കിൽതന്നെ വളരെ കുറവാണെന്നും അദ്ദേഹം സ്വയം മനസ്സിലാക്കിയെന്നു തോന്നുന്നു. എന്റെ തന്നിഷ്ടം വർദ്ധിച്ചു. ഞാൻ അദ്ദേഹത്തിന്റെ സഹിഷ്ണുത മുതലെടുക്കാൻ തുടങ്ങി. ഞാൻ പഠിച്ചാലും ഇല്ലെങ്കിലും പാസ്സാകുമെന്നും എന്റെ ഭാഗ്യം ബലവത്താണെന്നുമുള്ള ധാരണ എന്നിൽ ബലപ്പെട്ടു. അതുകൊണ്ട് ചേട്ടനെ പേടിച്ച് അല്പമൊക്കെ പഠിച്ചുകൊണ്ടിരുന്നതും നിർത്തി. എനിക്ക് പട്ടം പറത്താൻ താത്പര്യമുണ്ടായി, മുഴുവൻ സമയവും പട്ടം പറത്തലിനുവേണ്ടി നീക്കി വച്ചു. എങ്കിലും ഞാൻ ചേട്ടനെ ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ കണ്ണിൽപ്പെടാതെയാണ് പട്ടം പറത്തിയിരുന്നത്. പട്ടം ഉണ്ടാക്കുന്നതും ചരട് കെട്ടുന്നതും ടൂർണമെന്റിനു തയ്യാറെടുപ്പ് നടത്തുന്നതുമെല്ലാം രഹസ്യമായിട്ടായിരുന്നു. ചേട്ടനോടുള്ള ബഹുമാനവും ഭവ്യതയും കുറഞ്ഞുപോയെന്ന് അദ്ദേഹത്തിനു സംശയം തോന്നരുതെന്ന് ഞാനാഗ്രഹിച്ചു.

ഒരു ദിവസം സന്ധ്യയ്ക്ക്, ഹോസ്റ്റലിൽ നിന്ന് ദൂരേക്ക് പട്ടം പറത്തിക്കൊണ്ട് ഓടുകയായിരുന്നു. കണ്ണുകൾ മാനത്തും, മനസ്സ് ആ ആകാശപഥികന്റെ നേർക്കും. അതാകട്ടെ മന്ദമന്ദം ആടിയുലഞ്ഞ് താഴേക്കു പതിക്കാൻ തുടങ്ങുന്നു. കുട്ടികളുടെ ഒരു സൈന്യം തോട്ടിയും മുളയും മറ്റുമായി അതിനെ സ്വാഗതം ചെയ്യാൻ ഓടിവരുന്നു. തങ്ങളുടെ മുമ്പിലും പിമ്പിലും എന്താണു നടക്കുന്നതെന്ന് ആർക്കും അറിവില്ല. എല്ലാവരും ആ പട്ടത്തിനൊപ്പം ആകാശത്ത് പറക്കുകയായിരുന്നു; അവിടെ എല്ലാം സമതലം, കാറുകളില്ല, ലോറിക

**വീണ്ടും വാർഷികപരീക്ഷ കഴിഞ്ഞു. ഞാൻ വീണ്ടും ജയിച്ചു, ചേട്ടൻ തോറ്റു. ഞാൻ അത്യദ്ധ്വാനം ചെയ്തില്ല; പക്ഷേ എങ്ങനെയെന്നറിഞ്ഞുകൂടാ, ക്ലാസ്സിൽ ഒന്നാമനായി പാസ്സായി. ചേട്ടൻ ജീവൻ കളഞ്ഞ് പരിശ്രമിച്ചു. പാഠപുസ്തകങ്ങളിലെ ഓരോ വാക്കും ചവച്ചരച്ചു. രാത്രി പത്തുമണിവരെ, വെളുപ്പിന് നാല് മണി മുതൽ, മുഖത്ത് ഓജസ്സില്ലാതായി. എന്നിട്ടും പാവം തോറ്റു.**



ളില്ല, വണ്ടികളില്ല.

പെട്ടെന്ന് ഞാൻ ചേട്ടനുമായി കൂട്ടിമുട്ടി. അദ്ദേഹം ചന്തയിൽ നിന്ന് തിരികെ വരികയായിരുന്നു. എന്റെ കൈയിൽ കടന്നുപിടിച്ച്, ഉഗ്രഭാവത്തിൽ അദ്ദേഹം പറഞ്ഞു: 'ഈ ചന്തപ്പിള്ളേരുടെ കൂടെ അരപ്പൈസ വിലയുള്ള പട്ടത്തിനുവേണ്ടി ഓടാൻ നിനക്ക് നാണമില്ലേ? നീ ഇപ്പോൾ താണ ക്ലാസ്സിലല്ല, ഒമ്പതാം ക്ലാസ്സിലെത്തി. എന്നെക്കാൾ വെറും ഒരു ക്ലാസ്സ് താഴെ. മനുഷ്യന് സ്വന്തം പൊസിഷനെപ്പറ്റി ചിന്ത വേണം. ഒരു കാലത്ത് എട്ടാം ക്ലാസ്സ് ജയിച്ച് ആളുകൾ ഡെപ്യൂട്ടി തഹസീൽദാർ വരെ ആകുമായിരുന്നു. മിഡിൽ ക്ലാസ്സ് പാസ്സായി ഇപ്പോൾ ഒന്നാന്തരം ഡെപ്യൂട്ടി മജിസ്ട്രേറ്റോ സൂപ്രണ്ടോ ആയിരിക്കുന്ന എത്രയോ പേരെ എനിക്കറിയാം. എത്രയോ എട്ടാം ക്ലാസ്സുകാർ നമ്മുടെ നേതാക്കന്മാരും പത്രാധിപന്മാരും ആണ്. വലിയ വിദ്വാന്മാർ അവരുടെ കീഴിൽ ജോലി ചെയ്യുന്നു. നീയോ? അതേ എട്ടാം ക്ലാസ്സിലെത്തിയിട്ട് ചന്തപ്പിള്ളേരുടെ കൂടെ പട്ടം പറത്തി നടക്കുന്നു. എനിക്ക് നിന്റെ ഈ ബുദ്ധിവൈകല്യത്തിൽ ദുഖമുണ്ട്. നീ ബുദ്ധിമാനാണ്, സംശയമില്ല. പക്ഷേ നമ്മുടെ ആത്മാഭിമാനത്തെ ഹനിക്കുന്ന ബുദ്ധികൊണ്ടെന്തു കാര്യം? ഞാൻ ചേട്ടനെക്കാൾ ഒരു ക്ലാസ്സ് മാത്രം താഴെയാണ്, ഇനി അദ്ദേഹത്തിന് എന്നോടൊന്നും പറയാൻ അധികാരമില്ല എന്നൊക്കെ നീ മനസ്സിൽ കരുതുന്നുണ്ടാകും, എന്നാൽ അത് നിന്റെ തെറ്റാണ്. നിന്നെക്കാൾ അഞ്ചുവയസ്സ് മൂത്തവനാണ് ഞാൻ. ഇനി നീ എന്റെ ക്ലാസ്സിൽത്തന്നെ വന്നാലും. പരീക്ഷകന്മാരുടെ അവസ്ഥ ഇതുതന്നെയാണെങ്കിൽ സംശയമെന്യേ അടുത്ത വർഷം നീ എന്റെ ക്ലാസ്സിൽ വരും. ഒരുപക്ഷേ അതിനടുത്ത വർഷം എന്നെക്കാൾ മുമ്പിലായേക്കും. എന്നാലും ഞാനും നീയും തമ്മിലുള്ള അഞ്ചുവർഷത്തെ വ്യത്യാസം നീയല്ല, ദൈവം വിചാരിച്ചാൽ പോലും മായ്ച്ചു കളയാനൊക്കുകയില്ല. ഞാൻ നിന്നെക്കാൾ അഞ്ചു വയസ്സ് മൂത്തതാണ്, എന്നും അങ്ങനെയായിരിക്കുകയും ചെയ്യും. നീ എം ഏയോ ഡി ലിറ്റോ ഡി ഫില്ലോ നേടിയാലും എനിക്ക് ലോകത്തിലും ജീവിതത്തിലും നേടാൻ കഴിഞ്ഞ അനുഭവത്തോടു കിടപിടിക്കാൻ സാധിക്കുകയില്ല. പുസ്തകങ്ങൾ വായിക്കുന്നതിലൂടെയല്ല, ലോകം കാണുന്നതിലൂടെയാണ് അറിവു

ലഭിക്കുന്നത്. നമ്മുടെ അമ്മ ഒരു ക്ലാസ്സും പാസ്സായിട്ടില്ല. അച്ഛനും അഞ്ചോ ആറോ ക്ലാസ്സ്‌വരെ മാത്രമേ പഠിച്ചിട്ടുള്ളൂ. എന്നാൽ നമ്മൾ രണ്ടുപേരും സമസ്തലോകത്തിലെയും വിദ്യയഭ്യസിച്ചാലും നമ്മെ ഉപദേശിക്കാനും തിരുത്താനും അവർക്ക് എന്നും അധികാരമുണ്ടായിരിക്കും. അവർ നമ്മുടെ ജന്മദാതാക്കളായതുകൊണ്ടു മാത്രമല്ല, നമ്മെക്കാൾ കൂടുതൽ ലോകാനുഭവം അവർക്കുള്ളതുകൊണ്ടുകൂടിയാണ്. അമേരിക്കയിൽ ഏതു തരം ഭരണവ്യവസ്ഥയാണ്, ഹെൻറി എട്ടാമൻ എത്ര വിവാഹം കഴിച്ചു, ആകാശത്ത് എത്ര നക്ഷത്രങ്ങളുണ്ട് മുതലായ കാര്യങ്ങൾ അവർക്കറിഞ്ഞുകൂടായിരിക്കും; എന്നാൽ അവർക്ക് എന്നെക്കാളും നിന്നെക്കാളും കൂടുതലായി അറിവുള്ള ആയിരം കാര്യങ്ങളുണ്ട്. ഇന്ന് എനിക്ക് എന്തെങ്കിലും രോഗം പിടിപെട്ടാൽ നീ ആകപ്പാടെ പരിഭ്രമിക്കും. അച്ഛന് കമ്പിയടിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നിനക്ക് തോന്നുകയില്ല. എന്നാൽ നിന്റെ സ്ഥാനത്ത് അച്ഛനാണെങ്കിൽ പരിഭ്രമിക്കുകയോ ബോധം കെടുകയോ ഒന്നുമില്ല. ആദ്യം രോഗമെന്താണെന്ന് സ്വയം മനസ്സിലാക്കി ചികിത്സിക്കും. അതുകൊണ്ട് ഫലമില്ലെന്നു കണ്ടാൽ ഏതെങ്കിലും ഡോക്ടറെ വിളിക്കും. രോഗം ഒരു വലിയ കാര്യമാണ്; അത് പോകട്ടെ. ഒരു മാസത്തെ ചെലവിനുള്ള പണംകൊണ്ട് ഒരു മാസം തികയ്ക്കാൻ പോലും നമുക്കറിഞ്ഞുകൂടാ. അച്ഛൻ അയച്ചുതരുന്നത് ഇരുപതാം തീയതിയാകുമ്പോഴേക്ക് ചെലവാക്കിത്തീർക്കും. പിന്നെ ഓരോ പൈസയ്ക്ക് മറ്റുള്ളവരോട് ഇരന്നു തുടങ്ങും. പ്രഭാത ഭക്ഷണം വേണ്ടെന്നു വയ്ക്കുന്നു, അലക്കുകാരനെയും ക്ഷുരകനെയും ഒളിച്ചു നടക്കുന്നു. എന്നാൽ ഇന്ന് നമ്മൾ ചെലവാക്കുന്നതിന്റെ പകുതികൊണ്ട് അച്ഛൻ സ്വന്തം ആയുസ്സിന്റെ ഏറിയ ഭാഗം അന്തസ്സോടും സൽപേരോടും കൂടി കഴിച്ചുകൂട്ടി; ഒൻപതംഗങ്ങളുള്ള കുടുംബം പോറ്റി. നമ്മുടെ ഹെഡ്മാസ്റ്റർ സാറിനെ നോക്ക്. എം ഏ അല്ലേ? ഇവിടുത്തെ എം ഏ അല്ല, ഓക്സ്ഫോർഡിലെ എം ഏ. ആയിരം രൂപ കിട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ വീട്ടുകാര്യങ്ങൾ നോക്കി

**ഇന്ന് എനിക്ക് എന്തെങ്കിലും രോഗം പിടിപെട്ടാൽ നീ ആകപ്പാടെ പരിഭ്രമിക്കും. അച്ഛന് കമ്പിയടിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നിനക്ക് തോന്നുകയില്ല. എന്നാൽ നിന്റെ സ്ഥാനത്ത് അച്ഛനാണെങ്കിൽ പരിഭ്രമിക്കുകയോ ബോധം കെടുകയോ ഒന്നുമില്ല. ആദ്യം രോഗമെന്താണെന്ന് സ്വയം മനസ്സിലാക്കി ചികിത്സിക്കും. അതുകൊണ്ടു ഫലമില്ലെന്നു കണ്ടാൽ ഏതെങ്കിലും ഡോക്ടറെ വിളിക്കും.**

നടത്തുന്നത് ആരാണ്? അദ്ദേഹത്തിന്റെ വയസ്സായ അമ്മ. ഹെഡ്മാസ്റ്റർ സാറിന്റെ ഡിഗ്രി അവിടെ നിഷ്പ്രയോജനമാണ്. ആദ്യം വീട്ടുകാര്യങ്ങൾ സ്വയം നടത്തിയിരുന്നു. പക്ഷേ ചെലവിനു തികയുകയില്ലായിരുന്നു. എന്നും കടമായിരുന്നു. അമ്മ ചുമതല ഏറ്റെടുത്തതോടെ വീട്ടിൽ ലക്ഷ്മീദേവി പ്രത്യക്ഷപ്പെട്ടതുപോലെയായി. അതുകൊണ്ട് അനിയാ, എന്റെ തൊട്ടടുത്ത് വന്നുചേർന്നെന്ന അഹങ്കാരവും ഇപ്പോൾ സ്വതന്ത്രനായി എന്ന വിചാരവും മനസ്സിൽ നിന്ന് കളയുക. ഞാൻ നോക്കിയിരിക്കെ നീ വഴിതെറ്റിപ്പോകാൻ സമ്മതിക്കുകയില്ല. നീ അനുസരിച്ചില്ലെങ്കിൽ (കൈ നിവർത്തി കാണിച്ചിട്ട്) എനിക്ക് ഇത് പ്രയോഗിക്കേണ്ടിവരും. എന്റെ വാക്കുകൾ നിനക്ക് വിഷംപോലെ തോന്നുന്നുണ്ടെന്ന് എനിക്കറിയാം.'

അദ്ദേഹത്തിന്റെ ഈ പുതിയ യുക്തിക്കു മുമ്പിൽ ഞാൻ തലകുനിച്ചു. എനിക്കു സത്യത്തിൽ സ്വന്തം ലഘുത്വം ബോധ്യപ്പെട്ടു, ചേട്ടനോട് എന്റെ മനസ്സിൽ ആദരവുണ്ടായി. ഞാൻ നനഞ്ഞ കണ്ണുകളോടെ പറഞ്ഞു: 'ഒരിക്കലുമില്ല. ചേട്ടൻ പറയുന്നതെല്ലാം തികച്ചും സത്യമാണ്. ചേട്ടന് അങ്ങനെ പറയാൻ അധികാരമുണ്ട്.'

ചേട്ടൻ എന്നെ മാറോടണച്ചുകൊണ്ടു പറഞ്ഞു: 'പട്ടം പറത്തുന്നത് ഞാൻ തടയുന്നില്ല. എനിക്കും ആഗ്രഹമുണ്ട്. പക്ഷേ എന്തു ചെയ്യും? സ്വയം വഴിതെറ്റി നടന്നാൽ നിന്നെ ആര് രക്ഷിക്കും? ആ കടമയും എന്റെ ശിരസ്സിലല്ലേ?'

യദൃച്ഛയാ ആ സമയത്ത് ഒരു പൊട്ടിയ പട്ടം ഞങ്ങളുടെ മുകളിലൂടെ കടന്നുപോയി. അതിന്റെ ചരട് തൂങ്ങിക്കിടപ്പുണ്ടായിരുന്നു. കുട്ടികളുടെ ഒരു സംഘം അതിന്റെ പിന്നാലെ ഓടിവരുന്നുണ്ടായിരുന്നു. ചേട്ടന് നല്ല പൊക്കമുണ്ടല്ലോ! കുതിച്ച് ആ ചരടിൽ പിടിച്ചു, എന്നിട്ട് അതിവേഗം ഹോസ്റ്റലിലേക്കോടി. ഞാനും പിറകേ ഓടി.



# സ്രാവുകൾ

## 22 കടലിലെ കടുവകൾ

### ഭാഗം – 2

**മനോജ് പി**

**സിനിമകളും നോവലുകളും തീർത്ത ഒരു ഭീകരലോകമുണ്ട്. കൊലയാളിസ്രാവുകളുടെ ഒരു ലോകം. ശരിക്കും അവർ അങ്ങനെയാണോ? നാം മനുഷ്യർ വിനോദത്തിനും ആഹാരത്തിനും വേണ്ടി വേട്ടയാടുന്ന സ്രാവുകളുടെ എണ്ണമാണ് ശരിക്കും നമ്മെ ഭയപ്പെടുത്തേണ്ടത്.**

**നിരവധിയിനം സ്രാവുകൾ ലോകത്തുണ്ട്. അവയിൽ പലതും ഗുരുതരമായ വംശനാശഭീഷണിയിലും. പോണ്ടിച്ചേരി സ്രാവിനെപ്പോലെ ഓരോ സ്രാവുകളും വിസ്മൃതിയിലേക്കു മറയുന്നു. നമുക്ക് അടുത്തറിയാം അവരെ.**

### 9 കടുവാസ്രാവ്, വരയൻസ്രാവ്

(Tiger Shark- Galeocerdo cuvier)

വലിയ സ്രാവുകളിലൊന്നാണിത്. ശരീരത്തിലെ വര മുതിർന്നവയിൽ മങ്ങിയിരിക്കുമെങ്കിലും കുഞ്ഞുങ്ങളിൽ വളരെ പ്രകടമാണ്. ഇടിച്ചുപരന്ന വലിയ മേൽച്ചുണ്ടും വലിയ വായും ചെകിളയും വരകളുമാണിവയ്ക്കുള്ളത്.

പ്രധാനമായും രാത്രിയിലാണ് ഇരതേടൽ. വളരെ കൂടുതൽ ദൂരം സഞ്ചരിക്കുകയും ചെയ്യും. ഇരതേടി പലപ്പോഴും ആഴം കുറഞ്ഞഭാഗത്തേക്കുപോലും എത്താറുണ്ട്. മിക്കപ്പോഴും ഒറ്റയ്ക്കാണ് ഇരതേടൽ. സമുദ്രത്തിന്റെ അടിത്തട്ടിലാണെങ്കിൽ ഇവ പകലും ഇരതേടാറുണ്ട്.

കുഞ്ഞുങ്ങളെ പ്രസവിക്കുന്ന (ovoviviparous)വയാണ് കടുവാസ്രാവുകൾ. വളരെ വേഗത്തിൽ വളരും. നാലുമുതൽ ആറുവർഷത്തിനുള്ളിൽ അവ പ്രായപൂർത്തിയെത്തുക. ഏതാണ്ട് പന്ത്രണ്ടുവർഷംവരെ ജീവിക്കുകയും ചെയ്യും. മുതിർന്ന പെൺസ്രാവിന് 550 സെന്റിമീറ്റർ വരെ നീളമുണ്ടാകും. ആൺസ്രാവിന് പരമാവധി 226 സെന്റിമീറ്റർ മുതൽ 290 സെന്റിമീറ്റർ വരെയും.

ലോകവ്യാപകമായി കാണപ്പെടുന്ന സ്രാവിനങ്ങളിൽ ഒന്നാണിത്. എന്തും

തിന്നുന്ന സ്രാവാണ് എന്നു വേണമെങ്കിൽ പറയാം. കടൽപ്പക്ഷികളും കടലാമകളുമെല്ലാം അവയുടെ മെനുവിൽപ്പെടും. കടലിൽത്തള്ളുന്ന ചവറ്റു തൊട്ടികൾ വരെ ഈ സ്രാവുകളുടെ വയറ്റിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്. സ്ഥിരമായി വേട്ടയാടപ്പെടുന്ന സ്രാവിനങ്ങളിൽ ഒന്നാണിത്. അതുകൊണ്ടുതന്നെ വംശനാശഭീഷണിയും നേരിടുന്നു.

ഇവ മനുഷ്യനെ ആക്രമിച്ച നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മുങ്ങൽ വിദഗ്ധർക്ക് ഇവ കാര്യമായ ഭീഷണി ഉയർത്താറില്ല. അതിനാൽ 'ഡൈവ് ടൂറിസത്തിന്' വളരെ പ്രാധാന്യമുള്ള സ്രാവാണിത്.

## 10 നീലസ്രാവ് (Blue Shark - Prionace glauca)

ത്രികോണാകൃതിയിലുള്ള നീണ്ടമേൽചുണ്ടും (Snout) വലിയ കണ്ണുകളുമുള്ള ഒരു മെലിഞ്ഞസ്രാവ്. ഉപരിഭാഗം നീലയും അടിഭാഗം വെള്ളയും ആണ്. വളരെയധികം ദൂരം ദേശാടനം നടത്തുന്ന സ്രാവ് കൂടിയാണിത്

സമുദ്രോപരിതലത്തിൽ സഞ്ചരിക്കുമ്പോൾ വളരെ സാവധാനമാണ് യാത്ര. വലിയ മുതുചിറക് (dorsal fin) ജലോപരിതലത്തിനു മുകളിൽ ദൃശ്യമാകും. ചിലപ്പോൾ ഒന്നിലധികം സ്രാവുകളെ ഒരു സ്ഥലത്തു തന്നെ കാണാറുണ്ട്.

വലിയ കൂട്ടത്തോടെ സഞ്ചരിക്കുന്നു ഈ മത്സ്യങ്ങളെയും കടലിലെത്തപ്പെട്ട ശവശരീരങ്ങളുമെല്ലാം ഇവ അകത്താക്കും. മിക്ക സമുദ്രങ്ങളിലും കാണപ്പെടുന്ന സ്രാവാണിത്. വ്യാപകമായ വേട്ടമൂലം വംശനാശഭീഷണി നേരിടുന്നു. ആൺസ്രാവുകൾ 181 സെന്റിമീറ്റർ മുതൽ 281 സെന്റിമീറ്റർ വരെയും പെൺസ്രാവുകൾ 380 സെന്റിമീറ്റർ വരെയും നീളം വെയ്ക്കും.

ഓരോ വർഷവും ലക്ഷക്കണക്കിനു സ്രാവുകളാണ് പിടിക്കപ്പെടുന്നത്. തന്മൂലം ഇവയുടെ അംഗസംഖ്യയിൽ 40 മുതൽ 60% വരെ കുറവുവന്നിരിക്കുന്നു.

പ്രസവിക്കുന്ന സ്രാവാണിത്. 2 മുതൽ 12 വരെ കുട്ടികളാണ് ഉണ്ടാവുക.

കടലിൽ പലപ്പോഴും ഇവ മനുഷ്യരെ ആക്രമിക്കാറുണ്ട്.

## 11 സിൽക്കി സ്രാവ് (Silky Shark - Carcharhinus falciformis)


കറുപ്പ് ചാരം തവിട്ടുനിറം എന്നിവയിലെല്ലാം സിൽക്കി സ്രാവുകൾ കാണപ്പെടുന്നു. വലിയ സ്രാവുകളിലൊന്നാണിത്. നല്ല നീളമുള്ളതും പരന്നതുമായ മുൻ ചുണ്ടുകളാണ് സിൽക്കി സ്രാവിനുള്ളത്. ചെറിയ കീഴ്ത്താടിയും വലിയ കണ്ണുകളും സിൽക്കി സ്രാവിന്റെ പ്രത്യേകതകളാണ്. മുതിർന്ന പെൺസ്രാവിന് 830 സെന്റിമീറ്റർ വരെ നീളമുണ്ടാകും. ആൺസ്രാവിന് 187 മുതൽ 217 സെന്റിമീറ്റർ വരെ മാത്രമാണ് നീളം. പരമാവധി


ഉഷ്ണമേഖലാസമുദ്രങ്ങളിൽ വളരെ സാധാരണയായി കാണപ്പെടുന്ന സ്രാവുകളിലൊന്നാണിത്. ചിറകുകൾക്കും മാംസത്തിനും കൊഴുപ്പിനും വേണ്ടി വ്യാപകമായി ഈ സ്രാവ് വേട്ടയാടപ്പെടുന്നു.

സിൽക്കിസ്രാവ് കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒറ്റ പ്രസവത്തിൽ 2 മുതൽ 12 വരെ കുഞ്ഞുങ്ങളുണ്ടാവും. ഇവ പലപ്പോഴും മനുഷ്യരെ ആക്രമിച്ചിട്ടുണ്ടെങ്കിലും മുങ്ങൽവിദഗ്ധർക്ക് കാര്യമായ ഭീഷണി ഉയർത്താറില്ല. 'ഡൈവ് ടൂറിസ'ത്തിന് പ്രധാനപ്പെട്ട മത്സ്യഇനങ്ങളിലൊന്നാണിത്.

## 12 ബുൾ സ്രാവ് (Bull Shark- Carcharhinus leucas)

വലിയ തടിച്ചതലയും


നീലസ്രാവ്



സിൽക്കിസ്രാവ്

**IUCN ന്റെ കണക്കുപ്രകാരം കടുത്ത വംശനാശ ഭീഷണി നേരിടുന്ന സ്രാവാണ് ബുൾസ്രാവ്. മാംസത്തിനും വിറകിനുംവേണ്ടി വൻതോതിൽ വേട്ടയാടപ്പെടുന്നതാണ് പ്രധാനകാരണം. മനുഷ്യപ്രവർത്തനങ്ങൾ മൂലം തീരങ്ങളും ലഗൂണുകളും നശിക്കുന്നതും മറ്റൊരു കാരണമാണ്.**

ചാരനിറവുമുള്ള സ്രാവാണ് ബുൾസ്രാവ്. മുൻചുണ്ട് തടിച്ചുപരന്നതും താരതമ്യേന നീളം കുറഞ്ഞതുമാണ്. കണ്ണുകൾ ചെറുതാണ്.

മിക്കപ്പോഴും തീരത്തോട് വളരെ അടുത്താണ് ഇവയെ കാണുക. അഴിമുഖങ്ങളിലേക്കും നദീമുഖങ്ങളിലേക്കുമൊക്കെ ഇവ വരാറുണ്ട്. സാധാരണ പതിയെയാണ് സഞ്ചരിക്കുന്നതെങ്കിലും ഇരയെ പിൻതുടരുമ്പോൾ ഇവ നല്ല വേഗത കൈവരിക്കും.

മുതിർന്ന പെൺ സ്രാവുകൾ 230 സെന്റിമീറ്റർ വരെ വളരും. 340 സെന്റിമീറ്റർ വരെ നീളമുള്ളവയെയും കിട്ടിയിട്ടുണ്ട്. ആൺസ്രാവിന് 157 മുതൽ 226 സെന്റിമീറ്റർ വരെ നീളം വെയ്ക്കും. കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒറ്റ പ്രസവത്തിൽ 13 കുട്ടികൾവരെ ഉണ്ടാകാം.

IUCN ന്റെ കണക്കുപ്രകാരം കടുത്ത വംശനാശ ഭീഷണി നേരിടുന്ന സ്രാവാണിത്. മാംസത്തിനും വിറകിനുംവേണ്ടി വൻതോതിൽ വേട്ടയാടപ്പെടുന്നതാണ് പ്രധാനകാരണം. മനുഷ്യപ്രവർത്തനങ്ങൾ മൂലം തീരങ്ങളും ലഗൂണുകളും നശിക്കുന്നതും മറ്റൊരു കാരണമാണ്.

മനുഷ്യനെ ആക്രമിക്കുന്ന സ്രാവുകളിൽ ഏറ്റവും അപകടകാരിയാണിത്.

## 13 ഓഷ്യാനിക് വൈറ്റ് ടിപ്പ്സ്രാവ്

(oceanic white tip shark - Carcharhinus longimanus)

ചാരനിറമോ കടുത്ത ചാരനിറമോ ഉള്ള സ്രാവ്. മുകൾചിറകുകളിൽ ആദ്യത്തേത് വൃത്താകൃതിയിൽ നല്ല വലിപ്പമുള്ളതാണ്. വലിയ തലയും ചെറിയ കണ്ണുകളും ഇവയുടെ പ്രത്യേകതകളാണ്. ചിറകുകളുടെ അഗ്രഭാഗം പേരു സൂചിപ്പിക്കുന്നതുപോലെ വെളുത്തതാണ്.

ഉൾക്കടലുകളിലാണ് ഇവ സാധാരണകാണപ്പെടുന്നത് പലപ്പോഴും ഇവ ബോട്ടുകളിൽ കടിക്കുകയും കടലിൽ നീന്തുന്നവരെ ആക്രമിക്കുകയും ചെയ്യാറുണ്ട്. എന്തും തിന്നുന്ന സ്രാവുകളിലൊന്നാണിത്. കടലാമയും മത്സ്യങ്ങളും സമുദ്രസസ്തനങ്ങളുമെല്ലാം ഇവയുടെ മെനുവിൽപ്പെടും. കൂടാതെ കടലിലെത്തപ്പെടുന്ന ശവശരീരങ്ങളും അകത്താക്കും.

ധാരാളം പിടിക്കപ്പെടുന്ന സ്രാവിനങ്ങളിൽ ഒന്നാണിത്. ലോകത്തെ മിക്ക സമുദ്രങ്ങളിലും സുലഭമായിരുന്ന ഈ സ്രാവ് ഇന്ന് വംശനാശ ഭീഷണി നേരിടുകയാണ്.

കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒരു പ്രസവത്തിൽ പതിനഞ്ചുവരെ



കറുത്ത ചിറകൻ സ്രാവ്



ബുൾ സ്രാവ്

കുഞ്ഞുങ്ങളുണ്ടാകും . മുതിർന്ന പെൺസ്രാവിന് 395 മീറ്റർവരെയും ആൺസ്രാവിന് 198 സെന്റിമീറ്റർ വരെ യും നീളമുണ്ടാകും.



ഓഷ്യാനിക് വൈറ്റ്ടിപ്പ് സ്രാവ്

## 14 കറുത്ത ചിറകൻ സ്രാവ്
(Black Tip Reef Shark - Carcharhinus melanopterus)

വളരെ സാധാരണയായി കാണപ്പെടുന്ന സ്രാവുകളിലൊന്ന്. പേരു സൂചിപ്പിക്കുന്നതുപോലെ ചിറകുകളുടെ അഗ്രഭാഗം കറുത്തതാണ്. നല്ല ചാരനിറത്തിലോ തവിട്ടുനിറത്തിലോ ഒക്കെ ഇവ കാണപ്പെടുന്നു. തടിച്ച ചെറിയ തലയും ദീർഘവൃത്താകൃതിയിലുള്ള കണ്ണുകളും ഇവയുടെ പ്രത്യേകതകളാണ്. ഇടത്തരം വലിപ്പമുള്ള സ്രാവുകളാണിവ. മുതിർന്ന ആൺസ്രാവുകൾക്ക് 90 മുതൽ 100 സെന്റിമീറ്റർ വരെ നീളമുണ്ടാകും. പെൺസ്രാവിന് 200 സെന്റിമീറ്റർ വരെയും.

പവിഴപ്പുറ്റുകൾക്കിടയിലും ആഴം കുറഞ്ഞ സ്ഥലങ്ങളിലുമാണ് ഇവയെ സാധാരണ കാണപ്പെടുന്നത്. വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നതിനനുസരിച്ച് ഇവ ദേശാടനം നടത്താറുണ്ട്. ചെറിയ മത്സ്യങ്ങളും മറ്റു സമുദ്രജീവികളുമാണ് പ്രധാനാഹാരം.

കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒരു പ്രസവത്തിൽ 2 മുതൽ 4 വരെ കുട്ടികളുണ്ടാവും. തീരക്കടൽമത്സ്യബന്ധനത്തിൽ ഏറ്റവും കൂടുതൽ പിടിക്കപ്പെടുന്ന സ്രാവാണിത്. പവിഴപ്പുറ്റുകൾ നശിക്കുന്നതും അമിതമായ മത്സ്യബന്ധനവും കുറഞ്ഞ പ്രജനന നിരക്കുകളും മൂലം ഈ സ്രാവിന്റെ വംശം കുറഞ്ഞുവരുന്നു.

'ഡൈവ് ടൂറിസ' ത്തിനും സമുദ്രജല അക്വേറിയങ്ങൾക്കും ഈ മത്സ്യത്തിന്റെ സാന്നിദ്ധ്യം കൂടുതൽ ആവേശം പകരുന്നു..

## 15 വെള്ളച്ചിറകൻ സ്രാവ് (Whitetip Reef Shark - Triaenodon obesus)

കറുത്തചിറകൻ സ്രാവിനേക്കാൾ അല്പം കൂടി കൃശഗാത്രയാണ്



നഴ്സ് സ്രാവ്

**ജിംഗ്ലിമോസ്റ്റോമ എന്ന ജീനസ്സിൽ അവശേഷിക്കുന്ന ഒരേയൊരു സ്രാവാണ് നഴ്സ് സ്രാവ്. 480 സെന്റിമീറ്റർ വരെ നീളം വെയ്ക്കുന്ന ഈ സ്രാവ് ചാരനിറത്തിലോ തവിട്ടുകലർന്ന ചാരനിറത്തിലോ ആണ് കാണപ്പെടുന്നത്.**

വെള്ളച്ചിറകൻ സ്രാവ്. കറുത്തചിറകിനെ കാണുന്ന കടലുകളിലെല്ലാം ഈ സ്രാവിനെയും കാണാം. ചാരമോ തവിട്ടോ ആണു നിറം. ചിലപ്പോൾ വശങ്ങളിൽ പുള്ളികൾ ഉണ്ടെന്നും വരാം. ചിറകിലെ പുള്ളികൾക്ക് നല്ല തിളക്കമുള്ള വെള്ളനിറമാണ്. ചിലപ്പോൾ ഒന്നിലധികം വെള്ളച്ചിറകൻ സ്രാവുകൾ ഒന്നിച്ചു നടക്കുന്നതുകാണാം.

പെൺസ്രാവുകൾക്ക് 200 സെന്റിമീറ്റർ വരെയും ആൺസ്രാവുകൾക്ക് 109 സെന്റിമീറ്റർ വരെയും നീളം വെയ്ക്കും. കറുത്ത ചിറകൻസ്രാവുകൾ നേരിടുന്ന അതേ ഭീഷണികൾ മൂലം ഇവയും വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്.

## 16 നഴ്സ് സ്രാവ്

(Nurse Shark - Ginglymostoma cirratum)

ജിംഗ്ലിമോസ്റ്റോമ എന്ന ജീനസ്സിൽ അവശേഷിക്കുന്ന ഒരേയൊരു സ്രാവാണ് നഴ്സ് സ്രാവ്. 480 സെന്റിമീറ്റർ വരെ നീളം വെയ്ക്കുന്ന ഈ സ്രാവ് ചാരനിറത്തിലോ തവിട്ടുകലർന്ന ചാരനിറത്തിലോ ആണ് കാണപ്പെടുന്നത്. അധികം നീണ്ടതല്ലാത്ത പരന്ന തലയും ചെറിയകണ്ണുകളും ഇവയുടെ പ്രത്യേകതകളാണ്.

തീരക്കടലിലും പവിഴപ്പുറ്റുകൾക്കിടയിലുമാണ് സാധാരണ കാണപ്പെടുക. പാറയിടുക്കിലോ പവിഴപ്പുറ്റുകൾക്കിടയിലോ സ്ഥിരം വിശ്രമസങ്കേതങ്ങൾ ഇവയ്ക്കുണ്ടാകും. രാത്രിയിൽ ഇരതേടൽ കഴിഞ്ഞ് പകൽസമയം വിശ്രമിക്കുവാൻ വേണ്ടി ഓരോ സ്രാവും തന്റെ സ്ഥിരം സങ്കേതത്തിൽ തിരിച്ചെത്തും. ഈ സ്വഭാവം ഇവയെ 'ഡൈവ് ടൂറിസ' ത്തിനു പ്രിയപ്പെട്ടതാക്കുന്നു.

ഇവ കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് ചെയ്യുന്നത്. ഒറ്റ പ്രസവത്തിൽ 2 മുതൽ 29 വരെ കുഞ്ഞുങ്ങളുണ്ടാവും. ഇവയുടെ തൊലിക്ക് നല്ല കട്ടിയുള്ള തിനാൽ വാണിജ്യ പ്രാധാന്യമുണ്ട്. കൂടാതെ ഇറച്ചിക്കും കൊഴുപ്പിനും വേണ്ടിയും ഇവ വേട്ടയാടപ്പെടുന്നു. ഉഷ്ണമിതോഷ്ണ മേഖലാ സമുദ്രങ്ങളിലാണ് ഇവയെ കാണാറ്.



വെള്ളച്ചിറകൻ സ്രാവ്



തിമിംഗല സ്രാവ്

## 17 തിമിംഗല സ്രാവ്

(Whale shark- Rhincodon typus)

ലോകത്തിലെ ഏറ്റവും വലിയ മത്സ്യമാണ് തിമിംഗല സ്രാവ്. ഭീമാകാരയായ തിമിംഗലസ്രാവിനെ മറ്റു സ്രാവുകളിൽ നിന്നും ഒരിക്കലും തെറ്റിപ്പോവുകയില്ല. ചാരമോ നീലയോ പച്ചകലർന്ന തവിട്ടുനിറമോ ഉള്ള ശരീരത്തിൽ നേർത്ത മഞ്ഞയോ വെള്ളയോ ആയ നിരവധി പുള്ളികളുണ്ടാവും. ചെറിയ മേൽച്ചുണ്ടും വലിയ വായും ഇവയുടെ പ്രത്യേകതകളാണ്. തല തടിച്ചതും പരന്നതുമാണ്. ശരീരത്തിന്റെ അടിഭാഗം വെള്ളയോ നേർത്ത മഞ്ഞയോ ആണ്.

ഉൾക്കടലിലും ആഴക്കടലിലും പവിഴപ്പുറ്റുകൾ നിറഞ്ഞ ലഗൂണിലുമെല്ലാം തിമിംഗലസ്രാവ് കാണപ്പെടുന്നു. വളരെക്കൂടുതൽ ദേശാടനം ചെയ്യുന്ന മത്സ്യങ്ങളിലൊന്നാണ് തിമിംഗലസ്രാവ്. 13000 കിലോമീറ്റർ വരെ ഒറ്റത്തവണ ഇവ സഞ്ചരിക്കുന്നു. മെഡിറ്ററേനിയൻ കടൽ ഒഴികെയുള്ള എല്ലാ സമുദ്രങ്ങളിലും ഇവരെ കാണാം.

ചെറുമത്സ്യങ്ങളും മത്സ്യക്കുഞ്ഞുങ്ങളും പ്ലാങ്കണുകളുമാണ് തിമിംഗലസ്രാവിന്റെ മുഖ്യാഹാരം. വായ തുറന്നു പിടിച്ചു നീന്തി ഇരയെ അകത്താക്കിയ ശേഷം വെള്ളം അരിച്ചു വെളിയിൽ തുപ്പുന്നു. ഇരതേടുന്ന സ്ഥലങ്ങൾ (Feeding ground) സ്ഥിരമായി സന്ദർശിക്കുന്ന സ്വഭാവം ഇവയ്ക്കുണ്ട്.

പൂർണവളർച്ചയെത്തിയ തിമിംഗലസ്രാവുകളിൽ ആൺസ്രാവിന് 800 സെന്റിമീറ്റർ നീളംവയ്ക്കും. പെൺസ്രാവുകൾക്കാകട്ടെ 1700 സെന്റിമീറ്റർ മുതൽ 2100 സെന്റിമീറ്റർ വരെ നീളമുണ്ടാകും.

തിമിംഗലസ്രാവുകൾ കുഞ്ഞുങ്ങളെ പ്രസവിക്കുന്നവയാണ് ഒറ്റപ്രസവത്തിൽ 300 കുഞ്ഞുങ്ങൾ വരെയുണ്ടാകും.

മറ്റുപല സ്രാവിനങ്ങളെയും പോലെ തിമിംഗലസ്രാവുകളും വംശനാശഭീഷണി നേരിടുന്ന അമിത മത്സ്യബന്ധനവും വേട്ടയും ആവാസവ്യവസ്ഥകൾ മലിനമാകുന്നതും കപ്പലുകളുമായുള്ള കൂട്ടിയിടിയുമൊക്കെയാണു മുഖ്യകാരണങ്ങൾ.

ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങളിൽ തിമിംഗലസ്രാവുകൾ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ജീവികളാണ്.



# ക്രൂരനായ രാജാവ്

(ജാതകകഥ)

ചിത്രീകരണം വെങ്കി

ഒരിക്കൽ മഹാപിംഗളൻ എന്ന രാജാവ് വാരാണസി ഭരിച്ചിരുന്നു. ക്രൂരനും സ്വാർത്ഥിയുമായിരുന്നു അയാൾ.

സ്വന്തം കുടുംബത്തോടോ ജനങ്ങളോടോ അയാൾക്കു യാതൊരു സ്നേഹവുമുണ്ടായിരുന്നില്ല.



കാരുണ്യത്തിന്റെ കണിക പോലുമില്ലാത്ത അയാൾ പ്രജകളെ ക്രൂരമായി ശിക്ഷിച്ചു. കഠിനമായ നികുതികൾ ചുമത്തി ജനങ്ങളെ ദുരിതത്തിലാക്കി. എല്ലാവരും രാജാവിനെക്കൊണ്ടു പൊറുതിമുട്ടി.

അങ്ങനെയിരിക്കെ ആ രാജാവിന്റെ മകനായി ബോധിസത്വൻ ജനിച്ചു. അച്ഛനെപ്പോലെ ആയിരുന്നില്ല മകൻ. സത്സ്വഭാവി. അവൻ വളർന്നു.

കാലം കുറെ കഴിഞ്ഞു. മഹാപിംഗളൻ മരിച്ചു. അതറിഞ്ഞു പ്രജകൾ സന്തോഷിച്ചു. അവർ ആയിരം വിറകു കൊണ്ടു രാജാവിനെ ദഹിപ്പിച്ചു. ചിതയിലെ ചാരം ആയിരം കുടങ്ങളിലായി നദിയിലൊഴുക്കി.
രാജാവിന്റെ ഒരു പൊടിപോലും നാട്ടിലെങ്ങും കിടക്കരുതെന്ന് ജനങ്ങൾ ആഗ്രഹിച്ചു. ഉടൻതന്നെ ബോധിസത്വനെ രാജാവായി അഭിഷേകം ചെയ്തു. ജനം സന്തോഷം കൊണ്ട് ഉത്സവത്തിമിർപ്പിലായി.



വീടുകളെല്ലാം ദീപങ്ങൾ കൊണ്ട് അലങ്കരിച്ചു. സദ്യകൾ ഒരുക്കി. 'നാട്ടുകാരെ ഒന്നു കണ്ടുകളയാം.' ബോധിസത്വൻ നാടു കാണാനിറങ്ങി. എല്ലായിടത്തും ജനങ്ങളുടെ ചിരിക്കുന്ന മുഖങ്ങൾ.





ഇതെല്ലാം കണ്ടു സന്തോഷിച്ചു നടന്ന ബോധിസത്വൻ കവാടത്തിനരികെ ഒരു കാവൽക്കാരൻ മാത്രം കരഞ്ഞു കൊണ്ടിരിക്കുന്നതു കണ്ടു. രാജാവ് അയാളോടു കാര്യം തിരക്കി.

“മരിച്ച രാജാവിനെ അത്രയ്ക്ക് ഇഷ്ടമായിരുന്നോ?”





അയാൾ പറഞ്ഞു. “അല്ലേ അല്ല. അങ്ങയുടെ അച്ഛൻ ഇതുവഴി പോകുമ്പോഴൊക്കെ ചെങ്കോലുകൊണ്ട് എന്റെ തലയിൽ അടിക്കുമായിരുന്നു. ഒന്നും രണ്ടുമല്ല. എട്ടടി.”
ബോധിസത്വൻ ചോദിച്ചു. “അതിനിപ്പോൾ രക്ഷപ്പെട്ടല്ലോ. പിന്നെന്തിനാണ് കരയുന്നത്?”
കാവൽക്കാരൻ തുടർന്നു.
“എന്റെ പേടി രാജാവ് കാലന്റെ നഗരത്തിലേക്കു കടക്കുമ്പോഴും അവിടത്തെ കാവൽക്കാരനെ ഇതുപോലെ അടിച്ചാൽ അവിടെ കയറ്റാതെ ഇങ്ങോട്ടുതന്നെ പറഞ്ഞുവിടുമോ എന്നാണ്?”

അതുകേട്ട ബോധിസത്വൻ കാവൽക്കാരനെ ആശ്വസിപ്പിച്ചു. “ആയിരം കുടം ജലത്തിലാണ് ആ ചിതയിലെ ചാരം നദിയിലൊഴുക്കിയത്. അതുകൊണ്ട് അദ്ദേഹം ഇനി ഒരിക്കലും തിരിച്ചുവരില്ല. ഒരു കാര്യം കൂടി ഞാൻ അച്ഛനെപ്പോലെ ഒരിക്കലും ക്രൂരത കാണിക്കില്ല.”



# മണ്ണിനെ സ്നേഹിക്കാം മനുഷ്യനെ രക്ഷിക്കാം

**പ്രൊഫ. എസ് ശിവദാസ്**

2015
International
Year of Soils

അറിഞ്ഞോ വിശേഷം? 2015 മണ്ണിന്റെ വർഷമായി ലോകമെങ്ങും ആചരിക്കുന്നു. ഐക്യരാഷ്ട്രസഭയുടേതാണ് ആഹ്വാനം. ആഘോഷം തുടങ്ങിക്കഴിഞ്ഞു. ഡിസംബർ 5 ന് ലോകമണ്ണുദിനത്തിലായിരുന്നു തുടക്കം. *ആരോഗ്യമുള്ള മണ്ണ് ആരോഗ്യമുള്ള ജീവിതത്തിന്* എന്നാണ് ആഘോഷത്തിന്റെ മുദ്രാവാക്യം.

അറിയുക, മണ്ണില്ലെങ്കിൽ മനുഷ്യനില്ല. ജീവനില്ല. ജീവനില്ലെങ്കിൽ മണ്ണുമില്ല. എന്തുകൊണ്ട് എന്നറിയണം. മണ്ണെന്നാൽ വെറും പാറപ്പൊടിയല്ല. അനേകതരം ജൈവാവശിഷ്ടങ്ങൾ ഇഴുകി വിഘടിച്ചു ചേർന്നുണ്ടാകുന്ന ഫലഭൂയിഷ്ഠമായ ജൈവാംശം കൂടിച്ചേർന്നാലേ മണ്ണ് മണ്ണാകൂ. തീർന്നില്ല. നല്ല മണ്ണിൽ ജീവൻ തുടിക്കണം. കാട്ടിൽച്ചെന്ന് നിലത്തു കിടക്കുന്ന കരിയിലപ്പുതപ്പ് ഒന്നു മാറ്റിനോക്കുക. താഴെ കറുത്തുകൊഴുത്ത ജൈവാംശക്കുഴമ്പുകാണാം. കരിയിലകളും മറ്റും ചീഞ്ഞുണ്ടായിരിക്കുന്ന ഹ്യൂമസ്. അതും മണ്ണുമായി കലർന്നാണ് മണ്ണ് പോഷക സമ്പന്നമായി നിലനിൽക്കുന്നത്. ആ മണ്ണിൽ കോടിക്കണക്കിനായിരിക്കും ജീവമാതൃകകൾ. മൈക്രോബുകൾ മുതൽ മണ്ണിരകൾ വരെ. ഒരു കാട്ടിൽച്ചെന്ന് നിലത്തെ കരിയിലപ്പുതപ്പുമാറ്റി പശിമയുള്ള മണ്ണിനെ ഒന്ന് ഇളക്കി നോക്കിയാൽ തന്നെ നൂറു കണക്കിനു ജീവികളെ കാണാം. ഒരു മൈക്രോസ്കോപ്പുകൊണ്ടു പരിശോധിച്ചാലോ ആയിരക്കണക്കിനു കാണാം.!

അതെ, മണ്ണ് ജീവന്റെ പറുദീസയാണ്. മണ്ണിൽ പിടിച്ചു കിടന്നും മണ്ണുകൾക്കിടയ്ക്ക് ഒളിച്ചിരുന്നും മണ്ണിലൂടെ ഇഴഞ്ഞും നീന്തിയും മൺതരികളെ ആശ്ലേഷിച്ചും കഴിയുകയാണ് ലക്ഷക്കണക്കിനു ജീവജാലങ്ങൾ. ആ ജീവലോകം മണ്ണിനു ജീവൻ നൽകുന്നു. അതെ; നല്ല മണ്ണിനു ജീവനുണ്ട്. ജീവന്റെ ചൂടും ചൂരും സ്പന്ദനവുമുണ്ട്.

ആ മണ്ണിലാണ് ജൈവവൈവിധ്യം നിലനിൽക്കുന്നത്. ആ മണ്ണിലാണ് നാം കൃഷിചെയ്യുന്നത്. നിലനിൽപ്പ് ഉറപ്പാക്കുന്ന സുസ്ഥിരവികസനത്തിന് നല്ല മണ്ണുവേണം.





**അതെ, മണ്ണ് ജീവന്റെ പറുദീസയാണ്. മണ്ണിൽ പിടിച്ചു കിടന്നും മണ്ണുകൾക്കിടയ്ക്ക് ഒളിച്ചിരുന്നും മണ്ണിലൂടെ ഇഴഞ്ഞും നീന്തിയും മൺതരികളെ ആശ്ലേഷിച്ചും കഴിയുകയാണ് ലക്ഷക്കണക്കിനു ജീവജാലങ്ങൾ. ആ ജീവലോകം മണ്ണിനു ജീവൻ നൽകുന്നു. അതെ; നല്ല മണ്ണിനു ജീവനുണ്ട്. ജീവന്റെ ചൂടും ചൂരും സ്പന്ദനവുമുണ്ട്.**

സുസ്ഥിരമായ കൃഷി നടക്കണമെങ്കിൽ മണ്ണിനെ രക്ഷിക്കണം. മണ്ണൊലിപ്പു തടയണം. മലവെട്ടി വെളുപ്പിക്കൽ നിർത്തണം. പുഴ കുഴിച്ചു കുളമാക്കുന്ന കളി അവസാനിപ്പിക്കണം. മണ്ണിനെ കൊല്ലുന്ന കൃഷി നിർത്തണം. വിഷങ്ങളായ കീടനാശിനികളും കളനാശിനികളും മണ്ണിലേക്ക് ഒഴിക്കുന്നതു നിർത്തണം . മണ്ണിലെ മൈക്രോബുകളെ (സൂക്ഷ്മജീവികളെ ) രക്ഷിച്ചു നിർത്തണം.

മണ്ണിലെ പോഷകങ്ങളെ നിലനിർത്തിയാലേ കൃഷി വിജയിക്കൂ. മണ്ണിലെ ജൈവ കാർബൺ നശിക്കാതെ നിലനിർത്തണം. മണ്ണിനെ മണ്ണാക്കി നിർത്തുന്ന കാടുകളെയും സംരക്ഷിക്കണം.

മണ്ണില്ലെങ്കിൽ ജീവനില്ല. ജീവനില്ലെങ്കിൽ ജൈവാംശമുണ്ടാകില്ല, മണ്ണ് മണ്ണായി മാറുകയുമില്ല. മണ്ണിലേക്കാണ് ജീവികളുടെ ഉച്ഛിഷ്ടങ്ങൾ എത്തിപ്പെടുന്നത്. മണ്ണാണ് അവയെ വിഘടിപ്പിച്ചു പോഷകങ്ങളാക്കി മാറ്റി മണ്ണിൽ ചേർക്കുന്നത്. മണ്ണിനെ വേണമെങ്കിൽ ജീവന്റെ 'മറുപിള്ള' യായി വിശേഷിപ്പിക്കാം.

മണ്ണിനെ രക്ഷിക്കുന്നത് മനുഷ്യനെ മാത്രം രക്ഷിക്കാനല്ല. ലോകത്തെ രക്ഷിക്കാനാണ്. ലോകത്തെ മുഴുവൻ ജീവനേയും രക്ഷിക്കാനാണ്, പ്രകൃതിയെ രക്ഷിക്കാനാണ്.

മണ്ണിനെ അറിയുന്നവർക്കേ മണ്ണിനെ രക്ഷിക്കാനാകൂ. ഫ്ളാറ്റുകളിൽ മണ്ണു കാണാതെ കഴിയുന്നവർക്ക് മണ്ണ് എന്താണെന്നുപോലും മനസ്സിലാവുകയില്ല. മണ്ണിനെ രക്ഷിക്കാൻ മണ്ണിലേക്കിറങ്ങണം. മണ്ണ് എന്ന മഹാത്ഭുതത്തെ സ്പർശിക്കണം. മണ്ണിൽ കളിക്കണം. മണ്ണിൽ കൃഷി ചെയ്യണം. ഒരു തുളസിയോ തുമ്പയോ മുല്ലയോ ചെമ്പരത്തിയോ പനിക്കൂർക്കയോ എങ്കിലും മണ്ണിൽ നട്ടുവളർത്തി മണ്ണിന്റെ മാജിക് കാണണം. മണ്ണിനെ കണ്ട്, അറിഞ്ഞ്, സ്നേഹിച്ചു വളരുന്ന തലമുറ മണ്ണിന്റെ മക്കളാകും. മണ്ണിനെ രക്ഷിക്കും. ലോകത്തെ രക്ഷിക്കും.

ആ സംസ്കാരമുണ്ടാകാൻ നമുക്കു മണ്ണിന്റെ വർഷം നന്നായി ആഘോഷിക്കാം. മണ്ണിനെപ്പറ്റി പാടാം. പഠിക്കാം. മണ്ണിനെ രക്ഷിക്കാൻ മുന്നിട്ടിറങ്ങാം. മനുഷ്യാ നീ മണ്ണാകുന്നു എന്ന വചനത്തിന്റെ ശരിയായ അർത്ഥം ഉൾക്കൊള്ളാം.

# അമ്മപ്പൂതവും കുട്ടിപ്പൂതവും

ഗ്രേസി

കാരിങ്കല്ലിൽ കടഞ്ഞെടുത്തതുപോലെ കാലും നീട്ടിയിരിക്കുന്ന അമ്മപ്പൂത* ത്തിന്റെ മടിയിൽ തലവച്ചു കിടന്ന് കുട്ടിപ്പൂതം ചിണുങ്ങി.

''അമ്മ, ആ ഉണ്ണിപ്പൂതത്തിനെക്കുറിച്ച് ഒന്നൂടെ പറയ്യോ?''

അമ്മപ്പൂതം എകിറ് കാണിച്ചു ശാസിച്ചു.

''ആ ഉണ്ണി പൂതല്ലാന്ന് നെന്നോട് എത്രവട്ടം പറഞ്ഞു?''

അപ്പോഴേക്കും അമ്മപ്പൂതത്തിന്റെ ഉണ്ടക്കണ്ണുകളിൽ വാത്സല്യം വന്നു നിറഞ്ഞു.

''അതൊരു ചുന്നരൻ ഉണ്ണ്യാരുന്നു! പൂവമ്പഴത്തിന്റെ ചേല്! ചിരിക്കുമ്പോ പാൽനിലാവിന്റെ തെളിച്ചം!''

കുട്ടിപ്പൂതത്തിന് അന്നേരം അരിശം വന്നു. പിടഞ്ഞെണീറ്റ് അവൻ ചോദിച്ചു:

''എന്നാപ്പിന്നെ എന്നേം അങ്ങനത്തെ ഒരുണ്ണ്യാക്കാർന്നില്ലേ അമ്മയ്ക്ക്?''

അമ്മപ്പൂതം ഹി! ഹി! എന്നു ചിരിച്ച് അവനെ പുണർന്ന് ഉമ്മ വച്ചു പറഞ്ഞു:

''ചക്കരമുത്തേ! അതല്ലേടാ അമ്മേടെ പുത്തി?'' അങ്ങനെയൊരു പട്ടുണ്ണ്യായതുകൊണ്ടല്ലേ ഞാനവനെ തട്ടിയെടുത്തത്? പിന്നേം പുത്തിമോശം കാണിക്കുന്നതെന്തിന്? എന്നേപ്പോലെത്തന്നെ മൊകറും എകിറോള്ള** ഒരു ഉണ്ണിയാവുമ്പോ അതിനെ എനിക്കു തന്നെയിരിക്കുല്ലൊ!''

ഉണ്ടക്കണ്ണുകൾ ചിമ്മി കുട്ടിപ്പൂതം ചിരിക്കാൻ തുടങ്ങി. ചിരി തീർന്നപ്പോൾ അവൻ പറഞ്ഞു:

''അമ്മാ, ആ ഉണ്ണീനെപ്പോലെ എനിക്കും പള്ളിക്കൂടത്തിപ്പോണം?''

അമ്മപ്പൂതം പൂക്കിടിമലയുടെ താഴേക്ക് കണ്ണയച്ച് ഒരു നിമിഷം നിന്നു. പിന്നെ നെടുവീർപ്പോടെ പറഞ്ഞു:

''അതിനിപ്പോ കുടിപ്പള്ളിക്കൂടോക്കെ മനുഷമ്മാര് വേണ്ടാന്ന് വച്ചില്ലേ? അതങ്ങനെയൊരു കാലം! ആ ഉണ്ണി പറയൻകുന്ന് കേറിവരുന്നത് ഇപ്പഴും കണ്ണുംവെട്ടത്തൊണ്ട്! ഉണ്ണി കൈവിട്ട് പോയപ്പോ പിന്നെ അവടെ കഴിഞ്ഞൂടാൻ വെഷമമായി. അങ്ങനെയല്ലേ അമ്മ പറയൻകുന്ന് വിട്ട് ഈ മലേല് പാർക്കാ തൊടങ്ങീത്. അതിപ്പിന്നെയാ ഈ മലയ്ക്ക് പൂതക്കുടിമലാന്ന് പേരായത്. പറഞ്ഞു പറഞ്ഞ് പിന്നെയത് പൂക്കുടി മലയാവ്വേം ചെയ്തു. അങ്ങനെയിരിക്കുമ്പോഴാ എനിക്കും സൊന്തായിട്ടൊരു കുട്ടി വേണംന്ന് തോന്നീത്. വേണ്ടാവേണ്ടാന്ന് പൂതങ്ങടെ മൂപ്പൻ എന്തോരം പറഞ്ഞൂന്നോ! ഇനീള്ളകാലം പൂതങ്ങൾക്ക് കഴിഞ്ഞൂടാൻ വല്യ വെഷമമാവുംന്ന്. പക്ഷേ ഞാൻ ചൊട്ടയ്ക്ക് സമ്മതിച്ചില്ല മന്ത്രോം തന്ത്രോം പൂജേമൊക്കെയായപ്പോ പൂതങ്ങളുടെ ദൈവം വരം തന്നു.''

കുട്ടിപ്പൂതം പരിഭവിച്ചു.

''അങ്ങനെ അമ്മേടെ

വര: സജി വി



*ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ കഥാപാത്രം

ആശ സാധിച്ചു. അപ്പോ പ്പിന്നെ എന്റെ ആശയോ?''

അമ്മപ്പൂതം കൈമലർത്തി.

''കുടിപ്പള്ളിക്കൂടം ഇല്ലാത്തേന് ഞാനിപ്പോ എന്തു ചെയ്യാനാ?''

കുട്ടിപ്പൂതത്തിന് അന്നേരം വാശികയറി. അവൻ അങ്ങ് താഴ്വാരത്തിലേക്കു കൈ ചൂണ്ടി

''കണ്ടോ? തീപ്പെട്ടിക്കൂട് പോലത്തെ സ്കൂൾബസ്സ് കള് പോണത്? കുഞ്ഞുറുമ്പു പോലെ അതില് നെറച്ചും കുട്ട്യോളും ഇരിക്കണൊണ്ട് പിന്നെന്താ?''

അമ്മപ്പൂതം താടിക്ക് കൈ കൊടുത്ത് അത്ഭുതംകൂറി.

''ഈ ചെക്കനു പ്രാന്തായോ? എപ്പവേണ ങ്കിലും ഓലേം എഴുത്താണീ യായിട്ട് പറയൻകുന്നു കേറി മറിഞ്ഞു പോണതുപോലയാ ഇത്? ഈവക പള്ളിക്കൂടങ്ങ ളിലൊക്കെ ഒരു കുഞ്ഞു ജനിക്കുമ്പളത്തേക്കും സീറ്റ് ഒപ്പിച്ചെടുക്കണം. അതിനു കാശും ഇമ്മിണി കൊടു ക്കണം. പിന്നെ യൂണിഫോം, ഷൂസ്, സോക്സ്, ടൈ ഇങ്ങനേക്കൊള്ളാമാരണങ്ങള് വേറേം. എന്റെ ചക്കരമുത്ത് ആ പൂതിയങ്ങുകളഞ്ഞേക്ക്!''

കുട്ടിപ്പൂതം മുഖം വീർപ്പിച്ചു.

''അമ്മ ആ പട്ടുണ്ണീടെ കൂടെ കളിക്കാൻ കൂടീത് ഈ കോലത്തിലല്ലല്ലൊ? നല്ല ചുന്തരി പെങ്കിടാവായിട്ടല്ലേ? പിന്നെന്താ എന്നെ ആ കുട്ട്യോൾടെ മാതിരിയാക്കി യാല്? ഒരു ദെവസമെങ്കിലും എനിക്കാ പള്ളിക്കൂടത്തി ലൊന്നു പോണം!''

അമ്മപ്പൂതം ഒരു നിമിഷം കണ്ണടച്ചിരുന്ന് ആലോചിച്ചു.

''ശരി! നിന്നെ എൽ കെ ജീക്കേറ്റാം. ഏതെങ്കിലും ഒരു കുട്ടിക്ക് പനി വരട്ടെ, അപ്പോ അവന്റെ വേഷത്തില് നിനക്കു ക്ലാസ്സിലു കേറിക്കൂടാം.''

അങ്ങനെ ഒരു ദിവസം അനിരുദ്ധ് ബി യുടെ വേഷ ത്തിൽ കുട്ടിപ്പൂതം സ്കൂളി ലേക്കു പോയി. അവൻ മടങ്ങിവരുന്നതും കാത്ത് അമ്മപ്പൂതം പാറയുടെ വിട വിലെ കിളിവാതിൽ മലർക്കെ തുറന്നുവച്ചു വഴിക്കണ്ണുമായി നിന്നു. മടങ്ങിവന്നപ്പോൾ അവന്റെ മുഖത്ത് തീരെ സന്തോഷമുണ്ടായിരുന്നില്ല.

അമ്മപ്പൂതം അവനെ നെഞ്ചിൽ ചേർത്തു ചോദിച്ചു

''എന്റെ ചക്കരമുത്തിനി തെന്തുപറ്റി?''

കുട്ടിപ്പൂതം പുസ്തകം കുത്തിനിറച്ച സഞ്ചി ഒരു മൂലയിലേക്കു വലിച്ചെറിഞ്ഞു സങ്കടപ്പെട്ടു.

''എനിക്കു മതിയായി അമ്മേ! എന്റെ വലതു വശത്തു ആദിത്യൻ ഡിയും ഇടതുവശത്തു സിദ്ധാർത്ഥ് ആറും ആയിരുന്നു. ആരും ഒന്നും മിണ്ടുന്നില്ല. ചുമ്മാ മസില് പിടിച്ചിരിക്കുവാ. ടീച്ചറ് എ ബി സീ ന്നൊക്കെ പിച്ചും പേയും പറയു ന്നൊണ്ട്. ആകെ ഒരു രസോണ്ടാരുന്നില്ല!''

അമ്മപ്പൂതം കുടൽമാല കിലുങ്ങുംമട്ടിൽ പൊട്ടിച്ചിരിച്ചു.

''എന്നാല് ഇനിയൊരു ദിവസം നീ സർക്കാര് പള്ളിക്കൂടത്തിൽപ്പോയി നോക്ക്. അപ്പോഴറിയാം അവിടത്തെ പടുതി.''

കുട്ടിപ്പൂതം സ്വന്തം വേഷത്തിലേക്ക് പകർന്നു ചോദിച്ചു.

''അവിടെ എന്താ പടുതി''

''ചെല്ല്! കണ്ടറിഞ്ഞു പോരാല്ലോ?''

''ഓ! എനിക്കെങ്ങോട്ടും പോണ്ട!'' എന്നു പറഞ്ഞ് കുട്ടിപ്പൂതം അമ്മപ്പൂതത്തിന്റെ മടിയിൽ കയറിയിരുന്നു. അപ്പോഴാണ് കാൽച്ചോട്ടി ലൊരിളക്കം തട്ടുന്നതായി അമ്മപ്പൂതത്തിനു തോന്നി യത്. 'ഹയ്യോ! ചതിച്ചു!' എന്നു നിലവിളിച്ച് അമ്മപ്പൂതം കുട്ടിപ്പൂതത്തിനെ തൂക്കിയെടുത്തു ഗുഹയിൽ നിന്നു പുറത്തേക്കു പാഞ്ഞു. പൂക്കുടിമലയുടെ നെറുക യിൽനിന്ന് അവർ താഴേക്ക് നോക്കി.

**അപ്പോഴാണ് കാൽച്ചോട്ടിലൊരിളക്കം തട്ടുന്നതായി അമ്മപ്പൂതത്തിനു തോന്നിയത്. 'ഹയ്യോ! ചതിച്ചു!' എന്നു നിലവിളിച്ച് അമ്മപ്പൂതം കുട്ടിപ്പൂതത്തിനെ തൂക്കിയെടുത്തു ഗുഹയിൽ നിന്നു പുറത്തേക്കു പാഞ്ഞു. പൂക്കുടിമലയുടെ നെറുകയിൽ നിന്നു അവർ താഴേക്ക് നോക്കി.**

കുട്ടിപ്പൂതം അമ്പരന്ന് അമ്മപ്പൂതത്തോടു ചോദിച്ചു

''അതേതാ അമ്മാ കൊമ്പും തേറ്റേമൊക്കെള്ള ജീവി?''

നെഞ്ചത്ത് കൈവച്ച് അമ്മപ്പൂതം കണ്ണീരോടെ പറഞ്ഞു:

''അതാണ് കുഞ്ഞേ ജേ സീ ബി! ഇനി നിമിഷനേ രംകൊണ്ട് ഈ പൂക്കിടിമല നെരപ്പാകും. മനുഷ്യന്മാരുടെ മുടിഞ്ഞ ആർത്തികൊണ്ടു ഈ ഭൂമി മൊത്തം നശിപ്പിക്കാമ്പോവ്വല്ലേ? ഇനി ഇവടെ നിന്നട്ട് കാര്യോല്ല!'' പിന്നെ തിടുക്കത്തിൽ കുട്ടിപ്പൂതത്തിന്റെ കൈയും പിടിച്ച് ശൂംന്ന് ആകാശത്തിൽ മറഞ്ഞു.

**എകിറ്: ദംഷ്ട്ര, മൊകറ്: മുഖം

# ചിക്കൻപോക്സിനെ പേടിക്കണ്ട

ഡോ. ബി പത്മകുമാർ

കുട്ടികളുടെ പരീക്ഷ മുടക്കുന്ന പനി എന്നാണു ചിക്കൻപോക്സ് അറിയപ്പെടുന്നത്. കാരണം വേനൽക്കാലത്താണ് ഈ പകർച്ചവ്യാധി ഏറ്റവും കൂടുതൽ വ്യാപകമാകുന്നത്. നമ്മുടെ പരീക്ഷാക്കാലവും മാർച്ച്-ഏപ്രിൽ മാസങ്ങളിലാണല്ലോ. പരീക്ഷയുടെ തയ്യാറെടുപ്പും ഉറക്കമിളച്ചു പഠിക്കലുമൊക്കെയായി ശരീരത്തിന്റെ പ്രതിരോധശേഷി കുറയുമ്പോൾ രോഗാണുക്കൾ പെട്ടെന്നുതന്നെ ശരീരത്തെ കീഴടക്കുന്നു.

ചിക്കൻപോക്സ് ഒരു വൈറസ് രോഗമാണ്. വെരിസെല്ല- സോസ്റ്റർ വൈറസുകളാണ് രോഗമുണ്ടാക്കുന്നത്. പ്രധാനമായും കുട്ടികളെയാണ് രോഗം ബാധിക്കുന്നത്. ഏതായാലും ഒരിക്കൽ ചിക്കൻപോക്സ് വന്നാൽ ഒരു ഗുണമുണ്ട്. പിന്നീടൊരിക്കലും രോഗമുണ്ടാവുകയില്ല. കാരണം ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന പ്രതിരോധശേഷിയാണ് രോഗബാധയെ തുടർന്നു ലഭിക്കുന്നത്.

## രോഗം പകരുന്ന വഴി

രോഗിയുമായി അടുത്തിടപഴകുന്നതിലൂടെയാണ് രോഗം മറ്റൊരാളിലേക്കു പകരുന്നത്. രോഗബാധിതരായ വ്യക്തികളുടെ ചർമത്തിലെ കുമിളകളിലും ഉമിനീരിലും വൈറസുകളുടെ സാന്നിധ്യമുണ്ട്. ചർമത്തിൽ പാടുകൾ പ്രത്യക്ഷപ്പെടുന്നതിനു മുമ്പുതന്നെ രോഗിയിൽ നിന്നു രോഗപ്പകർച്ച ഉണ്ടാകാം. ഇതാണ് ചിക്കൻ പോക്സിന്റെ വ്യാപനം സംബന്ധിച്ച ഏറ്റവും പ്രധാന പ്രശ്നം. ചർമത്തിൽ കുമിളകൾ ഒന്നുമില്ലാതെ പനിമാത്രമുള്ള വ്യക്തിയിൽനിന്നും രോഗം പകരാം.

ചർമത്തിൽ പാടുകൾ പ്രത്യക്ഷപ്പെട്ട് ഏഴു ദിവസങ്ങൾ വരെ രോഗം മറ്റുള്ളവരിലേക്ക് പടരാനിടയുണ്ട്. അതുകൊണ്ടാണ് ചിക്കൻപോക്സ് ബാധിച്ച വ്യക്തി ഒരാഴ്ചയെങ്കിലും മറ്റുള്ളവരുമായി ഇടപഴകാതെ വിശ്രമിക്കണമെന്നു പറയുന്നത്. രോഗം പകരുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായ ഒരു തെറ്റിദ്ധാരണയുണ്ട്. പനിയൊക്കെ മാറി കുളിക്കുമ്പോഴാണ് രോഗപ്പകർച്ചയ്ക്ക് ഏറ്റവുമധികം സാധ്യത





എന്നു വിശ്വസിക്കുന്നവരേറെയാണ്. എന്നാൽ രോഗത്തിന്റെ അവസാന ഘട്ടത്തിൽ രോഗം മറ്റുള്ളവരിലേക്ക് പകരുകയില്ല.

## ശരീരത്തിൽ പാടും കുമിളകളും

പനി, തലവേദന, നടുവേദന, ക്ഷീണം തുടങ്ങിയവയാണു ചിക്കൻപോക്സിന്റെ പ്രാരംഭലക്ഷണങ്ങൾ. ഈ അവസരത്തിൽ ചിക്കൻപോക്സിനെ മറ്റുപനികളിൽനിന്നു തിരിച്ചറിയാൻ കഴിഞ്ഞെന്നു വരികയില്ല. തുടർന്നാണ് രോഗത്തിന്റെ ഏറ്റവും സവിശേഷലക്ഷണങ്ങളായ പാടുകൾ പ്രത്യക്ഷപ്പെടുക. മുഖത്തും കൈകാലുകളിലും കുറഞ്ഞ അളവിൽ പാടുകളുണ്ടാകുന്നു. ചുമന്നുതടിച്ച പാടുകൾ പെട്ടെന്നുതന്നെ ചെറിയ കുമിളകളായി മാറുന്നു. ശരീരത്തിലാകെ മഴത്തുള്ളികൾ വിതറിയ പോലെയായിരിക്കും കുമിളകൾ കാണപ്പെടുക. രണ്ടോ മൂന്നോ ദിവസങ്ങൾ കഴിയുമ്പോൾ കുമിളകൾ ഉണങ്ങി പൊറ്റയായിമാറുന്നു. സാധാരണഗതിയിൽ ഒന്നു രണ്ടാഴ്ചകൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പൂർണമായും അപ്രത്യക്ഷമാകുന്നു. എന്നാൽ ചിലപ്പോൾ ചിക്കൻപോക്സ് മറ്റവയവങ്ങളെ ബാധിച്ച് സങ്കീർണതകൾ ഉണ്ടാക്കിയെന്നു വരാം. താരതമ്യേന അപകടകാരിയല്ലാത്ത ചിക്കൻപോക്സ് മാരകമാകുന്നത് തലച്ചോറിനെയും ശ്വാസകോശത്തെയും മറ്റും ബാധിക്കുമ്പോഴാണ്. വൈറസ് തലച്ചോറിനെ ബാധിക്കുമ്പോൾ തലവേദന, ഓർമക്കുറവ്, അസാധാരണമായ പെരുമാറ്റം, ബോധക്ഷയം എന്നിവയുണ്ടാകാം. പ്രായമുള്ളവരിൽ ശ്വാസകോശത്തെ ബാധിച്ച് ന്യുമോണിയ ഉണ്ടായെന്നു വരാം. ഗുരുതരമായ ചിക്കൻപോക്സ് ഹൃദയം, വൃക്കകൾ, കരൾ എന്നിവയുടെ പ്രവർത്തനതകരാറുകൾക്കു കാരണമാകാറുണ്ട്.

ചില രോഗലക്ഷണങ്ങൾ ചിക്കൻപോക്സ് ഗുരുതരമാകുന്നതിന്റെ സൂചനയാണ്. ചുമ, മഞ്ഞനിറത്തിൽ കഫം പോവുക, ഓർമക്കുറവ്, അപസ്മാരചേഷ്ടകൾ, മൂത്രത്തിന്റെ അളവു കുറയുക തുടങ്ങിയവയൊക്കെ ശ്രദ്ധിക്കേണ്ട ലക്ഷണങ്ങളാണ്. ഇവയുണ്ടായാൽ എത്രയുംവേഗം വൈദ്യസഹായം തേടണം.

## വിശ്രമമാണ് ചികിത്സ

ചിക്കൻപോക്സിന്റെ ചികിത്സയ്ക്ക് ആന്റിവൈറൽ മരുന്നുകൾ ലഭ്യമാണെങ്കിലും രോഗിക്ക് നൽകുന്ന വിശ്രമം തന്നെയാണ് പ്രധാനം. നല്ല വായുസഞ്ചാരമുള്ള മുറിയിൽ രോഗിയെ വിശ്രമിക്കാൻ അനുവദിക്കണം. കഞ്ഞി പോലെ പെട്ടെന്നു ദഹിക്കുന്ന ഭക്ഷണസാധനങ്ങളായിരിക്കും നല്ലത്. ആവശ്യത്തിന് ഉപ്പുചേർത്തു കഴിക്കാം. ഉപ്പ് തീരെ ഒഴിവാക്കണമെന്നു പറയുന്നതിന് യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ല. പഴങ്ങളും പച്ചക്കറിയും ധാരാളമടങ്ങിയ



ഭക്ഷണരീതിയായിരിക്കും ഉത്തമം. ദഹിക്കാൻ പ്രയാസമുള്ള മാംസഭക്ഷണവും വറപൊരിസാധനങ്ങളും ഒഴിവാക്കുന്നതാണ് നല്ലത്. ദിവസവും 6–8 ഗ്ലാസ്സ് വെള്ളമെങ്കിലും കുടിക്കുകയും വേണം.

കായികാധ്വാനം പരിപൂർണമായും ഒഴിവാക്കണം. ചിക്കൻപോക്സ് വന്നവർ യാത്രചെയ്യുന്നതും വീട്ടിലെ ജോലികൾ ചെയ്യുന്നതുമൊക്കെയാണ് രോഗം സങ്കീർണമാകുന്നതിന്റെ കാരണങ്ങളിലൊന്നാണ്. കൂട്ടുകാർ സ്കൂളിൽ പോകാതെ വീട്ടിൽ ഇരുന്നാൽ മാത്രം പോര. ടി വിയും കമ്പ്യൂട്ടറുമൊക്കെ ഓഫ് ചെയ്ത് കിടക്കയിൽ തന്നെ പൂർണമായും വിശ്രമിക്കണം.

ശരീരശുചിത്വം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ദിവസവും ചെറുചൂടുവെള്ളത്തിൽ മേൽകഴുകുകയോ, ശരീരം തുണി മുക്കി തുടക്കുകയോ ചെയ്യാം. മേൽകഴുകുമ്പോൾ പൊട്ടുകൾ ഇളകിപോകാതെ മൃദുവായി ശരീരം ശുചിയാക്കുന്നതാണു നല്ലത്

ചിക്കൻപോക്സ് പ്രതിരോധിക്കാൻ വാക്സിനേഷനും നിലവിലുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ രോഗത്തെ ചെറുക്കാനായി വാക്സിനേഷൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ രോഗബാധയെത്തുടർന്ന് ആജീവനാന്തപ്രതിരോധശേഷി കിട്ടുമെന്നുള്ളതിനാൽ ചിക്കൻപോക്സ് വാക്സിൻ നിർബന്ധമാക്കാറില്ല.

## ആഫ്രിക്കയിലെ ഈനാംപേച്ചി



ചിത്രം കണ്ടപ്പോൾത്തന്നെ ആളെ മനസ്സിലായിക്കാണും. ഈനാംപേച്ചി. നമ്മുടെ നാട്ടിൽക്കാണുന്ന ഈനാംപേച്ചിയല്ല ഇത്. ആഫ്രിക്കയിലാണ് ഇവരുടെ വാസം. പേര് African White bellied Pangolin (Phataginus tricuspis). മരങ്ങളിൽ കയറുന്നതിനാൽ മരയീനാംപേച്ചി എന്നും പേരുണ്ട്.

ലോകത്തെല്ലായിടത്തുമുള്ള മിക്ക ഈനാംപേച്ചി സ്പീഷീസുകളും ഇപ്പോൾ വംശനാശഭീഷണി നേരിടുകയാണ്. ആഫ്രിക്കയിലെ ഈ ഈനാംപേച്ചിയുടെ കാര്യവും വ്യത്യസ്തമല്ല. വേട്ടക്കാരാണ് ഇവരെ വംശനാശഭീഷണിയിലേക്ക് എത്തിച്ചതിൽ മുഖ്യ ഉത്തരവാദികൾ. ഇറച്ചിക്കായിട്ടായിരുന്നു വേട്ട. ചില പ്രാകൃത മരുന്നുകൾക്കായും ഇവയെ വേട്ടയാടുന്നുണ്ട്. വേട്ടയാടിപ്പിടിച്ച ഈനാംപേച്ചികളെ മറ്റുരാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്തു തുടങ്ങിയതോടെയാണ് ഇവരുടെ വംശം ഗുരുതരമായ ഭീഷണി നേരിട്ടുതുടങ്ങിയത്. നിയന്ത്രണങ്ങൾ കൊണ്ടുവന്നെങ്കിലും ഇപ്പോഴും വേട്ടയും കയറ്റുമതിയും തുടരുന്നുണ്ടത്രേ. എല്ലാ വർഷവും ഫെബ്രുവരി 21 ലോക ഈനാംപേച്ചി ദിനമായി ആചരിക്കുകയും ചെയ്യുന്നുണ്ട്. കെരാറ്റിൻനിർമ്മിതമായ വലിയ ശല്ക്കങ്ങളാണ് ഈനാംപേച്ചികളെ മറ്റു സസ്തനികളിൽനിന്നു വ്യത്യസ്തമാക്കുന്നത്. വിവിധ ഷഡ്പദങ്ങളാണ് ഇവയുടെ മുഖ്യാഹാരം. ഉറുമ്പും ചിതലുമെല്ലാം ഇവയുടെ ഇഷ്ടഭോജ്യങ്ങൾ തന്നെ.

**എൻ.കെ.എസ്.**

# തോറ്റകുട്ടി

കെ കെ പല്ലശ്ശന



കൊല്ലപ്പരീക്ഷയിൽ തോറ്റകുട്ടി
കുന്നിൻമുകളിൽ കയറിനിന്നു.
കാരച്ചെടികളിൽ കല്ലെറിഞ്ഞു
കാറ്റിനോടെന്തോ കയർത്തുചൊല്ലി
കലിയോടെ കല്ലൊന്നുരുട്ടിവിട്ടു.
കത്തുന്ന സൂര്യനെയൊന്നുനോക്കി
കുന്നിലെ കുഞ്ഞുമരച്ചുവട്ടിൽ
ചെന്നിരുന്നേറെക്കരഞ്ഞു പിന്നെ,
തോറ്റില്ല, തോൽക്കില്ല – കാറ്റുചൊല്ലി
ആറ്റക്കുരുവിയതേറ്റുചൊല്ലി.
തോറ്റതുകേവലം ചോദ്യമല്ലോ
തോറ്റതു കൊല്ലപ്പരീക്ഷയല്ലോ.
കൊല്ലപ്പരീക്ഷയിൽ തോറ്റകുട്ടി
കുന്നിൻമുകളിൽ ജയിച്ചുനിന്നു.

വര: സചീന്ദ്രൻ കാറഡ്ക്ക

ക്ലാസിക് പരിചയം




# 125 വയസ്സായ ഇന്ദുലേഖ

**ഡോ. പി കെ രാജശേഖരൻ**

'ഇന്ദുലേഖ' യ്ക്ക് 125 വയസ്സായി. എന്നുവച്ചാൽ ഒ ചന്തുമേനോൻ എഴുതിയ 'ഇന്ദുലേഖ' എന്ന നോവൽ പ്രസിദ്ധപ്പെടുത്തിയിട്ട് 125 വർഷം പൂർത്തിയായി എന്നർത്ഥം. മറ്റൊരുതരത്തിൽ പറഞ്ഞാൽ മലയാളഭാഷയിലെ ആദ്യത്തെ നോവൽ പിറന്നിട്ട് 125 വർഷമായിരിക്കുന്നു.

ഇതു വായിക്കുമ്പോൾ ചിലർക്കെങ്കിലും സംശയമുണ്ടാവും-'ഇന്ദുലേഖ' യാണോ മലയാളത്തിലെ ആദ്യനോവൽ? 'കുന്ദലത' യല്ലേ ആദ്യനോവൽ, 'ഇന്ദുലേഖ' ലക്ഷണമൊത്ത ആദ്യനോവലല്ലേ? തുടങ്ങിയ ചോദ്യങ്ങളും അവരിൽനിന്ന് ഉയർന്നുവരും. പഴയ സാഹിത്യസങ്കല്പങ്ങൾ അനുസരിച്ച് പണ്ടേതന്നെ പഠിപ്പിച്ചുവരുന്ന ചില കാര്യങ്ങൾ കൊണ്ടാണ് ഇത്തരം സംശയങ്ങൾ ഉണ്ടാകുന്നത്. കാലവും നോവലിനെക്കുറിച്ചുള്ള സങ്കല്പങ്ങളും ആശയങ്ങളും പഠനരീതികളും മാറിയിരിക്കുന്നു. 'ഇന്ദുലേഖ'യാണ് മലയാളത്തിലെ ആദ്യനോവൽ എന്ന് ഉറപ്പിച്ചു പറയാൻ ഇപ്പോൾ സംശയിക്കേണ്ടതില്ല.

നോവൽ എന്ന സാഹിത്യരൂപത്തിന് ചില പ്രത്യേക ലക്ഷണങ്ങൾ ഉണ്ടെന്ന അന്നത്തെ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ 80 വർഷംമുമ്പ് സാഹിത്യനിരൂപകനായ എം പി പോൾ നടത്തിയതാണ് 'ലക്ഷണമൊത്ത ആദ്യമലയാള നോവലാണ് 'ഇന്ദുലേഖ' എന്ന നിരീക്ഷണം. അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' (1887) യാണ് ആദ്യത്തെ നോവലെന്നും അതിനു ലക്ഷണം തികഞ്ഞിട്ടില്ലെന്നും എം പി പോൾ അക്കാലത്ത് അഭിപ്രായപ്പെട്ടു. കാലവും ലോകവും സാഹിത്യസങ്കല്പങ്ങളുമെല്ലാം മാറിയിട്ടും ഇന്നും ആ അഭിപ്രായം നിലനിൽക്കുന്നതുകൊണ്ടാണ് 'ഇന്ദുലേഖ' യാണോ ആദ്യനോവൽ എന്ന സംശയം ഉണ്ടാകുന്നത്. സാഹിത്യത്തിൽ മാത്രമേ ഇത്തരം പഴയ സങ്കല്പങ്ങൾ ചോദ്യം ചെയ്യപ്പെടാതെ ഇപ്പോഴും നിലനിൽക്കുന്നുള്ളൂ. ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, ധനശാസ്ത്രം, രാഷ്ട്രതന്ത്രം, സാമൂഹികശാസ്ത്രം തുടങ്ങിയവയിലൊന്നും എൺപതുവർഷം പഴക്കമുള്ള അഭിപ്രായങ്ങൾ പരമസത്യമെന്ന മട്ടിൽ ഇപ്പോൾ ആരും പഠിക്കാറും പഠിപ്പിക്കാറുമില്ലല്ലോ.

'കുന്ദലത' നോവലിന്റെ പൂർവരൂപമെന്നു പറയാവുന്ന റൊമാൻസ് അഥവാ വീരകഥ

എന്ന വിഭാഗത്തിൽപ്പെടുന്ന രചനയാണ്. അതിനു കെട്ടു കഥയോടാണു സാദൃശ്യം. യഥാർത്ഥജീവിതവും സാമൂഹികസാഹചര്യങ്ങളും ചരിത്രസന്ദർഭങ്ങളുമൊന്നും അതിലില്ല. അതുകൊണ്ടു തന്നെ അതിനെ നോവലായി പരിഗണിക്കേണ്ട കാര്യം തന്നെയില്ല. 'കുന്ദലത' യ്ക്കും മുമ്പ് ഉണ്ടായ 'ഘാതകവധം' (1877), 'പുല്ലേലിക്കുഞ്ചു' (1882) തുടങ്ങിയ കൃതികളെയും ചിലർ നോവലാണെന്നു വിളിക്കാറുണ്ട്. ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള ആശയങ്ങൾ അവതരിപ്പിച്ച ആ രചനകളെയും നോവലായി ഇന്ന് ആരും പരിഗണിക്കുന്നില്ല.

ഒരു സംശയവും വേണ്ട. ഒ ചന്തുമേനോന്റെ 'ഇന്ദുലേഖ' യാണ് മലയാളത്തിലെ ഒന്നാമത്തെ നോവൽ. മാത്രമല്ല, മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ളവയിലെ ഏറ്റവും മഹത്തായ നോവലുകളിലൊന്നും. 1889-ൽ ആണ് 'ഇന്ദുലേഖ' പ്രസിദ്ധീകരിച്ചത്. കൃത്യമായിപ്പറഞ്ഞാൽ 1889 ഡിസംബറിൽ. പെട്ടെന്നു തന്നെ പുസ്തകം വിറ്റു തീർന്നു.

ആറുമാസത്തിനുള്ളിൽ, 1890 മേയ്മാസത്തിൽ ചില തിരുത്തലുകളോടെ 'ഇന്ദുലേഖ'യുടെ രണ്ടാം പതിപ്പും ചന്തുമേനോൻ പ്രസിദ്ധീകരിച്ചു. മറ്റൊരു പതിപ്പു പ്രസിദ്ധീകരിക്കും മുമ്പേ 1899 സെപ്റ്റംബർ ഏഴിന് ചന്തുമേനോൻ അന്തരിച്ചു. രണ്ടാമത്തെ നോവലായ 'ശാരദ' യുടെ ഒന്നാം ഭാഗം 1892 ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന് അതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 'ഒന്നര നോവൽ' മാത്രമാണ് ചന്തുമേനോൻ എഴുതിയതെങ്കിലും മലയാളത്തിലെ ഏറ്റവും ഉന്നതരായ നോവലിസ്റ്റുകളിലൊരാളായി അദ്ദേഹം ആദരിക്കപ്പെടുന്നു. ഇന്ത്യൻഭാഷകളിലെ നോവലിന്റെ ചരിത്രത്തിലും അതേ അദ്വിതീയസ്ഥാനമുണ്ട് ചന്തുമേനോന്.

'ഇന്ദുലേഖ' വായിക്കാതെ മലയാളിയുടെ ജീവിതം

**'ഇന്ദുലേഖ' വായിക്കാതെ മലയാളിയുടെ ജീവിതം പൂർണമാകില്ല. കാരണം മറ്റൊന്നുമല്ല, മലയാളി വിദ്യാഭ്യാസത്തിലൂടെ ആധുനികലോകത്തേക്കും ജീവിത്തിലേക്കും ഉണർന്നതിന്റെ കഥയാണ് ചന്തുമേനോൻ പറഞ്ഞത്. ബ്രിട്ടീഷ് കോളനി ഭരണം, രാഷ്ട്രീയം, ശാസ്ത്രസാങ്കേതികവികാസം, സാമ്പത്തികരംഗം, ഇംഗ്ലീഷ്‌വിദ്യാഭ്യാസം, സ്ത്രീകളുടെ സ്ഥിതി, യുവതലമുറയുടെ അഭിലാഷങ്ങൾ തുടങ്ങിയവയെല്ലാം ഇന്ദുലേഖയിൽ വായിക്കാം.**

പൂർണമാകില്ല. കാരണം മറ്റൊന്നുമല്ല, മലയാളി വിദ്യാഭ്യാസത്തിലൂടെ ആധുനികലോകത്തേക്കും ജീവിത്തിലേക്കും ഉണർന്നതിന്റെ കഥയാണ് ചന്തുമേനോൻ പറഞ്ഞത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലെ ജീവിതം ബ്രിട്ടീഷ് കോളനി ഭരണം, രാഷ്ട്രീയം, ശാസ്ത്രസാങ്കേതികവികാസങ്ങൾ, സാമ്പത്തികരംഗം, ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീകളുടെ സ്ഥിതി, യുവതലമുറയുടെ അഭിലാഷങ്ങൾ തുടങ്ങിയവയെല്ലാം ഇന്ദുലേഖയിൽ വായിക്കാം. 'വീട്ടിൽ സംസാരിക്കുന്ന മലയാളം' എന്നു പേരിട്ട ലളിതമലയാളത്തിലാണ് ചന്തുമേനോൻ എഴുതിയത്. ഇന്ദുലേഖയിലെ കഥാപാത്രങ്ങൾ കെട്ടുകഥയിലുള്ളവരാണെന്നു തോന്നുകയില്ല. ജീവിതത്തിൽ നിന്നുള്ള മാതൃകകളാണവർ.

1885-86 കാലത്താണ് ഇന്ദുലേഖയിലെ കഥ നടക്കുന്നത്. കോഴിക്കോടിനും പരപ്പനങ്ങാടിക്കുമിടയിലെ ഒരിടത്താണ് സ്ഥലമെന്നും കഥയിലെ സൂചനകളിൽ നിന്ന് ഊഹിക്കാം. ചമ്പാഴിയോട്ടു പൂവള്ളി എന്ന സമ്പന്നമായ ജന്മികുടുംബത്തിലെ കാരണവരാണ് പഞ്ചുമേനവൻ. മുൻകോപിയെങ്കിലും ഉള്ളുകൊണ്ടു പാവമാണ് എഴുപതുകാരനായ പഞ്ചുമേനവൻ. അദ്ദേഹത്തിന്റെ മകൾ ലക്ഷ്മിക്കുട്ടിയമ്മയുടെ മകളാണ് ഇന്ദുലേഖ. പതിനെട്ടു വയസ്സായ ഇന്ദുലേഖ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയിട്ടുണ്ട്. പുസ്തകം വായിക്കുന്ന അവൾ പുരോഗമനാശയങ്ങളുടെ ഉടമസ്ഥയുമാണ്.

പഞ്ചുമേനവന്റെ അനന്തരവൾ പാർവതിയമ്മയുടെ മകനാണ് മാധവൻ. മദ്രാസിൽ നിന്ന് ബി എ ബിരുദം നേടിയ മാധവൻ ഇപ്പോൾ അവിടെ ബി എൽ എന്ന നിയമബിരുദത്തിനു പഠിക്കുകയാണ്. എന്നേ നിശ്ചയിച്ചു കഴിഞ്ഞതാണ് ഇന്ദുലേഖയും മാധവനും തമ്മിലുള്ള വിവാഹം. പക്ഷേ, പെട്ടെന്ന് ഒരു ദിവസം എല്ലാം കലങ്ങിമറിഞ്ഞു.

പഞ്ചുമേനവന്റെ

അമ്മൂമ്മയുടെ സഹോദരിയുടെ സന്തതിപരമ്പയിൽപ്പെട്ട കുമ്മിണിയമ്മയും പൂവള്ളിത്തറവാട്ടിലാണു താമസം. സഹോദരി തന്നെയായ കുമ്മിണിയുടെ മക്കൾക്ക് പഞ്ചുമേനവൻ വിദ്യാഭ്യാസം നൽകിയിട്ടില്ല. കൃഷി നോക്കിനടത്തലാണ് അവരുടെ ജോലി.

കാരണവരുടെ ഈ പന്തിഭേദം ഇഷ്ടപ്പെടാത്ത മാധവൻ കുമ്മിണിയുടെ ഇളയ മകൻ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കാൻ മദ്രാസിലേക്കു കൊണ്ടുപോയി. കോപാകുലനായ പഞ്ചുമേനവൻ മാധവനുള്ള സാമ്പത്തികസഹായം നിർത്തിവച്ചു. ഇന്ദുലേഖയെ മാധവനു കല്യാണം കഴിച്ചുകൊടുക്കില്ലെന്നും പ്രഖ്യാപിച്ചു. മാത്രമല്ല ഇന്ദുലേഖയെ സൂര്യനമ്പൂതിരിപ്പാട് എന്ന മഹാധനികനായ വൃദ്ധനു വിവാഹം കഴിച്ചുകൊടുക്കാനുള്ള ആലോചനയും തുടങ്ങി. ആ കൂട്ടുകുടുംബത്തിൽ ആകെ അസ്വസ്ഥത പടർന്നു.

മരുമക്കത്തായത്തിന്റെയും കൂട്ടുകുടുംബത്തിന്റെയും കാലമായിരുന്നു അത്. കുടുംബത്തിലെ മൂത്ത പുരുഷൻ സർവാധികാരങ്ങളുമുള്ള കാരണവരായി വാഴുന്ന സമ്പ്രദായമാണ് കൂട്ടുകുടുംബം. അവിടത്തെ സ്ത്രീകളെ വിവാഹം ചെയ്ത് ഭർത്താവിന്റെ വീട്ടിലേക്കയക്കില്ല. ഭർത്താക്കന്മാർ ഭാര്യയുടെ വീട്ടിൽ വന്നു താമസിക്കും. തന്റെ സഹോദരിമാരുടെ (സ്വന്തം അമ്മവഴിക്കും അമ്മയുടെ സഹോദരിമാർ വഴിക്കുമുള്ള) കുട്ടികളെയെല്ലാം അമ്മാവനായ കാരണവർ സംരക്ഷിക്കും. അച്ഛനെക്കാൾ അമ്മാവന് അധികാരമുള്ള ഈ സമ്പ്രദായമാണ് മരുമക്കത്തായം. മരുമക്കൾ (സഹോദരീസന്താനങ്ങൾ) വഴി സ്വത്തവകാശം തുടർന്നുപോകുന്ന മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥയിൽ സ്വത്ത് വീതംവച്ച് കുടുംബങ്ങൾ പിരിഞ്ഞുപോകുന്ന സ്ഥിതിയില്ല. കാരണവരാണ് അവിടത്തെ ദൈവം. കാരണവരുടെ ഔദാര്യമില്ലെങ്കിൽ ആർക്കും ജീവിക്കാനാവില്ല.




കാരണവരുടെ ഇഷ്ടത്തിനെതിരെ നീങ്ങിയതാണ് മാധവനെ കുഴപ്പത്തിലാക്കിയത്. അച്ഛൻ ഗോവിന്ദപ്പണിക്കർ ധനികനായിരുന്നതുകൊണ്ട് മാധവന് മദ്രാസിലെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ബുദ്ധിമിട്ടുണ്ടായില്ല. വിവാഹം കഴിക്കാനെത്തിയ വിഡ്ഢിപ്പണക്കാരനായ സൂരിനമ്പൂരിയെ ഇന്ദുലേഖ പരിഹസിച്ചു പറഞ്ഞയച്ചു. കുമ്മിണിയുടെ നിരക്ഷരയായ മകൾ കല്യാണിക്കുട്ടിയെ സംബന്ധം (പഴയ ഒരു വിവാഹരീതി) കഴിച്ച് അയാൾ മടങ്ങിപ്പോയി. പക്ഷേ, ഇന്ദുലേഖയെ സൂരിനമ്പൂരിപ്പാട് വിവാഹം കഴിച്ചു എന്നുള്ള കഥയാണ് നാട്ടിൽ പ്രചരിച്ചത്.

മദ്രാസിലെ പഠനം പൂർത്തിയാക്കി നാട്ടിൽ തീവണ്ടിയിറങ്ങിയ മാധവൻ ഈ കള്ളക്കഥ വിശ്വസിച്ചു. ആകെ തകർന്നുപോയ അയാൾ ഒരു രാജ്യസഞ്ചാരത്തിനു പുറപ്പെട്ടു, ഒരുതരം നാടുവിടൽ തന്നെ.

ബ്രിട്ടീഷ് സാമ്രാജ്യത്വഭരണകൂടം ഇന്ത്യ ഭരിക്കുന്ന കാലമാണത്. നാടുവിട്ട മാധവൻ മദ്രാസിലേക്കും അവിടെ നിന്ന് ബോംബെയിലേക്കും (മുംബൈക്ക് ബ്രിട്ടീഷുകാർ നൽകിയ പേര്) അവിടെ നിന്ന് കപ്പലിൽ കൊൽക്കത്തയിലേക്കും പോയി. കൊൽക്കത്തയിൽ മാന്യന്മാരായ ചില ബംഗാളി വ്യവസായികളെ അയാൾ പരിചയപ്പെട്ടു. ഒരുവർഷം മുമ്പുമാത്രം ഉണ്ടായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു യോഗത്തിലും പങ്കെടുത്തു. കൊൽക്കത്തയിൽ നിന്ന് ഡൽഹിയും ലാഹോറും കാണാൻ പുറപ്പെട്ട മാധവനെ തീവണ്ടിയിൽ വച്ച് ഒരു തട്ടിപ്പുകാരൻ കൊള്ളയടിച്ചു. ഈ സമയത്ത് നാട്ടിൽ ആകെ പരിഭ്രമമായി. മാധവനെ അന്വേഷിച്ച് അച്ഛൻ ഗോവിന്ദപ്പണിക്കരും പഞ്ചുമേനവന്റെ മകൻ ഗോവിന്ദൻകുട്ടിമേനോനും ബോംബെയിലെത്തി.

കൊള്ളയടിയിൽ നിന്നും ബംഗാളിവ്യവസായികളുടെ സഹായത്തോടെ രക്ഷപ്പെട്ട മാധവനും അവിടെ എത്തിച്ചേർന്നു. മൂവരും പരസ്പരം കണ്ടതോടെ തെറ്റിദ്ധാരണകൾ അകന്നു. നാട്ടിലേക്കു തിരിക്കുന്നതിന്റെ തലേരാത്രി അവർ നടത്തിയ നീണ്ട ചർച്ച അന്നത്തെ പുതിയ ആശയങ്ങളുടെയും സങ്കല്പങ്ങളുടെയും ആവിഷ്കാരമായിരുന്നു.

മാധവന്റെ നാടുവിടലോടെ ദുഃഖിതനായിരുന്ന പഞ്ചുമേനവൻ ഇന്ദുലേഖാമാധവന്മാരുടെ വിവാഹത്തിനു സന്തോഷത്തോടെ സമ്മതിച്ചു. അവരുടെ വിവാഹം കഴിഞ്ഞപ്പോൾ ത്തന്നെ മാധവന് ബ്രിട്ടീഷിന്ത്യാ സിവിൽ സർവീസിൽ ജോലികിട്ടി. മാധവൻ തന്റെ അച്ഛനമ്മമാർക്കും ഇന്ദുലേഖയ്ക്കുമൊപ്പം മദ്രാസിലേക്കു പോവുകയും ചെയ്തു. ഇന്ദുലേഖാമാധവന്മാർക്ക് ഒരു മകനും മകളും ഉണ്ടായ വിവരം കൂടി പറഞ്ഞു കൊണ്ടാണ് ചന്തുമേനോൻ നോവലിലെ കഥ അവസാനിപ്പിക്കുന്നത്. കുറച്ചുകൂടി സൂക്ഷ്മമായിപ്പറഞ്ഞാൽ സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകി അവരെ സ്വതന്ത്രരാക്കേണ്ടതുണ്ടെന്ന് ആഹ്വാനം ചെയ്തു കൊണ്ടാണ് അദ്ദേഹം നോവൽ അവസാനിപ്പിച്ചത്.

ഇന്ദുലേഖയുടെ മഹത്ത്വത്തിനു പല കാരണങ്ങളുണ്ട്. ആളുകളെ രസിപ്പിക്കാൻ അത്ഭുതവും അവിശ്വസനീയതയും നിറഞ്ഞ ഒരു കഥ പറയുകയായിരുന്നില്ല ചന്തുമേനോൻ. അന്നത്തെ ജീവിതത്തിന്റെ യഥാതഥമായ ചിത്രം വിമർശനാത്മകമായി അദ്ദേഹം അവതരിപ്പിച്ചു. വിദ്യാഭ്യാസത്തിന്റെ വിശേഷിച്ചും ഇംഗ്ലീഷിലൂടെയുള്ള ആധുനികവിജ്ഞാനം ആർജിക്കലിന്റെ ആവശ്യവും സ്ത്രീകൾക്ക് പുരുഷനു തുല്യമായ സ്വാതന്ത്ര്യം ഉണ്ടാകേണ്ടതിന്റെ ആവശ്യവും ചന്തുമേനോൻ ഉറക്കെ പ്രഖ്യാപിച്ചു. ഇംഗ്ലീഷ്‌വിദ്യാഭ്യാസം നേടിയ ഇന്ദുലേഖ സ്ത്രീസ്വാതന്ത്ര്യത്തിന്റെ വക്താവാണ്. എന്നാൽ പാരമ്പര്യമൂല്യങ്ങൾ നഷ്ടപ്പെടുത്തി പാശ്ചാത്യരീതികൾക്കു പിന്നാലേ പോകുന്നുമില്ല. അറിവിലൂടെ സ്വതന്ത്രയായി സമൂഹത്തെ മുന്നോട്ടുനയിക്കുന്ന സ്ത്രീയാണ് ഇന്ദുലേഖ. വ്യക്തികൾക്ക് സ്വാതന്ത്ര്യവും വിദ്യാഭ്യാസവും അനിവാര്യമാണെന്ന സന്ദേശവും ഇന്ദുലേഖ ഉയർത്തി. കഥാവതരണത്തിലും തീർത്തും നവീനമായ രീതി ചന്തുമേനോൻ സ്വീകരിച്ചു. നോവൽ എന്ന ആധുനിക സാഹിത്യരൂപത്തിന്റെ എല്ലാ സവിശേഷതകളും 'ഇന്ദുലേഖ'യിൽ ചന്തുമേനോൻ സന്നിവേശിപ്പിച്ചു. ആദ്യത്തെ മലയാള നോവൽ മാത്രമല്ല, ഏറ്റവും മികച്ച മലയാളനോവലുകളിൽ ഒന്നായും 'ഇന്ദുലേഖ' മാറുന്നത് അങ്ങനെയാണ്.



## തളിര് മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.

തളിര് മാസികയിലേക്ക് കുട്ടികൾക്കുതകുന്ന രചനകൾ ക്ഷണിക്കുന്നു. പത്തിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികളെ ലക്ഷ്യം വയ്ക്കുന്ന രചനകളാണ് വേണ്ടത്. പുതുമയുള്ളതും ആധുനികവുമായ അവതരണരീതിയിലുള്ളവയാകണം രചനകൾ. കഥ, കവിത, ലേഖനം, ഫോട്ടോഫീച്ചർ തുടങ്ങി ഏതു തരം രചനകളും ആകാം. തപാലിലോ thaliru@ksicl.org എന്ന വിലാസത്തിൽ ഇ മെയിലിലോ രചനകൾ അയയ്ക്കാം. അയക്കുന്നയാളിന്റെ പൂർണമേൽവിലാസവും ഫോൺനമ്പറും രചനയ്ക്കൊപ്പം ഉണ്ടായിരിക്കണം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയക്കുന്നതല്ല.

എഡിറ്റർ

# മാലിയും കുട്ടികളും

## ബി സി ഖാദർ

മൃഗങ്ങൾ മാത്രമുള്ള സർക്കസോ? ഒരൊറ്റ മനുഷ്യൻ ഇല്ലാത്ത സർക്കസോ? ഇതെന്തു സർക്കസ്സാണ്? ഈ ചോദ്യങ്ങൾ കൈമാറുകയാണ് ജനങ്ങൾ. ആരും ഉത്തരം പറയുന്നില്ല. ആർക്കും ഉത്തരം അറിഞ്ഞുകൂടാ.

''ചെറിയൊരു കൂടാരം ഉയർന്നിട്ടുണ്ട്. മൃഗങ്ങൾ തന്നെ കെട്ടിയതാണ്. എന്തെല്ലാമാണ് അതിനകത്തെ വിശേഷങ്ങൾ. അതറിയാൻ കുട്ടികൾക്ക് ആഗ്രഹമുണ്ടായി. ഒളിച്ചുനോക്കിയാലോ? വേണ്ട, മൃഗങ്ങളല്ലേ കണ്ടുപിടിച്ചാൽ കുഴപ്പമാകും...''

മൃഗങ്ങൾ സ്വയം സംഘടിപ്പിക്കുന്ന സർക്കസ്സിന്റെ കഥ പറയുകയാണ് കുട്ടികളുടെ പ്രിയപ്പെട്ട എഴുത്തുകാരൻ മാലി. എക്കാലത്തെയും മലയാളിബാല്യത്തിനു പ്രിയങ്കരനാണീ എഴുത്തുകാരൻ. കാരണം നമ്മുടെ പഴയ 'ബാലസാഹിത്യ'ത്തെ കുട്ടികളുടെ സാഹിത്യമാക്കി മാറ്റിയെടുക്കുന്നതിനു ജീവിതം സമർപ്പിച്ച ഒരെഴുത്തുകാരനാണ് മാധവൻ നായർ എന്ന മാലി. മറ്റൊരാൾ സമകാലികനായിരുന്ന പി. നരേന്ദ്രനാഥ്.

1915 ഡിസംബർ 6 ന് തിരുവനന്തപുരത്തു ജനിച്ച മാലിയുടെ ജന്മശതാബ്ദി വർഷമാണിത്. മാലിക്കു മുമ്പ് ലബ്ധപ്രതിഷ്ഠരായ ഒട്ടേറെ എഴുത്തുകാർ കുട്ടികൾക്കായി നല്ല നല്ല രചനകൾ നിർവഹിച്ചിട്ടുണ്ട്. കാരൂരിന്റെ ബാലകഥകൾ, ഉറൂബിന്റെ കുട്ടിക്കഥകൾ തുടങ്ങി ഒട്ടേറെ ഉദാഹരണങ്ങൾ എടുത്തു കാണിക്കാൻ കഴിയും. എന്നാൽ കുട്ടികൾക്കായി മാത്രം എഴുതുക എന്നത് മാലിയിൽ നിന്നും തുടങ്ങുന്നു. 1964ൽ പുറത്തിറങ്ങിയ 'മാലിരാമായണ'മാണ് കുട്ടികൾക്ക് മാലിയെ പ്രിയങ്കരനാക്കിയ രചന.

മാലിരാമായണവും മാലിഭാരതവുമൊക്കെ മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ വായിച്ചു വളർന്ന ഒരു ബാല്യം ഉണ്ടായിരുന്നെന്നു വിശ്വസിക്കുക കൂട്ടുകാർക്ക് പ്രയാസകരമാവും.



വര: സചീന്ദ്രൻ കാറഡ്ക്ക

മുതിർന്നവർ കാണാതെ, ഒരൊറ്റയിരുപ്പിലുള്ള ആ വായനയുടെ വിഷമതകളൊന്നും ഇന്നത്തെ കുട്ടികൾക്കില്ല. നിങ്ങൾ ഭാഗ്യംചെയ്തവരാണ്. ധാരാളം പുസ്തകങ്ങൾ, വിവരസാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ... എന്നാൽ ഇക്കാലത്തെ കുട്ടികൾക്കും മാലിയുടെ രചനകൾ ഏറെ ഇഷ്ടപ്പെടുന്നുവെന്നതാണു സത്യം. കൊച്ചുകൊച്ചു വാക്യങ്ങൾ ഇണക്കിച്ചേർത്തു ചടുലമായ കഥനപാടവമുപയോഗിച്ച് അദ്ദേഹം കഥ പറയുമ്പോൾ ആരെയാണ് ആകർഷിക്കാതിരിക്കുക. മാലിരാമായണം തുടങ്ങുന്നത് എങ്ങനെയാണെന്ന് നോക്കുക.

'കൈകസി എന്നൊരു രാക്ഷസി. അവൾക്കു നാലുമക്കളും. മൂത്തവൻ രാവണൻ, അവന് തല ഒന്നല്ല പത്തുണ്ട്. കൈകൾ രണ്ടല്ല ഇരുപതും. രണ്ടാമൻ കുംഭകർണൻ. കുടംപോലൊത്തെ ചെവികളുണ്ട് അവന്. മൂന്നാമത് പെൺകുട്ടി. മുറംപോലൊത്ത നഖങ്ങളുണ്ട് അവൾക്ക്. പേര് ശൂർപ്പണഖ. ഈ മൂന്നുപേരെയും കണ്ടാൽ ആരും ഭയന്നുപോകും.'

ബാലസാഹിത്യത്തിനു പുതിയൊരു പരിമളം പകർന്ന കൃതിയാണു മാലിരാമായണം. ഒട്ടേറെ രാമായണ പുനരാഖ്യാനങ്ങൾ വായിച്ചു മടുത്ത കുട്ടികളുടെ ഇടയിലേക്കാണ് തികച്ചും പുതുമയാർന്ന ഒരവതരണവുമായി മാലി വരുന്നത്.

മാലിയുടെ രചനകളെ നമുക്ക് പ്രധാനമായും മൂന്നു തരത്തിൽ തിരിക്കാൻ കഴിയുമെന്നു തോന്നുന്നു. ആദ്യത്തേത് പുനരാഖ്യാനങ്ങൾ തന്നെ. മാലിരാമായണവും ഭാരതവും ഭാഗവതവുമാണ് ഈ വിഭാഗത്തിലെ പ്രധാനകൃതികൾ. പുരാണകഥകളിലും ഇതിഹാസങ്ങളിലും വിളങ്ങിനിൽക്കുന്ന കഥാപാത്രങ്ങൾക്കും കഥാസന്ദർഭങ്ങൾക്കും നിറം പകർന്ന് രചിച്ച പുരാണകഥാമാലിക ഇത്തരത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട കൃതിയാണ്. മുന്നൂറിലധികം കൊച്ചുകഥകളുണ്ട് ഈ പുസ്തകത്തിൽ.

മാലിയുടെ ജന്തുകഥകളാണ് അടുത്തവിഭാഗം. ജന്തുസ്ഥാൻ, ഉണ്ണികൾക്ക് ജന്തുകഥകൾ, മണ്ടക്കഴുത, ആനയും കുഴിയും തുടങ്ങി ഒട്ടേറെ രചനകൾ. ഒരുവേള മനുഷ്യകഥകളെക്കാൾ

**ബാലസാഹിത്യത്തിനു പുതിയൊരു പരിമളം പകർന്ന കൃതിയാണു മാലിരാമായണം. ഒട്ടേറെ രാമായണ പുനരാഖ്യാനങ്ങൾ വായിച്ചു മടുത്ത കുട്ടികളുടെ ഇടയിലേക്കാണ് തികച്ചും പുതുമയാർന്ന ഒരവതരണവുമായി മാലി വരുന്നത്.**

കുട്ടികൾ കേൾക്കാനിഷ്ടപ്പെടുന്നത് ജന്തുകഥകളാണെന്നു മാലിക്കറിയാമായിരുന്നു.

മൗലികമായ സ്വതന്ത്ര രചനകളാണ് മൂന്നാമത്തെ വിഭാഗത്തിലുള്ളത്. പോരാട്ടം, സർക്കസ്സ് തുടങ്ങിയ ബാലനോവലുകൾ ഈ വിഭാഗത്തിലുൾപ്പെടുന്നു. അതോടൊപ്പം തന്നെ സർവജിത്ത് എന്ന സാഹസികകഥാപാത്രത്തെ കേന്ദ്രമാക്കി രചിച്ച സർവജിത്തും കള്ളക്കടത്തും, സർവജിത്തിന്റെ സമുദ്രസഞ്ചാരം, സർവജിത്ത് ഹിമാലയത്തിൽ എന്നീ കൃതികളും ശ്രദ്ധേയമാണ്.

കുട്ടികൾക്കുവേണ്ടിമാത്രം ജീവിച്ച ഈ എഴുത്തുകാരന്റെ ജന്മശതാബ്ദി വെറുതെയങ്ങു കടന്നു പോകുന്നത് ഉചിതമാണോ? സാഹിത്യരംഗത്ത് സജീവമായിരുന്നപ്പോൾപോലും വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോയ മാലിയോട് നമുക്കെങ്ങനെയാണ് കൃതജ്ഞതയോടെ പെരുമാറാൻ കഴിയുക? ഓരോ സ്കൂളിലും മാലി ജന്മശതാബ്ദിയോടനുബന്ധിച്ച് ചില കൊച്ചുപരിപാടികളെങ്കിലും നടത്താൻ നമുക്കു കഴിയണം. മുതിർന്നവർ മാലിയെ മറക്കട്ടെ. പക്ഷേ കുട്ടികൾക്കെങ്ങനെ അദ്ദേഹത്തെ മറക്കാനാവും. മാലിയുടെ ജന്മശതാബ്ദിക്ക് ഒരു പ്രത്യേക സ്കൂൾ അസംബ്ലി ചേരാം. അധ്യാപകരുടെ സഹായത്തോടെ മാലിയുടെ പുസ്തകങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തണം.

മാലി കൃതികളുടെ ഒരു പ്രദർശനമാകാം. മാലിയും ബാലസാഹിത്യവും എന്ന വിഷയത്തിൽ ചർച്ചയാവാം. മാലിയുടെ 'പോരാട്ടം' തുടങ്ങിയ രചനകളെ ചിത്രകഥാരൂപത്തിലാക്കാം.

മാലി ഒരു കഥയെഴുത്തുകാരനല്ല. കഥപറച്ചിലുകാരനാണെന്ന് പറയുന്നവരുണ്ട്. കാരണം വാത്സല്യനിധിയായ ഒരു മുത്തശ്ശന്റെ ഭാവമാണ് അദ്ദേഹത്തിന്. അദ്ദേഹത്തിന്റെ കൃതികൾ മലയാളമുള്ള കാലത്തോളം വായിക്കപ്പെടും.

# മഹാഭാരതം

സുഗതകുമാരി

പാണ്ഡവന്മാർ കുറച്ചകലെ വസിക്കുന്നുണ്ടെന്നറിഞ്ഞ രാജഭൃത്യന്മാർ അവരെ അന്വേഷിച്ചു കണ്ടെത്തി, ഓടിച്ചെന്നു യുധിഷ്ഠിരന്റെ കാൽക്കൽവീണു പൊട്ടിക്കരഞ്ഞു. ദുര്യോധനരാജാവിനെയും സഹോദരന്മാരെയും പത്നിമാരെയുമെല്ലാം ഗന്ധർവന്മാർ കെട്ടിവലിച്ചു കൊണ്ടുപോയെന്ന് അവർ കരഞ്ഞുപറഞ്ഞ് ശരണമർഥിച്ചു. 'രക്ഷിക്കണേ...' എന്നു തൊഴുതുകേഴുന്ന അവരോട് കരുണാശാലിയായ ധർമപുത്രർ രക്ഷിക്കാം എന്നു പറഞ്ഞ് ആശ്വസിപ്പിച്ചുവെങ്കിലും കഥകേട്ട ഭീമസേനൻ ഉറക്കെ പൊട്ടിച്ചിരിച്ചു കൈയടിച്ചു. 'ഹാ ഹാ! എന്തുരസകരം!' ബന്ധുക്കളാണ് കൗരവർ, കൗരവസ്ത്രീകളെയാണ് ഗന്ധർവന്മാർ തൊട്ടത്. നമ്മുടെ സഹോദരന്മാരെയാണ് അവർ പിടിച്ചുകെട്ടിയിട്ടിരിക്കുന്നത്. വീരന്മാരേ, ചെല്ലുവിൻ, അവരെ മോചിപ്പിക്കുവിൻ, ഞാനിതാ യാഗം ചെയ്യുകയാകയാൽ ആയുധമേന്തി പോരാടാൻ പാടില്ല. നിങ്ങൾ ചെല്ലുവിൻ, അവരെ വേഗം രക്ഷിക്കുവിൻ. ഗന്ധർവന്മാരോട് ആദ്യം നല്ലവാക്കു പറഞ്ഞുനോക്കുക, അല്ലാത്തപക്ഷം അവരോട് മൃദുവായിമാത്രം യുദ്ധം ചെയ്യുക. ഒരു മാർഗവുമില്ലെങ്കിൽ മാത്രം കഠിനയുദ്ധം ചെയ്ത് സഹോദരന്മാരെ മോചിപ്പിക്കുവിൻ.'

'ആജ്ഞപോലെ' എന്ന് അർജുനൻ

46

## ഘോഷയാത്ര (തുടർച്ച)

അർജുനനും അനുജന്മാരും പുഞ്ചിരിക്കൊണ്ടുവെങ്കിലും ആശങ്കയോടെ ജ്യേഷ്ഠന്റെ മുഖത്തുനോക്കി. ഭീമൻ രസംപിടിച്ച് ഇങ്ങനെ പറഞ്ഞു. 'ഹാ ഹാ! ആ ദുഷ്ടന്മാർ നമ്മെ വനവാസികളുടെ വേഷത്തിൽ കണ്ട് പരിഹസിക്കാൻ വന്നതാണ്! നിശ്ചയം. ഭാഗ്യം ഭാഗ്യം! വൻപട കൂട്ടി നാം ചെയ്യേണ്ട ഉഗ്രകർമങ്ങൾ ഗന്ധർവന്മാർ തന്നെ നേരത്തേ ചെയ്തുതന്നിരിക്കുന്നു! നമ്മുടെ ഭാരം താങ്ങാൻ അവർ വന്നിരിക്കുന്നു! ആ പാപികൾക്ക് ഇതുതന്നെ സംഭവിക്കണം! കൈകൊട്ടിച്ചിരിക്കുന്ന ഭീമനെ നോക്കി അരുതെന്നു വിലക്കിക്കൊണ്ട് ധർമപുത്രർ പറഞ്ഞു. 'അനുജാ, പരുഷം പറയേണ്ട കാലമല്ലിത്. ശരണം യാചിച്ച് ഇതാ കൗരവന്മാർ നമ്മുടെ മുന്നിൽ വന്നു കൈകൂപ്പുമ്പോൾ അതു നൽകേണ്ടതത്രേ നമ്മുടെ ധർമം. രക്ഷിക്കേണമേയെന്ന് പ്രാർഥിക്കുന്നവനെ രക്ഷിക്കുകയെന്നതാണു കുലധർമമെന്നു മറക്കരുത്. നമ്മുടെ ജ്യേഷ്ഠനെ തൊഴുത് ആയുധമെടുത്ത് പോകാനിറങ്ങിയപ്പോഴേക്ക് ഭീമനും നകുലസഹദേവന്മാരും ആയുധപാണികളായി ഒപ്പമിറങ്ങിക്കഴിഞ്ഞു. കൗരവന്മാരുടെ സുവർണരഥങ്ങളിലേറി കുതിച്ചുവരുന്ന പടച്ചട്ടയണിഞ്ഞ വിശിഷ്ടായുധങ്ങൾ കൈയിലേന്തിയ ദേവതുല്യരായ ആ നാൽവരെക്കണ്ട് ഗന്ധർവന്മാർ അദ്ഭുതത്തോടെ നോക്കിനിന്നു. ഓടിപ്പോയ കൗരവസൈന്യം വീണ്ടും ഒത്തുകൂടി ഗന്ധർവന്മാരുമായി പോരു തുടങ്ങി. അർജുനൻ പടനടുവിലേക്കുചെന്ന് ഗംഭീരസ്വരത്തിൽ ഇങ്ങനെ വിളിച്ചുപറഞ്ഞു. 'ഞാൻ അർജുനൻ, മധ്യമപാണ്ഡവൻ. നിങ്ങൾ ബന്ദിയാക്കിയിരിക്കുന്ന എന്റെ സഹോദരനായ ദുര്യോധനമഹാരാജാവിനെ വിട്ടുതരുവിൻ.'

യശസ്വിയായ പാണ്ഡവന്റെ വാക്കുകേട്ട് ഗന്ധർവന്മാർ ചിരിച്ചുകൊണ്ടു പറഞ്ഞു. 'ഉണ്ണീ, ഞങ്ങൾ നിന്റെ കല്പന കേൾക്കുന്നവരല്ല. ഞങ്ങൾ ദേവരാജന്റെ കല്പന അനു

**അർജുനൻ വില്ലുകുലച്ച് അമ്പുകൾ വർഷിക്കാൻ തുടങ്ങി. അർജുനാസ്ത്രങ്ങൾ ഏറ്റ് ഗന്ധർവസൈന്യം കൂട്ടത്തോടെ വീണുതുടങ്ങി. അതുകണ്ട് ചിത്രസേനൻ ഗദയുമേന്തി പാണ്ഡവരോടേറ്റു. ആയുധവർഷം കൊണ്ട് ആകാശം മറഞ്ഞു.**

സരിക്കുന്നവരാണ്!'

'ഇതു ശരിയല്ല. ഗന്ധർവരാജൻ മനുഷ്യരോട് ഇടപെടുന്നതും പരദാരങ്ങളെ തൊടുന്നതും തെറ്റാണ്. അവരെയെല്ലാം വിട്ടുതരാത്തപക്ഷം നമുക്ക് യുദ്ധം തുടങ്ങാം.' എന്നുപറഞ്ഞ് അർജ്ജുനൻ വില്ലുകുലച്ച് അമ്പുകൾ വർഷിക്കാൻ തുടങ്ങി. അർജ്ജുനാസ്ത്രങ്ങൾ ഏറ്റ് ഗന്ധർവസൈന്യം കൂട്ടത്തോടെ വീണുതുടങ്ങി. അതുകണ്ട ചിത്രസേനൻ ഗദയുമേന്തി പാണ്ഡവരോടേറ്റു. ആയുധവർഷം കൊണ്ട് ആകാശം മറഞ്ഞു. പാർത്ഥന്റെ ആഗ്നേയാസ്ത്രമേറ്റ് പൊള്ളിപ്പിടഞ്ഞ ഗന്ധർവന്മാർ ആകാശത്തേക്കുയർന്നപ്പോൾ അവിടെയും അമ്പുകൾ നിരത്തി ആകാശഗമനം തടഞ്ഞു. ചിത്രസേനൻ മായായുദ്ധം ആരംഭിച്ചു. മറഞ്ഞുനിന്നു പോരുചെയ്യുന്ന ഗന്ധർവരാജനെ ദിവ്യാസ്ത്രങ്ങളയച്ചു പാർത്ഥൻ വിവശനാക്കി. ബാണം പ്രയോഗിച്ചു മായ ഒഴിച്ച് അമ്പുതൂകുന്ന അർജ്ജുനന്റെ മുന്നിൽ സ്വന്തംരൂപത്തിൽ വെളിപ്പെട്ട് ഗന്ധർവരാജൻ പറഞ്ഞു. 'അർജ്ജുനാ, മതിയാക്കൂ യുദ്ധം. ഇതു ഞാനാണ് ചിത്രസേനൻ. നിന്റെ മിത്രം. നാം പണ്ടു ഗംഗാനദിയിൽവെച്ചു സന്ധിചെയ്തതു മറന്നുവോ!' ചിരിച്ചുകൊണ്ട് അർജ്ജുനൻ അസ്ത്രം പിൻവലിച്ചു. കൈകൾ നീട്ടി പരസ്പരം ആശ്ലേഷിച്ച് സൗഹൃദം പുതുക്കിയ അവരെ എല്ലാവരും സന്തോഷത്തോടെ നോക്കിനിന്നു.

ചിത്രസേനൻ പറഞ്ഞു. 'വീര, ഞാനീ ചെയ്തത് നിങ്ങൾക്കു വേണ്ടിയാണ്. നിങ്ങളെ അപമാനിക്കാൻ വേണ്ടിയാണ് ഇവൻ അത്യാഡംബരപൂർവം വേഷംകെട്ടി മഹാസൈന്യവുമായി ഇറങ്ങിയത്. നിങ്ങൾക്ക് ഇവരിൽനിന്ന് ആപത്തുവരാതിരിക്കുവാൻ വേണ്ടിയാണ് ഞങ്ങളിവരെ തടഞ്ഞത്. ഇതാ കൊണ്ടുപൊയ്ക്കൊള്ളുവിൻ.' പാണ്ഡവന്മാർ ബന്ധിതരായ കൗരവന്മാരുമൊത്ത് ചിത്രസേനനോടൊപ്പം ധർമപുത്രരുടെ അരികിലേക്കുപോയി, കഥയെല്ലാം കേട്ട ധർമപുത്രർ ഗന്ധർവരാജനെ വണങ്ങി തന്റെ സഹോദരന്മാരെ കൊല്ലാതെവിട്ടതിനു നന്ദി പറഞ്ഞു.

കൈകാലുകൾ കെട്ടി മുന്നിൽകൊണ്ടിട്ടിരിക്കുന്ന ദുര്യോധനനെയും ദുശ്ശാസനനെയും കെട്ടുകളഴിച്ചു മുക്തരാക്കുന്നതിനിടയിൽ യുധിഷ്ഠിരൻ പറഞ്ഞു. 'ഉണ്ണീ, ഈവിധമുള്ള സാഹസങ്ങൾ ഇനി നീ ചെയ്യരുത്. ആപത്തു വിളിച്ചുവരുത്തരുത്. യാതൊരു വിഷമവും ഇതെച്ചൊല്ലി നിനക്കു വേണ്ടാ, മുഖംമങ്ങാതെ സ്വസ്ഥനായി കൊട്ടാരത്തിലേക്കു പോകുക. നിങ്ങൾക്കെല്ലാം സ്വസ്തി നേരുന്നു.'

ലജ്ജിച്ചു തലകുനിച്ച് ദുര്യോധനാദികൾ യുധിഷ്ഠിരനെ വന്ദിച്ച് ഹസ്തിനപുരിയിലേക്കു മടങ്ങി. *(തുടരും)*



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക് രചനകൾ അയയ്ക്കൂ. സമ്മാനങ്ങൾ നേടൂ... നിങ്ങളുടെ കഥകളും കവിതകളും സുഗതകുമാരി ടീച്ചറിന്റെ തിരുത്തലുകളോടെയാണ് പ്രസിദ്ധീകരിക്കുന്നത്.

## മഴ


**അപർണ കെ,**
**ക്ലാസ്സ് 10 ബി, ജി എച്ച് എസ് എസ് മണത്തണ പിഒ,**
**കണ്ണൂർ 670674**






വര: ഗോപു പട്ടിത്തറ

വാനിന്റെ കണ്ണിലെ കൺമഷി
പരന്നെന്നോതിയ കള്ളക്കാറ്റിനെ
കണ്ട്
സൂര്യദേവന്റെ ശാപമേറ്റ മഷിത്തണ്ട്
മെല്ലെ തലയുയർത്തി ചിരിച്ചു.
തന്റെ ചെമ്മൺ പുതപ്പുമാറ്റി പൂതക്കുന്ന്
പച്ചയുടുത്തിരിക്കുന്നു...
മുറ്റത്തെ അരിമുല്ലക്കിടാവിനൊരുമ്മ നൽകി
ചുമരിനോടു പിണങ്ങി നിന്ന മേൽക്കൂരയെ
ശകാരിച്ച്, കണ്ണീരണിയിച്ച്
ചിലമ്പൊലികളാൽ നാടിനെയുണർത്തിയ മഴ.
കാറ്റിന്റെ തോളിലൂയലാടിയും തുള്ളിപ്പത-
ഞ്ഞൊഴുകുന്ന പുഴയിൽ മുങ്ങിനിവർന്നും
എല്ലാം കഴുകി വെടിപ്പാക്കിയ മഴ...
ഇന്ന്, മനുഷ്യന്റെ കരങ്ങളാൽ
വികൃതമാക്കപ്പെടുമ്പൊഴും
അവനാൽ കളങ്കപ്പെടുമ്പൊഴും
പ്രതീക്ഷയുടെ പുതുനാമ്പുകൾക്കു ജന്മം
നൽകി
മഴ..., വീണ്ടും പെയ്തിറങ്ങുന്നു.

# എന്റെ വിദ്യാലയം

**നയൻതാര ബി, ക്ലാസ് 9,**
**ഗവ. ഡി വി എച്ച് എസ് എസ്,**
**വെച്ചൂർ**

ആദ്യാക്ഷരത്തിന്റെ അമൃതംവിളമ്പുന്ന
ആദ്യവിദ്യാലയ നടയിലായ് ഞാൻ
ആയിരം കൂട്ടത്തിൽ അമ്മയോടൊപ്പമായ്
ആ വെളിച്ചത്തിൻ പടിചവിട്ടി.

അമൃതമാം സ്നേഹത്തെ വിദ്യകൊണ്ടോതിയ
ഗുരുവെന്നദൈവത്തെ ഞാനറിഞ്ഞു
ചൊല്ലിത്തരുന്നോരു പാഠങ്ങളൊക്കെയും
ഉള്ളിൽ ഞാൻ ഭംഗിയായ് ചേർത്തുവെച്ചു.

സൗഹൃദം എന്നുള്ള മൂന്നക്ഷരത്തിന്റെ
പൊരുളാണെൻ കൂട്ടുകാരെന്നറിഞ്ഞു
ഒരു തണൽവൃക്ഷമായ് ഇരുളിലും
വെയിലിലും
ചേർത്തണയ്ക്കുന്നെന്റെ വിദ്യാലയം.





# വര

**സുതീർത്ഥ എസ്,**
**ക്ലാസ്സ്: 2 ഇ, ഹോളി ഏഞ്ചൽസ് ഐ എസ് സി,**
**നന്തൻകോട്, തിരുവനന്തപുരം.**



# ഇമോഷണൽ കപ്പ്

അരവിന്ദ്ഗുപ്ത

കടലാസുകപ്പുകൾ കൊണ്ട് വിവിധ ഭാവങ്ങൾ വരുന്ന മുഖങ്ങൾ ഉണ്ടാക്കിയാലോ?



**ആവശ്യമുള്ള സാധനങ്ങൾ**

- പേപ്പർ കപ്പുകൾ
- കത്രിക
- വിവിധ നിറത്തിലുള്ള സ്കെച്ച്പേനകൾ



1 ഒരു കപ്പിന്റെ വശത്ത് മുഖത്തിന്റെ ഔട്ട്ലൈൻ വരയ്ക്കുക. തലമുടിക്കും മറ്റും നിറം കൊടുത്തു ഭംഗിയാക്കാം



2 കണ്ണുകളുടെ ഭാഗവും വായുടെ ഭാഗവും മുറിച്ചു കളയാം. അതേ കപ്പിന്റെ മറുവശത്ത് മറ്റൊരു മുഖവും ഇതേപോലെ വരയ്ക്കാം.



3 മറ്റൊരു കപ്പെടുത്ത് അതിൽ പലപല ഭാവങ്ങളിലുള്ള കണ്ണുകളും വായും വരച്ചുചേർക്കാം. ആദ്യകപ്പിന്റെ വായും കണ്ണും വരുന്ന അതേ സ്ഥാനത്തായിരിക്കണം വരയ്ക്കേണ്ടത്.



4 ഇനി ഭാവങ്ങളുള്ള കപ്പെടുത്ത് ആദ്യകപ്പിന്റെ ഉള്ളിൽ ഉറപ്പിക്കൂ..



5 മുകളിലെ കപ്പിനെ പതിയെ തിരിച്ചുനോക്കൂ. മുഖങ്ങളിൽ വിവിധ ഭാവങ്ങൾ വരുന്നതു കാണാം.





ഈ കളിപ്പാട്ടത്തെ എങ്ങനെ ഭംഗിയാക്കാം? ഇതുപയോഗിച്ച് ക്ലാസിൽ ചെറിയൊരു കഥ അവതരിപ്പിക്കാൻ കഴിയുമോ എന്നു നോക്കൂ..




Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

ഒ ഉപയോഗിച്ച് ബഹു. മന്ത്രി കുഞ്ഞാലിക്കുട്ടി സാഹിബിനെ വരയ്ക്കാം





**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70
Regd KL/TV (N)/399/2015-2017
March 2015
Published on 28-2-2015 Vol:21, Issue:3 ₹15

# സർഗ്ഗവസന്തം 2015

# അവധിക്കാലക്യാമ്പുകൾ

## ഏപ്രിൽ മേയ് മാസങ്ങളിൽ
## 5 മുതൽ 12 ാം ക്ലാസ് വരെയുള്ള
കുട്ടികൾക്കു പങ്കെടുക്കാം



- പരിസ്ഥിതി
- കഥ
- കവിത
- ചിത്രരചന
- ചലച്ചിത്രം
- നാടകം (അഭിനയം)
- മാധ്യമം

http://ksicl.org എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

സംഘാടനം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്